# ഇസ്‌ലാം, ഈമാൻ അടിസ്ഥാന ശിലകൾ

**മുഹമ്മദ്ബ്നു ജമീൽ സൈനു**

<u>വിവർത്തനം</u>

**മുഹമ്മദലി ഇബ്രാഹിം സുല്ലമി**

**MALBARI - 273**

Co-operative office for Call & foreigners Guidance at Sultanah

**The Co-operative office for Call & foreigners Guidance at Sultanah**
Under the supervision of Ministry of Islamic Affairs and
Endowment and Call and Guidance
Tel. 4240077 Fax 4251005 P.O. Box 92675 Riyadh 11663 E-mail: Sultanah22@hotmail.com

# ഇസ്‌ലാം, ഈമാൻ അടിസ്ഥാന ശിലകൾ

**മുഹമ്മദ്ബ്നു ജമീൽ സൈനു**

വിവർത്തനം
മുഹമ്മദലി ഇബ്രാഹിം സുല്ലമി

പ്രസിദ്ധീകരണം
ഇസ്‌ലാമിക് പ്രോപഗേഷൻ സെൻറർ.
സുൽത്താന, റിയാദ്, സ.അറേബ്യ
**Tel.4240077.Fax:4251005. PO.Box:92675 Riyadh 11663.K.S.A.**

ⓒ المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة، ١٤١٦هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

زينو ، محمد جميل

أركان الإسلام والأيمان - الرياض.

٨٢ ص ؛ ١٢ × ١٧ سم

ردمك ٧ - ١٠ - ٨٢٨ - ٩٩٦٠

النص باللغة الميليبارية

١. الإسلام - مبادئ عامة ٢. الأيمان (الإسلام) أ. العنوان

ديوي ٢١١ ١٦/٢٩٢٣

رقم الايداع : ١٦/٢٩٢٣

ردمك: ٧ - ١٠ - ٨٢٨ - ٩٩٦٠


ردمك: ٧ - ١٠ - ٨٢٨ - ٩٩٦٠

# ഇസ്ലാമിന്റെ സ്തംഭങ്ങൾ

## أركان الإسلام

നബി(സ) പറഞ്ഞു:
ഇസ്ലാം അഞ്ചുകാര്യങ്ങളിൽ സ്ഥാപിതമാണ്.

1. അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക.
അഥവാ അല്ലാഹുവല്ലാതെ മറ്റാരും തന്നെ ആരാധനക്ക് അർഹനല്ല. മുഹമ്മദ് (സ) യെ അനുസരിക്കൽ ദൈവിക മതത്തിൽ നിർബന്ധമാണ്.

2. നമസ്കാരം നിലനിറുത്തുക: നമസ്കാരം ഭക്തിയോടെ അതിന്റെ നിർബന്ധവും അനിവാര്യവുമായ കാര്യങ്ങൾ പാലിച്ചുകൊണ്ട് നിർവ്വഹിക്കുക.

3. സകാത്ത് നല്കുക: 87 ഗ്രാം സ്വർണ്ണമോ, അതിന്റെ മൂല്യമുള്ള നാണയങ്ങളോ, കൈവശമുള്ളവൻ വർഷാന്തം രണ്ടര ശതമാനം സകാത്ത് നല്കുക : നാണയേതര വസ്തുക്കൾക്കും നിർണ്ണിതമായ സകാത്തുണ്ട്.

4. ഹജ്ജ് നിർവ്വഹിക്കുക: സാമ്പത്തികമായും മറ്റും യാത്ര ചെയ്യാൻ സൗകര്യമുള്ളവരാണ് അത് നിർവ്വഹിക്കേണ്ടത്.

5. റംസാൻ വ്രതം അനുഷ്ഠിക്കുക : സോദ്ദേശ്യം പ്രഭാതം മുതൽ സൂര്യാസ്തമനം വരെ അന്ന പാനീയങ്ങളും, വ്രതത്തിന് ഭംഗം വരുത്തുന്ന എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുക. (ബുഖാരി, മുസ്ലിം)

## വിശ്വാസ കാര്യങ്ങൾ أركان الإيمان

1. അല്ലാഹുവിൽ വിശ്വസിക്കുക: അല്ലാഹുവിന്റെ ആസ്തിക്യത്തിലും വിശേഷണങ്ങളിലും ആരാധനയിലുമുള്ള അവന്റെ ഏകത്വത്തെ അംഗീകരിക്കുക.

2. മലക്കുകളിൽ വിശ്വസിക്കുക: പ്രകാശംകൊണ്ട് സൃഷ്ടിക്കപ്പെട്ടവരാണ് അവർ. അല്ലാഹുവിന്റെ ആജ്ഞകൾ നടപ്പിലാക്കുകയാണ് അവരുടെ ഉത്തരവാദിത്തം.

3. ദൈവിക ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക: തൗറാത്ത്, ഇഞ്ചീൽ, സബൂർ, ഖുർആൻ എന്നിവയാണ് ദൈവിക ഗ്രന്ഥങ്ങൾ, ഖുർആനാണ് അവയിൽ ഏറ്റവും ശ്രേഷ്ടം.

4. അല്ലാഹുവിന്റെ ദൂതന്മാരിൽ വിശ്വസിക്കുക: നൂഹ് (അ) മാണ് ഒന്നാമത്തെ ദൂതൻ. മുഹമ്മദ്(സ) യാണ് അന്ത്യപ്രവാചകൻ.

5. അന്ത്യനാളിൽ വിശ്വസിക്കുക: കർമ്മങ്ങൾക്ക് അനുസൃതമായി അന്ന് മനുഷ്യർ വിചാരണ ചെയ്യപ്പെടും.

6. നന്മ തിന്മകൾ നിർണ്ണിതമാണെന്ന് വിശ്വസിക്കുക: പ്രവർത്തനങ്ങൾ ചെയ്യുന്നതോടൊപ്പം നന്മ സംഭവിച്ചാലും തിന്മ ബാധിച്ചാലും തൃപ്തിപ്പെടുക. കാരണം അവ അല്ലാഹുവിൻെറ തീരുമാനം അനുസരിച്ചാണ് ഭവിക്കുക.

## ഇസ്ലാം - ഈമാൻ - ഇഹ്സാൻ

ഉമർ (റ) വിൽനിന്ന് നിവേദനം: ഒരിക്കൽ ഞങ്ങൾ നബി(സ) യുടെ സദസ്സിൽ ഇരിക്കുകയായിരുന്നു. ശുഭ്ര വസ്ത്രധാരിയായ കറുത്ത കേശങ്ങളുള്ള ഒരാൾ സദസ്സിലേക്ക് കടന്നുവന്നു. ഞങ്ങൾക്ക് ആർക്കും പരിചിതനല്ലായിരുന്ന അയാളിൽ യാത്രാക്ഷീണം പ്രകടമായിരുന്നില്ല. നബി(സ) യുടെ കാൽമുട്ടുകളിലേക്ക് തൻെറ കാൽമുട്ടുകളെ ചേർത്തുവെച്ചുകൊണ്ട് അയാൾ നബി(സ)ക്ക് അഭിമുഖനായി ഇരുന്നു. അയാൾ തൻെറ കരങ്ങൾ കാൽതുടകളിൽ വെക്കുകയും ചെയ്തു. അയാൾ പറഞ്ഞു. മുഹമ്മദ്, താങ്കൾ ഇസ്ലാമിനെക്കുറിച്ചു എനിക്ക് പറഞ്ഞുതരൂ. നബി (സ) പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനില്ലെന്നും, മുഹമ്മദ് അല്ലാഹുവിൻെറ സന്ദേശവാഹകനാണെന്നും നീ സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, നിർബ്ബന്ധ ദാനം നല്കുക, റംസാനിൽ വ്രതം അനുഷ്ഠിക്കുക, യാത്രാ ശേഷിയുണ്ടെങ്കിൽ കഅബാലയത്തിങ്കലേക്ക് ഹജ്ജ് ചെയ്യുക. ഇതാണ് ഇസ്ലാം. ആഗതൻ പറഞ്ഞു. താങ്കൾ പറഞ്ഞത് ശരി. ചോദിക്കുകയും പിന്നീടയാൾ തന്നെ അത് ശരിയാണെന്ന് പറയുകയും ചെയ്യുന്നതിൽ ഞങ്ങൾ ആശ്ചര്യഭരിതരായി.
അയാൾ പറഞ്ഞു: വിശ്വാസത്തെ (ഈമാനിനെ) സംബന്ധിച്ച് എന്നോട് പറയൂ. നബി(സ) പറഞ്ഞു. അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതരിലും വിശ്വസിക്കുക. നന്മ തിന്മകൾ നിർണ്ണിതമാണെന്നും വിശ്വസിക്കുക. അയാൾ പറഞ്ഞു: താങ്കൾ പറഞ്ഞതു യാഥാർത്ഥ്യം തന്നെ.

ഇഹ്സാൻ എന്താണെന്ന് എന്നോട് പറയൂ. അയാൾ പറഞ്ഞു, അല്ലാഹുവിനെ ആരാധിക്കുക. നീ അവനെ കാണുന്നപോലെ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ടല്ലോ.

അയാൾ പറഞ്ഞു. അന്ത്യനാൾ എന്നാണെന്ന് എന്നോട് പറയൂ, നബി (സ) പറഞ്ഞു. അതിനെ സംബന്ധിച്ച് ചോദ്യകർത്താവിനെക്കാൾ ചോദിക്കപ്പെട്ടവന് കൂടുതലായി ഒന്നും അറിയില്ല.

അയാൾ പറഞ്ഞു: എങ്കിൽ അതിൻെറ അടയാളങ്ങൾ എന്നോട്പറയൂ, നബി (സ) പറഞ്ഞു: അടിമ സ്ത്രീ അവളുടെ യജമാനയെ പ്രസവിക്കും, പാദരക്ഷയണിയാത്ത നഗ്നരും ദരിദ്രരുമായ ആട്ടിടയന്മാർ കെട്ടിട നിർമ്മാണത്തിൽ മത്സരിക്കുന്നത് നീ കാണും.
അനന്തരം ആഗതൻ പോയി. കുറെ കഴിഞ്ഞ് നബി(സ) എന്നോട് ചോദിച്ചു, ഉമർ, ചോദ്യ കർത്താവ് ആരായിരുന്നുവെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവിനും അവൻെറ ദൂതനും അറിയാം. നബി(സ) പറഞ്ഞു: അത്

ജിബ്രീലായിരുന്നു, നിങ്ങൾക്ക് നിങ്ങളുടെ മതം പഠിപ്പിക്കാനായി അദ്ദേഹം വന്നു. (മുസ്‌ലിം).

## لا اله الا الله

## (അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല എന്ന വചനത്തിന്റെ വിവക്ഷ)

അല്ലാഹുവിനു മാത്രം ദിവ്യത്വം അംഗീകരിക്കുന്ന ഈ വചനം മറ്റുള്ളവരുടെ ദിവ്യത്വം നിരാകരിക്കുന്നു.

1. അല്ലാഹു പറയുന്നു: فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ
"അറിയുക, അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല" (47 : 19)

2. നബി(സ) പറയുന്നു:
"നിഷ്ക്കളങ്കനായി 'ലാഇലാഹ ഇല്ലല്ലാഹ്' എന്നു പ്രഖ്യാപിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു." (അൽബസ്സാർ. അൽബാനി ഈ ഹദീസ് അംഗീകരിച്ചിട്ടുണ്ട്). അതിന്റെ ആശയം ഗ്രഹിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക, മറ്റേത് കാര്യത്തെക്കാളും പ്രബോധന രംഗത്ത് ഇതിനു മുൻഗണന നല്കുക. അവനാണ് നിഷ്കളങ്കൻ. (മുഖ്‌ലിസ്). ഈ തൗഹീദിനു വേണ്ടിയാണ് മനുഷ്യരെയും ജിന്നുകളെയും അല്ലാഹു സൃഷ്ടിച്ചത്.

3. മരണാസന്നനായിരുന്ന തന്റെ പിതൃവ്യൻ അബൂത്വാലിബിനോട് നബി (സ) പറഞ്ഞു: പിതൃവ്യരെ "അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല" എന്നു പ്രഖ്യാപിക്കൂ, ആ വചനം മൂലം താങ്കൾക്കായി അല്ലാഹുവിന്റെ മുമ്പിൽ ഞാൻ വാദിക്കുന്നതാണ്. എങ്കിലും അയാൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് പ്രസ്താവിക്കാൻ സമ്മതിച്ചില്ല. (ബുഖാരി, മുസ്‌ലിം)

4. പതിമൂന്ന് സംവത്സരം നബി(സ) മക്കയിൽ പ്രബോധനം നടത്തി. "അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല" എന്ന് അംഗീകരിക്കാൻ അദ്ദേഹം ബഹുദൈവ വിശ്വാസികളോട് ആഹ്വാനം ചെയ്തു. അവരുടെ പ്രതികരണം ഖുർആൻ ഉദ്ധരിക്കുന്നു.

وَعَجِبُوا أَن جَاءَهُم مُّنذِرٌ مِّنْهُمْ وَقَالَ الْكَافِرُونَ هَٰذَا سَاحِرٌ كَذَّابٌ . أَجَعَلَ الْآلِهَةَ إِلَٰهًا وَاحِدًا إِنَّ هَٰذَا لَشَيْءٌ عُجَابٌ. وَانطَلَقَ الْمَلَأُ مِنْهُمْ أَنِ امْشُوا وَاصْبِرُوا عَلَىٰ آلِهَتِكُمْ إِنَّ هَٰذَا لَشَيْءٌ يُرَادُ. مَا سَمِعْنَا بِهَٰذَا فِي الْمِلَّةِ الْآخِرَةِ إِنْ هَٰذَا إِلَّا اخْتِلَاقٌ (ص : ٤ ـ ٧)

"അവരിൽനിന്നു തന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു, സത്യനിഷേധികൾ പറഞ്ഞു, ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാവുന്നു. ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കയാണോ ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ. അവരിലെ പ്രധാനികൾ (ഇപ്രകാരം പറഞ്ഞുകൊണ്ട്) പോയി, 'നിങ്ങൾ മുന്നോട്ട് പോയ്ക്കൊള്ളുക, നിങ്ങളുടെ ദൈവങ്ങളുടെ കാര്യത്തിൽ നിങ്ങൾ ക്ഷമാപൂർവ്വം ഉറച്ചു നില്ക്കുകയും ചെയ്യുക, തീർച്ചയായും ഇത് ഉദ്ദേശപൂർവ്വം ചെയ്യപ്പെടുന്ന ഒരു കാര്യംതന്നെയാകുന്നു. അവസാനത്തെ മതത്തിൽ ഇതിനെപ്പറ്റി ഞങ്ങൾ കേൾക്കുകയുണ്ടായിട്ടില്ല. ഇത് ഒരു കൃത്രിമ സൃഷ്ടി

മാത്രമാകുന്നു." (38: 4-7)

സത്യവചനത്തിൻെറ ആശയവും, അത് പ്രഖ്യാപിച്ചവൻ അല്ലാഹുവോടല്ലാതെ പ്രാർത്ഥിക്കാവതല്ലെന്നും അറബികൾ ഗ്രഹിച്ചിരുന്നു. അതിനാൽ ആ വചനം പ്രഖ്യാപിക്കാൻ അവർ തയ്യാറായില്ല. അതിനെ അവർ തിരസ്കരിച്ചു. അല്ലാഹു പറയുന്നു:

إِنَّهُمْ كَانُوا إِذَا قِيلَ لَهُمْ لَا إِلَٰهَ إِلَّا اللَّهُ يَسْتَكْبِرُونَ . وَيَقُولُونَ أَئِنَّا لَتَارِكُوا آلِهَتِنَا لِشَاعِرٍ
مَجْنُونٍ . بَلْ جَاءَ بِالْحَقِّ وَصَدَّقَ الْمُرْسَلِينَ ( الصافات ٣٥ ـ ٣٧)

"അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല എന്നവരോട് പറഞ്ഞാൽ അവർ അഹങ്കരിക്കുമായിരുന്നു. ഭ്രാന്തനായ ഒരു കവിക്കുവേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കയോ? എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു." (വി.ഖു. 37: 35-37)

നബി(സ) പറയുന്നു:
അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്ന് പ്രഖ്യാപിക്കുകയും, അല്ലാഹുവേതര ആരാധ്യരെ അവിശ്വസിക്കുകയും ചെയ്തവൻെറ ധനവും, രക്തവും പാവനമാണ്. അവൻെറ വിചാരണയാവട്ടെ, അല്ലാഹുവിങ്കൽ അർപ്പിതവുമാണ്. (മുസ്ലിം)

മരിച്ചുപോയവരോടും മറ്റുമുള്ള പ്രാർത്ഥനപോലുള്ള അല്ലാഹുവേതരർക്കുള്ള എല്ലാതരം ആരാധനകളും ഉപേക്ഷിക്കണം. അവയെ എല്ലാം നിഷേധിക്കയും ചെയ്യുക. അത് ശഹാദത്ത് (സത്യസാക്ഷ്യം) പ്രഖ്യാപിക്കുന്നതിൻെറ അനിവാര്യ താല്പര്യമാണെന്ന് ഈ വചനം പഠിപ്പിക്കുന്നു.

അത്ഭുതകരമെന്നേ പറയേണ്ടൂ, ചില മുസ്ലിംകൾ തങ്ങളുടെ നാവുകളിലൂടെ ഈ വചനം ഉരുവിടുന്നു. അല്ലാഹുവേതരരോട് പ്രാർത്ഥിക്കുന്നതിലൂടെയും തങ്ങളുടെ കർമ്മങ്ങളിലൂടെയും അതിന് കടകവിരുദ്ധമായത് പ്രവർത്തിക്കയും ചെയ്യുന്നു!

5. [illegible] (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല) എന്ന വചനം ഇസ്ലാമിൻെറയും തൗഹീദി (ഏകദൈവ വിശ്വാസത്തി)ൻെറയും അടിത്തറയാണ്. ജീവിതത്തിന് അതൊരു സമ്പൂർണ്ണ വ്യവസ്ഥയാണ്. എല്ലാതരം ആരാധനകളും അല്ലാഹുവിങ്കലേക്ക് സമർപ്പിച്ചുകൊണ്ടാണത് സാക്ഷാത്കൃതമാവുക. മുസ്ലിം അല്ലാഹുവിന് കീഴ്വണങ്ങിക്കൊണ്ട് അവനോട് മാത്രം പ്രാർത്ഥിക്കുകയും അവൻെറ നിയമ സംഹിതയെ മാത്രം അവലംബിക്കുകയും ചെയ്യുന്നതിലൂടെയത്രെ അത്.

6. ഇബ്നു റജബ് പറയുന്നു.
അൽ ഇലാഹ് (സാക്ഷാൽ ദൈവം), അവനെയാണ് മഹത്വം കല്പിച്ചുകൊണ്ട് അനുസരിക്കേണ്ടത്, അവനെ ധിക്കരിക്കാവതല്ല. സ്നേഹം, ഭയം, പ്രതീക്ഷയർപ്പിക്കൽ, ഭരമേൽപിക്കൽ, യാചന, പ്രാർത്ഥന തുടങ്ങിയവയെല്ലാം അവന് മാത്രമാകണം. അവനല്ലാത്തവർക്ക് അവയൊന്നും അർപ്പിക്കാവതല്ല. ദൈവത്തിനു മാത്രമവകാശപ്പെട്ട ഈ സവിശേഷതകളിൽ സൃഷ്ടിയെ പങ്കുചേർത്തവൻ "ലാഇലാഹ ഇല്ലല്ലാഹ്" എന്ന പ്രഖ്യാപനത്തിൻെറ നിഷ്കളങ്കതക്ക് പോറലേൽപിക്കുന്നു. തദനുസാരമുള്ള സൃഷ്ടിവിധേയത്വം

അയാളിലുണ്ടാവുകയും ചെയ്യും.

7. നബി (സ) പറയുന്നു: നിങ്ങളിൽ നിന്ന് മരണമാസന്നമായവരോട് "ലാഇലാഹ ഇല്ലല്ലാഹ്" എന്നു പറയാൻ ആവശ്യപ്പെടുക, അവസാനം "ലാഇലാഹ ഇല്ലല്ലാഹ്" എന്നുച്ചരിച്ചവൻ എന്നെങ്കിലും ഒരിക്കൽ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അതിനുമുമ്പ് അയാൾ പ്രയാസങ്ങൾ അനുഭവിച്ചാലും ശരി" (ഇബ്നു ഹിബ്ബാൻ. അൽബാനി ഇത് പ്രബലമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്).

പലരും ധരിച്ചപോലെ മരണാസന്നൻെറ അടുത്തിരുന്നു ശഹാദത്ത് മൊഴിയുകയല്ല ചെയ്യേണ്ടത്. അയാളോട് ചൊല്ലാൻ കല്പിക്കുകയാണ് വേണ്ടത്. അനസ് (റ) ൽ നിന്ന് ഉദ്ധരിക്കുന്നു: "അല്ലാഹുവിൻെറ ദൂതൻ (സ) രോഗഗ്രസ്തനായ ഒരു അൻസാരിയെ സന്ദർശിച്ചു. അദ്ദേഹത്തോട് പറഞ്ഞു. അമ്മാവാ "ലാഇലാഹ ഇല്ലല്ലാഹ്" എന്നു പറയൂ, അയാൾ ചോദിച്ചു : ഞാൻ നിങ്ങളുടെ അമ്മാവനോ അതോ പിതൃവ്യനോ? നബി(സ) പറഞ്ഞു; അമ്മാവൻ തന്നെ; അയാൾ പറഞ്ഞു: "ലാഇലാഹ ഇല്ലല്ലാഹ്" എന്ന് പറയുന്നത് എനിക്ക് പ്രയോജനകരമാണോ? നബി (സ) പറഞ്ഞു: "അതെ " (ഇമാം അഹ്മദ് ഇമാം മുസ്‌ലിമിൻെറ നിബന്ധനകൾ അനുസരിച്ച് ഉദ്ധരിച്ച പ്രബലമായ ഹദീസ്- അൽബാനി)

8. "ലാഇലാഹ ഇല്ലല്ലാഹ്" എന്ന വചനം പ്രഖ്യാപിച്ചവൻ അത് അവൻെറ ജീവിതത്തിൽ പാലിച്ചാൽ അവന് പ്രയോജനപ്പെടും, മരിച്ചവരോടും മറഞ്ഞവരോടും പ്രാർത്ഥിക്കുന്നതുപോലുള്ള ശിർക്കുകൾക്കൊണ്ട് അതിനെ ലംഘിക്കാതിരിക്കുകയും വേണം. വുസു മുറിയുന്ന കാര്യങ്ങൾ ശുദ്ധിയെ ഹനിക്കുന്നപോലെ ശിർക്കുകൾ ശഹാദത്തിനെ നശിപ്പിക്കുന്നതാണ്". നബി(സ) പറയുന്നു "ലാഇലാഹ ഇല്ലല്ലാഹ്" എന്നുപറഞ്ഞവനെ ആ വചനം എന്നെങ്കിലും ഒരിക്കൽ രക്ഷപ്പെടുത്തും, അതിനു മുമ്പ് അവന് സംഭവിച്ചത് സംഭവിക്കുകയും ചെയ്യും," (ബൈഹഖി ഉദ്ധരിച്ചത്, അൽബാനി പ്രബലമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്).

## മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാണ് എന്നതിൻെറ വിവക്ഷ:-

അദ്ദേഹം ദൈവനിയോഗിതനാണെന്ന് നാം വിശ്വസിക്കുക. അദ്ദേഹം പറഞ്ഞത് അംഗീകരിക്കുക. അദ്ദേഹം ആജ്ഞാപിച്ചത് അനുസരിക്കുക, അദ്ദേഹം നിരോധിച്ചത് വർജ്ജിക്കുക. അദ്ദേഹം നിശ്ചയിച്ചപോലെ അല്ലാഹുവെ ആരാധിക്കുക.

അബുൽ ഹസൻ നദ്‌വി തൻെറ "പ്രവാചകത്വം" എന്ന കൃതിയിൽ എഴുതുന്നു. "അല്ലാഹുവിലുള്ള വിശ്വാസത്തെ നിർമ്മലീകരിക്കാനും മനുഷ്യനും തൻെറ നാഥനും തമ്മിലുള്ള ബന്ധത്തെ കരുത്തുറ്റതാക്കാനുമായിരുന്നു പ്രവാചകന്മാർ തങ്ങളുടെ പ്രബോധനത്തിൽ പ്രാമുഖ്യം നല്കിയിരുന്നത്. സ്ഥലകാല ഭേദമന്യേ അവരുടെ പ്രധാന ലക്ഷ്യവും എപ്പോഴും അതുതന്നെയായിരുന്നു. മതത്തെ അല്ലാഹുവിനു നിഷ്കളങ്കമാക്കുക, അല്ലാഹുവെ മാത്രം ആരാധിക്കുക. അവനാണ് ഉപദ്രവവും ഉപകാരവും ചെയ്യുന്നവൻ, ആരാധനക്കും പ്രാർത്ഥനക്കും

അഭയാർത്ഥനക്കും ബലികൾ അർപ്പിക്കാനും അവൻ മാത്രമാണ് അർഹൻ അതായിരുന്നു അവരുടെ സന്ദേശം.

വിഗ്രഹങ്ങളെയും പ്രതിഷ്ഠകളെയും, ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ പരിശുദ്ധരെയും ആരാധിക്കുക, എന്നതിലൂന്നി നിന്നിരുന്നു അവരുടെ കാലഘട്ടങ്ങളിലെ ബഹുദൈവത്വം. അതിനെ കേന്ദ്രീകരിച്ചായിരുന്നു അവർ പ്രബോധിച്ചിരുന്നത്.

2. അല്ലാഹുവിൻെറ ദൂതനോട് തൻെറ നാഥൻ പറയുന്നു.

قُلْ لاَ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًا إِلاَّ مَا شَاءَ اللهُ . وَلَوْ كُنْتُ أَعْلَمُ الْغَيْبَ لأَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَا إِلاَّ نَذِيرٌ وَبَشِيرٌ لِقَوْمٍ يُؤْمِنُونَ ( الأعراف : ١٨٨)

"(നബിയേ) പറയുക: എൻെറ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എൻെറ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരിന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ് (വി.ഖു. 7: 188)

നബി(സ) പറയുന്നു: "ക്രൈസ്തവർ മറിയമിൻെറ പുത്രനെ പ്രകീർത്തിച്ചപോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. ഞാൻ ഒരു ദൈവ ദാസൻ മാത്രം. അതിനാൽ അല്ലാഹുവിൻെറ അടിമയും ദൂതനുമായവൻ എന്ന് എന്നെക്കുറിച്ചു പറഞ്ഞുകൊൾക (ബുഖാരി)

ക്രൈസ്തവർ മർയമിൻെറ പുത്രൻ ഈസാ (അ)യോട് പ്രാർത്ഥിക്കുന്നപോലെ നാം നബി(സ) യോട് പ്രാർത്ഥിക്കാവതല്ല. തത്ഫലമായാണല്ലോ അവർ ബഹുദൈവത്വത്തിൽ (ശിർക്കിൽ) നിപതിച്ചത്. "മുഹമ്മദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണ്" എന്ന് പറയാനാണ് അദ്ദേഹം നമ്മോട് ആജ്ഞാപിച്ചത്.

3. അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുക. അല്ലാഹുവേതരർ പ്രവാചകനോ വലിയ്യോ ആണെങ്കിലും ശരി, അവരോട് പ്രാർത്ഥിക്കരുത്; അങ്ങിനെ പ്രവാചകനെ അനുധാവനം ചെയ്യുന്നതിലാണ് പ്രവാചക സ്നേഹം നിലകൊള്ളുന്നത്. നബി(സ) പറയുന്നു :

നീ ചോദിക്കുമ്പോൾ അല്ലാഹുവോട് ചോദിക്കുക. നീ സഹായമർത്ഥിക്കുമ്പോൾ അവനോട് സഹായം തേടുക. (തിർമുദി).
തനിക്ക് എന്തെങ്കിലും ദുഃഖമോ മനഃപ്രയാസമോ അനുഭവപ്പെട്ടാൽ നബി (സ) ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു. يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ
നിത്യ ജീവനുള്ള നാഥാ, സർവ്വ നിയന്താവേ, നിൻെറ അനുഗ്രഹത്തെ മുൻനിർത്തി ഞാൻ സഹായം തേടുന്നു." (തിർമുദി)

"നിൻെറ സ്നേഹത്തിൽ നീ ആത്മാർത്ഥതയുള്ളവനായിരുന്നെങ്കിൽ നീ അദ്ദേഹത്തെ അനുസരിക്കുമായിരുന്നു. സ്നേഹിക്കുന്നവൻ തൻെറ സ്നേഹഭാജനത്തെ അനുസരിക്കുന്നവനായിരിക്കും" എന്ന ആശയത്തിലുള്ള

അറബി കവിത സ്മരണീയമാണ്.

പ്രവാചകൻ പ്രഥമമായി കൊണ്ടുവന്ന സന്ദേശത്തെ (തൗഹീദിനെ)യും അതിന്റെ പ്രബോധകരെയും സ്നേഹിക്കുക, ബഹുദൈവതത്തെയും അതിന്റെ പ്രചാരകരെയും വെറുക്കുക. അതാണ് പ്രവാചക സ്നേഹത്തിന്റെ ചിഹ്നം.

## അല്ലാഹു എവിടെ?

മുആവിയ ബിൻ ഹകം അസ്സലമിയിൽ നിന്ന് നിവേദനം "എനിക്ക് ഒരു അടിമപ്പെൺകുട്ടിയുണ്ടായിരുന്നു. ഉഹ്ദിലും ജവാനിയ്യയിലും അവൾ എന്റെ ആടുകളെ മേച്ചിരുന്നു. ഒരു ദിവസം അവയിൽനിന്ന് ഒരാടിനെ ചെന്നായ പിടിച്ചതായി എനിക്ക് ബോധ്യപ്പെട്ടു. മറ്റു മനുഷ്യർ ദേഷ്യപ്പെടുന്ന പോലെ ഞാനും ദേഷ്യപ്പെട്ടു. ഞാൻ അവൾക്ക് ഒരടി കൊടുത്തു.
നബി(സ) വിവരമറിഞ്ഞപ്പോൾ ഞാൻ ചെയ്തത് ഗൗരവമേറിയ ഒരു കാര്യമാണെന്ന് എന്നെ ബോധ്യപ്പെടുത്തി.
അവളെ ഞാൻ മോചിപ്പിക്കട്ടെയോ? ഞാൻ പ്രവാചകനോട് ആരാഞ്ഞു.
അദ്ദേഹം പറഞ്ഞു: അവളെ എന്റെ അടുക്കൽ കൊണ്ടുവരൂ. അവൾ ആഗതയായപ്പോൾ നബി (സ) അവളോടു ചോദിച്ചു: അല്ലാഹു എവിടെ? അവൾ പറഞ്ഞു: ആകാശത്തിൽ. നബി(സ) ചോദിച്ചു: ഞാൻ ആരാണ്? അവൾ പറഞ്ഞു: അവിടുന്ന് അല്ലാഹുവിന്റെ ദൂതനാണ്. അപ്പോൾ നബി(സ) എന്നോട് പറഞ്ഞു: അവളെ മോചിപ്പിക്കൂ. അവൾ വിശ്വാസിനിയാണ്. (മുസ്ലിം, അബൂ ദാവൂദ്.)

## ഈ ഹദീസ് നല്കുന്ന പാഠങ്ങൾ:

1. തങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നം അത്രെ നിസ്സാരമാണെങ്കിലും ശരി അതിലെ ദൈവിക നിയമങ്ങൾ അറിയാനായി നബി (സ) യുടെ അനുചരർ പ്രവാചക സന്നിധിയിലെത്തുമായിരുന്നു.

2. فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا (النساء: ٦٥)

"ഇല്ല നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികല്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല.
(വി. ഖു. 4: 65)
എന്ന ഖുർആനികാജ്ഞയുടെ പ്രായോഗിക രൂപമാണ് ഈ സംഭവം.

3. അടിമപ്പെൺകുട്ടിയെ അടിച്ച സഹാബിയെ നബി(സ) ആക്ഷേപിക്കുകയും അത് ഗൗരവമായെടുക്കുകയും ചെയ്തു.

4. സത്യ വിശ്വാസിനിയെയാണ് മോചിപ്പിക്കേണ്ടത്. അവിശ്വാസിയെയല്ല. നബി

(സ) അവളെ പരീക്ഷിക്കുകയും അവളുടെ വിശ്വാസം ബോധ്യമാകുകയും ചെയ്തപ്പോൾ അവളെ മോചിപ്പിക്കാനാവശ്യപ്പെട്ടു. അവൾ സത്യനിഷേധിനിയായിരുന്നെങ്കിൽ അങ്ങിനെ ചെയ്യുമായിരുന്നില്ല.

5. തൗഹീദിനെ (ഏകദൈവ വിശ്വാസത്തെ) സംബന്ധിച്ച് അന്വേഷിക്കൽ നിർബന്ധമാണ്. അല്ലാഹു തന്റെ സിംഹാസനത്തിൽ ആരോഹിതനാണ് എന്ന വിശ്വാസം തൗഹീദിൽ പെട്ടതാണ്. അതിനാൽ അതറിയൽ നിർബന്ധമാണ്.

6. അല്ലാഹു എവിടെ എന്നു ചോദിക്കൽ അംഗീകൃതമാണ്. അത് പ്രവാചകചര്യയിൽ പെട്ടതുമാണ്.

7. അല്ലാഹു ആകാശത്തിനു മുകളിലാണ് എന്ന മറുപടി സ്വീകാര്യമാണ്. അതിനാലാണ് പ്രവാചകൻ (സ) പെൺകുട്ടിയുടെ മറുപടി അംഗീകരിച്ചത്.

ءَ أَمِنتُم مَّن فِي السَّمَاءِ أَن يَخْسِفَ بِكُمُ الأَرْضَ (المُلْك : ١٦)

"ആകാശത്തിലുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരാണോ," (അൽ മുൽക്ക് 16) എന്ന ഖുർആൻ സൂക്തവും അതിന് തെളിവാണ്. "ആകാശത്തിലുള്ളവൻ" എന്നത് കൊണ്ട് അല്ലാഹുവെയാണ് ഉദ്ദേശിക്കുന്നതെന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിക്കുകയുണ്ടായി. "ആകാശത്തിൽ" എന്നതുകൊണ്ട് അതിന്റെ ഉപരിയിൽ എന്നർത്ഥം.

8. മുഹമ്മദ്(സ)യുടെ പ്രവാചകത്വം സാക്ഷീകരിക്കുന്നത് വിശ്വാസം സാധുവാകുന്നതിന് ആവശ്യമാണ്.

9. ഈമാൻ (വിശ്വാസം) ശരിയാകണമെങ്കിൽ അല്ലാഹു ആകാശത്തിലാണെന്ന് വിശ്വസിക്കണം, എല്ലാ വിശ്വാസികൾക്കും അത് നിർബന്ധമാണ്.

10. ദൈവിക സത്ത സർവ്വ വ്യാപിയാണെന്ന ചിലരുടെ വാദത്തെ ഈ ഹദീസ് നിരാകരിക്കുന്നു. അല്ലാഹുവിന്റെ ജ്ഞാനമാണ് നമ്മോടൊപ്പമുള്ളത്. അവന്റെ സത്തയല്ല.

11. പെൺകുട്ടിയെ പരീക്ഷിക്കാൻവേണ്ടി ഹാജറാകാൻ നബി(സ) കല്പിച്ചു. പ്രവാചക(സ) ന്ന് അദൃശ്യം അറിഞ്ഞുകൂടാ എന്നതിന്റെ തെളിവാണത്. നബി(സ)ക്ക് മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന സൂഫികളുടെ (അന്ധവിശ്വാസികൾ) വാദത്തെ അത് ദുർബ്ബലപ്പെടുത്തുന്നു.

## നമസ്കാരങ്ങളുടെ ശ്രേഷ്ഠത, ഉപേക്ഷിക്കുന്നവന് താക്കീത്

1. അല്ലാഹു പറയുന്നു:

وَالَّذِينَ هُمْ عَلَى صَلَاتِهِمْ يُحَافِظُونَ أُولَٰئِكَ فِي جَنَّاتٍ مُّكْرَمُونَ ( المَعَارِج : ٣٥ )

"അവർ തങ്ങളുടെ നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവ്വഹിക്കുന്നവരാണ്. അവർ സ്വർഗ്ഗത്തോപ്പുകളിൽ ആദരിക്കപ്പെടുന്നവരാണ്." (വിഖു. :70 : 35)

2. وَأَقِمِ الصَّلَاةَ إِنَّ الصَّلَاةَ تَنْهَى عَنِ الْفَحْشَاءِ وَالْمُنْكَرِ (الْعَنْكَبُوت : ٤٥)

"നമസ്കാരം കൃത്യമായി നിർവ്വഹിക്കുക. തീർച്ചയായും നമസ്കാരം നീചവൃത്തികളിൽ നിന്നും നിഷിദ്ധ കർമ്മത്തിൽ നിന്നും തടയുന്നു. (വി.ഖു. 29: 45)

3. فَوَيْلٌ لِلْمُصَلِّينَ الَّذِينَ هُمْ عَنْ صَلَاتِهِمْ سَاهُونَ (الْمَاعُون : ٤)
"തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്ത നമസ്കാരക്കാർക്ക് നാശം". (വി.ഖു. 107: 4, 5)

4. قَدْ أَفْلَحَ الْمُؤْمِنُونَ الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ (المؤمنون : ٢)
"വിശ്വാസികൾ വിജയിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരാണ്." (23: 1, 2 )

5. (فَخَلَفَ مِنْ بَعْدِهِمْ خَلْفٌ أَضَاعُوا الصَّلٰوةَ وَاتَّبَعُوا الشَّهَوَاتِ فَسَوْفَ يَلْقَوْنَ غَيًّا)
(مريم : ٥٩)

"അവർക്കുശേഷം പകരം മറ്റൊരു തലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തങ്ങളുടെ ഇച്ഛകളെ പിന്തുടരുകയുംചെയ്തു. ദുർമാർഗ്ഗത്തിൻെറ ഫലം അവർ കണ്ടെത്തുകതന്നെ ചെയ്യും" ( വി.ഖു. 19: 59)

6. നബി (സ) പറയുന്നു:
"നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വീടുകളുടെ കവാടത്തിങ്കലൂടെ ഒരു നദി ഒഴുകുന്നു. നിങ്ങളിലൊരാൾ അതിൽ നിന്ന് ദിനേന അഞ്ചു പ്രാവശ്യം കുളിക്കുകയും ചെയ്യുന്നു. അയാളുടെ ദേഹത്തിൽ മാലിന്യം അവശേഷിക്കുമോ?

നബി (സ) പറഞ്ഞു: അഞ്ചു സമയങ്ങളിലെ നമസ്കാരങ്ങൾ അപ്രകാരമാണ്. അവ മൂലം അല്ലാഹു പാപങ്ങൾ മായ്ച്ചു കളയുന്നു. (ബുഖാരി, മുസ്ലിം)

7. നമ്മുടെയും അവരുടെയും (അവിശ്വാസികൾ) മധ്യേയുള്ള ഉടമ്പടി നമസ്കാരമാണ്, അതുപേക്ഷിച്ചവൻ അവിശ്വാസിയായി.

8. ഒരു മനുഷ്യന്റെയും കുഫ്ർ (അവിശ്വാസം) ശിർക്കു (ബഹുദൈവവിശ്വാസം) കളുടെയും മധ്യേയുള്ള (അകലം) നമസ്കാരം ഉപേക്ഷിക്കലാണ്.

## വുളുവും നമസ്കാരവും [1]

"ബിസ്മില്ലാ" എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കുക.

1. മൂന്നു പ്രാവശ്യം വീതം മുൻകൈകൾ കഴുകുകയും കുപ്ളിക്കുകയും നാസികയിൽ ജലം പ്രവേശിപ്പിച്ച് ചീറ്റിക്കളയുകയും ചെയ്യുക.

2. മുഖവും വലതു, ഇടതു കൈകൾ മുട്ടുവരെയും മൂന്നു പ്രാവശ്യം വീതം കഴുകുക.

3. തല മുഴുവനും, ചെവികളും (ഒരു തവണ) തടവുക.

4. വലതു, ഇടതു കാലുകൾ ഞെരിയാണിവരെ മൂന്നു പ്രാവശ്യം വീതം കഴുകുക.

5. ജലം ലഭ്യമാകാതിരിക്കുകയോ, രോഗം മൂലം ജലം ഉപയോഗിക്കാൻ സാധിക്കാതിരിക്കുകയോ ചെയ്തെന്നിരിക്കട്ടെ, അപ്പോൾ മുൻകൈകൾ മണ്ണിൽ അടിക്കുക. അവകൊണ്ട് മുഖവും മുൻകൈകളും തടവുക. തുടർന്ന് നമസ്കരിക്കുക.

[1] 1. വുളുവെ ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ സംഭവിച്ചാൽ വീണ്ടും വുളു ചെയ്ത ശേഷമേ നമസ്കരിക്കാവൂ. മല മൂത്ര വിസർജ്ജനേന്ദ്രിയങ്ങളിലൂടെ വല്ലതും പുറപ്പെടുക. ഉറക്കം ബുദ്ധിഭ്രമം ബോധക്ഷയം തുടങ്ങിയ കാരണങ്ങളാൽ വിവേകമില്ലാതാവുക. ഉള്ളം കൈകൾ കൊണ്ട് ലൈംഗികാവയവങ്ങൾ സ്പർശിക്കുക. ലൈംഗികബന്ധം നടത്തുക തുടങ്ങിയ കാരണങ്ങളാൽ വുളു മുറിയുന്നതാണ്. ഒട്ടകമാംസം ഭക്ഷിക്കുക. വികാരത്തോടെ പുരുഷൻ സ്ത്രീയെയോ സ്ത്രീ പുരുഷനെയോ സ്പർശിക്കുക എന്നീ കാരണങ്ങളാലും വുളു നഷ്ടപ്പെടുന്നതാണ്. (വിവ.)

2. കുളി നിർബന്ധമാകുന്ന കാര്യങ്ങളുണ്ടായാൽ നമസ്കരിക്കുന്നതിനു മുമ്പ് കുളിക്കുക. ലൈംഗിക ബന്ധം, സ്ഖലനം, ആർത്തവം, പ്രസവം തുടങ്ങിയവയാണവ. ആർത്തവവും പ്രസവരക്തവുമുള്ള സ്ത്രീകൾ അവ അവസാനിക്കുന്നതുവരെ നമസ്കരിക്കാവതല്ല. അവിശ്വാസി ഇസ്ലാം സ്വീകരിച്ചാൽ കുളിക്കണം.

3. നമസ്കരിക്കുന്നവൻ തന്റെ ശരീരം, വസ്ത്രം, സ്ഥലം മുതലായവ മാലിന്യ (നജസ്) ങ്ങളിൽ നിന്ന് ശുദ്ധിയാക്കണം. രക്തം, മലം, മൂത്രം തുടങ്ങിയവ മാലിന്യങ്ങളാണ്.

4. കാൽമുട്ടുകൾക്കും പൊക്കിളിനുമിടയിലുള്ള ഭാഗങ്ങൾ പുരുഷൻ മറക്കേണ്ട നഗ്നത (ഔറത്ത്) യാണ്. പുരുഷൻ നമസ്കാര വേളയിൽ പിരടികൂടി മറക്കണമെന്നു നിർദ്ദേശിക്കുന്ന ഒട്ടേറെ നബി വചനങ്ങളുണ്ട്. സ്ത്രീ മുഖവും മുൻകൈകളും ഒഴികെയുള്ള ഭാഗങ്ങൾ നമസ്കാരവേളയിൽ മറക്കേണ്ടതാണ്.

6. ഒരിടത്തു സ്ഥിരമായി വസിക്കുന്നവൻ നമസ്കാരങ്ങൾ അവയുടെ കൃത്യ സമയത്തു നിർവ്വഹിക്കണം. യാത്രക്കാരനു ളുഹർ, അസ്വർ നമസ്കാരങ്ങൾ ഒന്നിച്ചു ഏതെങ്കിലും ഒന്നിന്റെ സമയത്തു നിർവഹിക്കാം. മഗ്രിബും ഇശാഉം ഒന്നിച്ചു അപ്രകാരം ചെയ്യാം.

## പ്രഭാത നമസ്കാരം

"സുബ്ഹ് നമസ്കാരം രണ്ടു റക്അത്താണ്"
നിയ്യത്ത്: മനസ്സിൽ കരുതുകയാണ് വേണ്ടത്.

1. ഖിബ്‌ലക്കഭിമുഖമായിനിന്നു ചെവികൾക്ക് നേരെ കൈകൾ ഉയർത്തുക. "അല്ലാഹു അക്ബർ" എന്നു പറയുക.

2. വലതു കൈ ഇടതിനു മുകളിൽ പിടിച്ചു നെഞ്ചിൽ വെക്കുക.
"സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറകസ്മുക വതആലാ ജദ്ദുക വലാഇലാഹ ഗൈറുക".

سُبْحَانَكَ اللّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلاَإِلَهَ غَيْرُكَ

"അല്ലാഹുവെ നീ പരിശുദ്ധൻ, നിനക്ക് സ്തോത്രം, നിന്റെ നാമം അനുഗ്രഹീതം, നിന്റെ മഹത്ത്വം അത്യുന്നതം, നീയല്ലാതെ ആരാധനക്ക് അർഹനില്ല." എന്ന പ്രാർത്ഥനയോ, നബിചര്യയിൽ സ്ഥിരപ്പെട്ട ഇതര പ്രാർത്ഥനകളോ ചൊല്ലുക.

ആദ്യ റക്അത്ത്:-

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ . بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلهِ رَبِّ الْعَالَمِينَ . الرَّحْمٰنِ الرَّحِيمِ
مَالِكِ يَوْمِ الدِّينِ . إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ
إِهْدِنَا الصِّرَاطَ الْمُسْتَقِيمَ . صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ .
غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ الضَّالِّينَ . آمين

അഊദു ബില്ലാഹിമിന ശൈത്വാനിർ റജീം.
ബിസ്മില്ലാഹി റഹ്മാനിർറഹീം.
അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.
അർറഹ്മാനിർറഹീം.
മാലികി യൗമിദ്ദീൻ.
ഇയ്യാക്കനഅ്ബുദു വഇയ്യാക്കനസ്തഈൻ.
ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം.
സ്വിറാത്വല്ലദീന അൻഅംത അലൈഹിം.
ഗൈറിൽ മഗ്ളൂബി അലൈഹിം. വലള്ളാല്ലീൻ.

സാരം :
ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ അല്ലാഹുവിലഭയം തേടുന്നു.
പരമ കാരുണികനും കരുണാ നിധിയുമായവന്റെ നാമത്തിൽ (ആരംഭിക്കുന്നു)
സർവ്വ സ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിനാണ്.
പരമ കാരുണികനും കരുണാ നിധിയുമായവൻ.
പ്രതിഫല നാളിന്റെ ഉടമസ്ഥൻ.
ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോട് മാത്രം സഹായം

അർത്ഥിക്കുകയും ചെയ്യുന്നു.
ഞങ്ങളെ നേർ മാർഗ്ഗത്തിൽ ചേർക്കേണമേ.
നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ. കോപവിധേയരുടെയും മാർഗ്ഗഭ്രംശികളുടെയും പാതയല്ല.
നീ ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

## സൂറത്തുൽ ഇഖ്ലാസ്.

قُلْ هُوَ اللهُ أَحَدٌ اللهُ الصَّمَدُ لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ

"ഖുൽ ഹുവല്ലാഹു അഹദ്. അല്ലാഹുസ്വമദ്. ലംയലിദ്. വലം യൂലദ്. വലം യകുൻലഹു കുഫുവൻ അഹദ്."

"(നബിയേ) പറയുക, കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു എല്ലാവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നല്കിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ല".

ഖുർആനിൽനിന്ന് മനഃപാഠമുള്ള മറ്റേതെങ്കിലും ഭാഗങ്ങൾ പാരായണം ചെയ്താലും മതി)

1. കൈകൾ ചുമലിനു നേരെ ഉയർത്തി, അല്ലാഹു അക്ബർ (الله اكبر) എന്ന് ചൊല്ലി കുനിയുക. കൈകൾ കാൽമുട്ടുകളിൽ വെക്കുക. സുബ്ഹാന റബ്ബിയൽ അളീം سُبْحَانَ رَبِّيَ الْعَظِيمِ (മഹോന്നതനായ എന്റെ നാഥൻ പരിശുദ്ധൻ) എന്ന് മൂന്ന് പ്രാവശ്യം ചൊല്ലുക.

2. കൈകൾ ചുമലിനു നേരെ ഉയർത്തി നിവർന്നു നിൽക്കുക. ഉയരുമ്പോൾ سَمِعَ اللهُ لِمَنْ حَمِدَهُ 'സമിഅല്ലാഹു ലിമൻ ഹമിദഹു' (തന്നെ സ്തുതിച്ചവന്റെ പ്രാർത്ഥന അല്ലാഹു കേട്ടിരിക്കുന്നു) എന്നു പറയുക. ശേഷം اَللّٰهُمَّ رَبَّنَا لَكَ الْحَمْدُ അല്ലാഹുമ്മ റബ്ബനാ ലകൽ ഹംദ് (ഞങ്ങളുടെ നാഥാ നിനക്ക് സ്തുതി) എന്നു പറയുക.

3. അല്ലാഹു അക്ബർ എന്നു ചൊല്ലി സാഷ്ടാംഗം ചെയ്യുക. മുൻകൈകളും കാൽമുട്ടുകളും നെറ്റിയും മൂക്കും കാൽ വിരലുകളും നിലത്ത്വെച്ചു ഖിബ്‌ലക്കുനേരെ സാഷ്ടാംഗം ചെയ്യുക. അപ്പോൾ سُبْحَانَ رَبِّيَ الْأَعْلَى സുബ്ഹാന റബ്ബിയൽ അഅ്ലാ (ഉന്നതനായ എന്റെ രക്ഷിതാവ് പരിശുദ്ധൻ) എന്ന് മൂന്നു പ്രാവശ്യം പറയുക.

4. സുജൂദിൽ നിന്ന് തല ഉയർത്തുകയും തക്ബീർ ചൊല്ലുകയും ചെയ്യുക.

കൈകൾ കാൽ മുട്ടുകളിൽ വെക്കുക. അപ്പോൾ

رَبِّ اغْفِرْ لِي وَارْحَمْنِي وَاهْدِنِي وَعَافِنِي وَارْزُقْنِي

'റബ്ബി ഗ്ഫിർലി വർഹംനി വഹ്ദിനി വആഫിനി വർസുഖ്നി'

(എന്റെ നാഥാ എനിക്ക് പൊറുത്തു തരേണമേ. എന്നോട് കരുണ കാണിക്കുകയും എന്നെ സന്മാർഗ്ഗത്തിലാക്കുകയും എനിക്ക് സൗഖ്യവും ആഹാരവും നല്കുകയും ചെയ്യേണമേ) എന്നു പറയുക.

5. വീണ്ടും സുജൂദ് ചെയ്യുകയും അല്ലാഹു അക്ബർ എന്ന് ചൊല്ലുകയും ചെയ്യുക.

അപ്പോഴും سُبْحَانَ رَبِّيَ الْأَعْلَى എന്ന് ചൊല്ലുക.

6. രണ്ടാം സുജൂദിൽ നിന്ന് തല ഉയർത്തി നിവർന്നു ഇടതു കാലിൽ ഇരിക്കുക. വലതു കാൽ വിരലുകൾ പരത്തിവെക്കുക. (ഇതിന് ഇസ്തിറാഹത്തിന്റെ ഇരുത്തം എന്നു പറയുന്നു.) പിന്നീട് രണ്ടാം റക്അത്തിലേക്ക് എഴുന്നേൽക്കുക.

## രണ്ടാം റക്അത്ത്:

1. അഊദും ബിസ്മിയും ചൊല്ലുക. ഫാതിഹയും ഖുർആനിൽ നിന്ന് ചെറിയ അദ്ധ്യായമോ സൗകര്യപ്രദമായ ഭാഗമോ പാരായണം ചെയ്യുക.

2. നേരത്തെ ഗ്രഹിച്ച പോലെ റുകൂഉം സുജൂദും ചെയ്യുക. രണ്ടാമത്തെ സുജൂദിനു ശേഷം ഇരിക്കുക. അപ്പോൾ ചൂണ്ടുവിരൽ ഒഴികെയുള്ള വലതു കൈവിരലുകൾ മടക്കിപ്പിടിക്കുക. ചൂണ്ടുവിരൽ ഉയർത്തിവെക്കുക. താഴെ പറയുന്ന പ്രാർത്ഥന ചൊല്ലുക.

അത്തഹിയ്യാത്തു ലില്ലാഹി വസ്സ്വലവാത്തു വത്ത്വയ്യിബാത്തു അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്സ്വാലിഹീൻ. അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്.

അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ അദാബി ജഹന്നമ വമിൻ അദാബിൽ ഖബ്റി വമിൻ ഫിത്നത്തിൽ മഹ്‌യാ വൽ മമാത്തി വമിൻ ഫിത്നത്തിൽ മസീഹി ദ്ദജ്ജാൽ.

التَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ السَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ السَّلَامُ عَلَيْنَا وَعَلَى عِبَادِ اللهِ الصَّالِحِينَ أَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ

حَمِيدٌ مَجِيدٌ

اللّهُمَّ إِنِى اَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ وَمِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّال

എല്ലാ അഭിവാദ്യങ്ങളും പ്രാർത്ഥനകളും പുണ്യകർമ്മങ്ങളും അല്ലാഹുവിനാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തിയും കാരുണ്യവും അനുഗ്രഹങ്ങളും പ്രവാചകരെ അങ്ങയുടെ മേൽ ഉണ്ടാവട്ടെ. ഞങ്ങളിലും സദ്‌വൃത്തരായ ദൈവിക ദാസന്മാരിലും അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തിയുണ്ടാവട്ടെ. അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് (സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹുവെ, ഇബ്രാഹിം (അ)നും കുടുംബത്തിനും നീ നന്മചെയ്തപോലെ മുഹമ്മദ് (സ)നും കുടുംബത്തിനും നീ നന്മചെയ്യേണമേ. നീ സ്തുത്യർഹനും ശ്രേഷ്ടനുമാണ്. നിശ്ചയം.

അല്ലാഹുവെ, ഇബ്രാഹിം(അ)നും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തപോലെ മുഹമ്മദ്(സ)നും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ. നിശ്ചയമായും നീ സ്തുത്യർഹനും ഉത്കൃഷ്ടനുമാണ്.

അല്ലാഹുവേ, നരകശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ വിപത്തിൽ നിന്നും ഞാൻ നിന്നോടഭയം തേടുന്നു.

4. വലതു ഭാഗത്തേക്കും പിന്നീട് ഇടതു ഭാഗത്തേക്കും മുഖം തിരിക്കുക.

അപ്പോഴെല്ലാം അസ്സലാമു അലൈക്കും വറഹ്മത്തുല്ല السلام عليكم ورحمة الله എന്നു പറയുക.

## നമസ്കാരം : ചില നബിവചനങ്ങൾ.

1. സംഘടിത നമസ്കാരത്തിൽ പങ്കെടുത്തു ഒരാൾ ഫജർ നമസ്കരിക്കുന്നു. അനന്തരം സൂര്യോദയം വരെ അല്ലാഹുവെ സ്മരിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അയാൾക്ക് ഹജ്ജും ഉംറയും നിർവ്വഹിച്ചത്ര പ്രതിഫലം പൂർണ്ണമായും ലഭിക്കും. (തിർമുദി)

2. ഒരാളുടെ നമസ്കാരം ന്യൂനതയുള്ളതാണെങ്കിൽ ഐച്ഛിക നമസ്കാരങ്ങൾ നിർവഹിച്ച് അവനത് പൂർത്തിയാക്കട്ടെ. (ത്വബ്റാനി)

3. ആരെങ്കിലും ളുഹ്റിന് മുമ്പ് നാലു റക്അത്തും ശേഷം നാലും റക്അത്തുകൾ നമസ്കരിച്ചാൽ അയാൾക്ക് നരകം അല്ലാഹു നിഷിദ്ധമാക്കും. (തിർമുദി)

## നമസ്കാരം : ചില വിധികൾ

1. നമസ്കാരത്തിന് മുമ്പും ശേഷവുമുള്ള സുന്നത്തുകൾ നിർവ്വഹിക്കുക.

2. നമസ്കാരത്തിൽ അവധാനത പുലർത്തുക. നോട്ടം സുജൂദ് ചെയ്യുന്ന സ്ഥാനത്തേക്കാക്കുക. തിരിഞ്ഞു നോക്കരുത്.

3. ഇമാമിന്റെ ശബ്ദം കേൾക്കാത്ത നമസ്കാരങ്ങളിൽ പതുക്കെ ഖുർആൻ പാരായണം ചെയ്യുക. ഉച്ചത്തിൽ ഇമാം പാരായണം ചെയ്യുന്ന നമസ്കാരങ്ങളിലും ഫാതിഹ ഓതണം.

4. ജുമുഅ നമസ്കാരം രണ്ടു റക്അത്താണ്. പള്ളിയിൽ വച്ച് ഖുത്തുബക്ക് ശേഷം മാത്രമെ അത് നമസ്കരിക്കാവു.

5. മഗ്‌രിബ് നമസ്ക്കാരം മൂന്നു റക്അത്താണ്. സുബ്ഹി നമസ്കാരം പോലെ ആദ്യത്തെ രണ്ടു റക്അത്തുകൾ നിർവ്വഹിക്കുക. അത്തഹിയ്യാത്തിന് ശേഷം മൂന്നാമത്തെ റകഅത്തിനായി എഴുന്നേൽക്കുക. കൈകൾ ചുമലിനുനേരെ ഉയർത്തുക. തക്ബീർ ചൊല്ലുക. ഫാതിഹ മാത്രം (നിശ്ശബ്ദമായി) പാരായണം ചെയ്യുക. തുടർന്ന് നമസ്കാരം പൂർത്തിയാക്കി വലത്തോട്ടും ഇടത്തോട്ടും സലാം ചൊല്ലുക.

6. ളുഹർ, അസ്വർ, ഇശാഅ് എന്നീ നമസ്കാരങ്ങൾ നാലു റക്അത്തുകളുള്ളവയാണ്. സുബ്ഹി നമസ്കാരം നിർവ്വഹിച്ച പോലെ ആദ്യത്തെ രണ്ടു റക്അത്തുകൾ (നിശ്ശബ്ദമായി) പാരായണം ചെയ്തുകൊണ്ട് നിർവ്വഹിക്കുക. രണ്ടാമത്തെ റക്അത്തിൽ അത്തഹിയ്യാത്തിനു ശേഷം എഴുന്നേൽക്കുക. (പതുക്കെ) ഫാതിഹ മാത്രം പാരായണം ചെയ്തുകൊണ്ട് മൂന്നും നാലും റക്അത്തുകൾ പൂർത്തിയാക്കുക. നമസ്കാരം അവസാനിക്കുമ്പോൾ വലതു ഭാഗത്തേക്കും ഇടത്തേക്കും മുഖം തിരിച്ചുകൊണ്ട് സലാം ചൊല്ലുക.

7. വിത്ർ നമസ്കാരം മൂന്നു റക്അത്തുകളാണ്. ആദ്യം രണ്ടു റകഅത്ത് നമസ്കരിച്ച് സലാം ചൊല്ലുക. പിന്നെ ഒരു റകഅത്ത് നിർവ്വഹിക്കുക. റുകൂഇനു മുമ്പോ ശേഷമോ കൈകൾ ഉയർത്തി താഴെ പറയുന്ന പ്രാർത്ഥന ചൊല്ലുക.

للهم اهدني فيمن هديت ؛ وعافني فيمن عافيت ؛ وتولني فيمن توليت ؛ وبارك لي فيما أعطيت
وقني شر ما قضيت فإنك تقضي ولا يقضى عليك وإنه لا يذل من واليت ولا يعز من عاديت تباركت
ربنا وتعاليت

"അല്ലാഹുവേ നീ സന്മാർഗ്ഗത്തിലാക്കിയവരോടൊപ്പം എന്നെയും സത്പാന്ഥാവിലേക്ക് നയിക്കേണമേ. നീ സൗഖ്യം നല്കിയവരോടൊപ്പം എനിക്കും സൗഖ്യം നൽകേണമേ. നീ സംരക്ഷണം ഏറ്റെടുത്തവരോടൊപ്പം എന്നെയും സംരക്ഷിക്കേണമേ. നീ നൽകിയവയിൽ എന്നെ അനുഗ്രഹിക്കുകയും നീ വിധിച്ച നാശത്തിൽ നിന്ന് എന്നെ രക്ഷിക്കുകയും ചെയ്യേണമേ. നീ വിധിക്കുന്നു, നിന്റെ മേൽ വിധിക്കപ്പെടില്ല. നീ മിത്രമാക്കിയവൻ നിന്ദ്യനാവില്ല. നീ ശത്രുവാക്കിയവൻ പ്രതാപിയാവില്ല. നാഥാ, നീ അനുഗ്രഹിതനാണ്. ഉന്നതനാണ് നീ വിധിച്ചതിൽ നിനക്ക് സ്തോത്രം. ഞാൻ നിന്നോട് പാപമോചനം ചോദിക്കുന്നു. നിന്നിലേക്ക് ഖേദിച്ചു മടങ്ങുന്നു." (അബൂദാവൂദ്)

8. നമസ്കാരം ആരംഭിച്ച ശേഷം ഇമാമിനെ പിന്തുടരുന്നവൻ നിന്നു കൊണ്ട് അല്ലാഹു അക്ബർ എന്നു പറയട്ടെ. ഇമാം റുകൂഇലാണെങ്കിലും ശരി. പിന്നീട് ഇമാമിനോടൊപ്പം ചേരുക. ഇമാം റുകൂഇൽ നിന്ന് ഉയരുന്നതിന് മുമ്പ് ഇമാമിനോട് ചേർന്നവൻെറ റകഅത്ത് എണ്ണപ്പെടും. അല്ലാത്തപക്ഷം കണക്കാക്കപ്പെടില്ല.[2]

9. നമസ്കാരത്തിൽ അമിത വേഗത കാണിക്കരുത്. അത് നമസ്കാരത്തെ അസാധുവാക്കും. "ഒരാൾ വേഗത്തിൽ നമസ്കരിക്കുന്നത് ഒരിക്കൽ നബി(സ) കണ്ടു. അപ്പോൾ അയാളോട് പറഞ്ഞു നീ നമസ്കരിച്ചിട്ടില്ല. വീണ്ടും നമസ്കരിക്കു. മൂന്നു പ്രാവശ്യം ഇതാവർത്തിച്ചു. മൂന്നാമത്തെ പ്രാവശ്യം അയാൾ പറഞ്ഞു: പ്രവാചകരെ, എനിക്ക് പഠിപ്പിച്ചുതരൂ. അപ്പോൾ നബി(സ) പറഞ്ഞു. " ......നീ റുകൂഅ് ചെയ്യുക. അതിൽ ശാന്തത കൈകൊള്ളുക. പിന്നീട് റുകൂഇൽനിന്ന് ഉയർന്ന് ശാന്തമായി നിൽക്കുക. പിന്നീട് സുജൂദ് ചെയ്യുക. അതിലും സാമാധാനം സ്വീകരിക്കുക. പിന്നീട് സുജൂദിൽ നിന്ന് ഉയർന്ന് ശാന്തതയോടെ ഇരിക്കുക. (ബുഖാരി - മുസ്‌ലിം)

10. ആദ്യത്തെ അത്തഹിയ്യാത്തു പോലെ ഏതെങ്കിലും നിർബന്ധ കാര്യങ്ങൾ മറന്നുപോയാൽ നമസ്കാരം അവസാനിക്കുന്നതിനു മുമ്പ് രണ്ട് സുജൂദുകൾ ചെയ്യുക. നമസ്കാരത്തിലെ റക്അത്തുകളുടെ കാര്യത്തിൽ സന്ദേഹിയായാൽ ഏറ്റവും കുറഞ്ഞതിനെ പരിഗണിച്ച് ബാക്കി നമസ്കരിക്കുക. നമസ്കാരത്തിൻെറ അവസാനത്തിൽ രണ്ടു സുജൂദുകൾ ചെയ്ത് സലാം ചൊല്ലുക. ഇവക്ക് സഹ്‌വിൻെറ സുജൂദുകൾ എന്നു പറയുന്നു.

11. നമസ്കാരത്തിൽ അധികം ഇളകരുത്. അത് ഭയഭക്തിക്ക് ഭംഗം വരുത്തുന്നതാണ്. ചിലപ്പോൾ നമസ്കാരത്തെ അസാധുവാക്കാനും ഇടവരുത്തും. ചലനങ്ങൾ അത്യാവശ്യങ്ങൾ അല്ലാതിരിക്കുമ്പോൾ വിശേഷിച്ചും.

12. പാതിരാത്രിവരെയാണ് ഇശാ നമസ്കാര സമയം. വിത്ർ പ്രഭാതോദയം വരെ ആകാവുന്നതാണ്.

## നമസ്കാരം : ചില നബി മൊഴികൾ

1. ഞാൻ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടപോലെ നമസ്കരിക്കുക. (ബുഖാരി).

2. പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിനു മുൻപ് നിങ്ങൾ രണ്ടു റകഅത്ത് നമസ്കരിക്കുക. (ബുഖാരി)

3. ഖബറുകളിന്മേൽ ഇരിക്കരുത്. അവയിലേക്ക് തിരിഞ്ഞു നമസ്കരിക്കുകയും അരുത്. (മുസ്ലിം)

4. നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ പിന്നീട് നിർബ്ബന്ധ നമസ്ക്കാരമല്ലാതെ മറ്റൊരു നമസ്കാരവുമില്ല. (മുസ്‌ലിം)

2 ഫാത്തിഹ ഓതാൻ കഴിഞ്ഞവനുമാത്രമെ റക്അത്ത് ലഭിക്കുകയുള്ളു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.(വിവ.)

4. നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ പിന്നീട് നിർബന്ധ നമസ്കാരമല്ലാതെ മറ്റൊരു നമസ്കാരവുമില്ല. (മുസ്ലിം)

5. വസ്ത്രം ഉയർത്തരുതെന്ന് എന്നോട് കല്പിക്കപ്പെട്ടു. (മുസ്ലിം)

6. നിങ്ങളുടെ അണികൾ ചൊവ്വാക്കുക. ചേർന്നു നിൽക്കുക. അനസ് (റ) പറഞ്ഞു: ഞങ്ങൾ ചുമലുകളും കാൽ മടമ്പുകളും തൊട്ടടുത്തു നില്ക്കുന്നവനോട് ചേർത്തു വെച്ചിരുന്നു. (ബുഖാരി)

7. നമസ്കാരം ആരംഭിച്ചാൽ നിങ്ങൾ ഓടിയടുക്കരുത്. സാവധാനം നടന്നു വരിക. നിങ്ങൾക്ക് ലഭ്യമായത് നമസ്കരിക്കുക. നഷ്ടമായത് പൂർത്തിയാക്കുക. (ബുഖാരി, മുസ്‌ലിം)

8. റുകൂഇൽ ശാന്തനായി കുനിയുക. പിന്നീട് സമാധാനത്തോടെ ഉയർന്നു നില്ക്കുക. പിന്നീട് ശാന്തമായ വിധം സുജൂദ് ചെയ്യുക. (ബുഖാരി)

9. സുജൂദ് ചെയ്യുമ്പോൾ മുൻകൈകൾ നിലത്ത് വെക്കുക. കൈമുട്ടുകൾ ഉയർത്തിപ്പിടിക്കുക. (മുസ്ലിം)

10. ഞാൻ നിങ്ങളുടെ ഇമാമാണ്. റുകൂഉം സുജൂദും ഞാൻ ചെയ്യുന്നതിന് മുമ്പ് നിങ്ങൾ ചെയ്യരുത്. (മുസ്ലിം)

11. അന്ത്യനാളിൽ മനുഷ്യൻ തന്റെ നമസ്കാരത്തെ സംബന്ധിച്ചാണ് ആദ്യം ചോദിക്കപ്പെടുക. അത് സാധുവാണെങ്കിൽ അവന്റെ മറ്റു കർമ്മങ്ങളും സ്വീകാര്യമാവും. അത് സ്വീകാര്യമല്ലെങ്കിൽ അവന്റെ ഇതര കർമ്മങ്ങളും ഫലശൂന്യങ്ങളാവും. (ത്വബ്റാനി)

## സംഘടിത നമസ്കാരങ്ങളും ജുമുഅയും

പുരുഷൻമാർക്ക് സംഘടിത നമസ്കാരവും ജുമുഅയും നിർബന്ധമാണ്.

1. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَوٰةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللهِ وَذَرُوا الْبَيْعَ
ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ( الجمعة : ٩ )

"സത്യവിശ്വാസികളെ വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ ദൈവിക സ്മരണയിലേക്ക് വേഗം വരൂ. വ്യാപാരം ഒഴിവാക്കുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ." (വി.ഖു. 62 : 9)

2. നബി(സ) പറഞ്ഞു:
"ആർ മൂന്നു ജുമുഅകൾ അലംഭാവത്താൽ നഷ്ടപ്പെടുത്തിയോ, അവന്റെ ഹൃദയത്തിൻമേൽ അല്ലാഹു മുദ്ര പതിപ്പിച്ചിരിക്കുന്നു" (അഹ്മദ്)

3. നബി (സ) അരുൾ ചെയ്യുന്നു:
നമസ്കാരത്തിനായി കല്പിക്കുകയും നമസ്കാരമാരംഭിച്ചശേഷം സന്നിഹിതരാവാത്തവരെ അവരുടെ വീടുകൾക്കുള്ളിലിട്ട് കത്തിച്ചു കളയാൻ ഞാൻ ആഗ്രഹിച്ചു. (ബുഖാരി)

**4. നബി (സ) പറഞ്ഞു:**
**"ബാങ്ക് വിളി കേട്ടവൻ നമസ്കാരത്തിന് സന്നിഹിതനായില്ല. (ഭയം, രോഗം തുടങ്ങിയ) ന്യായമായ കാരണങ്ങൾ ഇല്ലെങ്കിൽ അവന് നമസ്കാരമില്ല." (ഇബ്നുമാജ)**

5. നബി(സ) യുടെ സമീപം ഒരു അന്ധൻ വന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, പള്ളിയിലേക്ക് നയിക്കാൻ ഒരു വഴികാട്ടിയും എനിക്കില്ല. അതിനാൽ തനിക്ക് ഇളവ് നല്കണം. അയാൾ നബി(സ)യോട് അപേക്ഷിച്ചു. ഇളവ് നല്കുകയും ചെയ്തു. അയാൾ തിരിഞ്ഞു പോകാൻ ഭാവിച്ചപ്പോൾ പ്രവാചകൻ (സ) അദ്ദേഹത്തോട് ചോദിച്ചു: നീ ബാങ്ക് കേൾക്കാറുണ്ടോ? അതെ അയാൾ പ്രതിവചിച്ചു. അപ്പോൾ നബി(സ)പറഞ്ഞു. എങ്കിൽ നീ അതിന് ഉത്തരം ചെയ്യണം" (മുസ്ലിം)

6. അബ്ദുല്ലാഹിബ്നിൻ മസ്ഊദ് (റ) പറയുന്നു:
മുസ്ലിമായ അവസ്ഥയിൽ നാളെ അല്ലാഹുവെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നവൻ ഈ അഞ്ചു നമസ്കാരങ്ങളുടെ കാര്യം സൂക്ഷിക്കട്ടെ. അതിന് വിളിക്കുന്നിടത്ത് അവൻ എത്തട്ടെ. നിങ്ങളുടെ പ്രവാചകന് അല്ലാഹു നിശ്ചയിച്ച സന്മാർഗ്ഗ ചര്യകളുണ്ട്. അവയിൽ പെട്ടതാണ് നമസ്കാരം. നമസ്കാരത്തിന് പള്ളിയിൽ എത്താതെ പിന്തി നില്ക്കുന്നവർ തങ്ങളുടെ വീട്ടിൽ വെച്ച് നിർവ്വഹിക്കുന്നപോലെ നിങ്ങളുമായാൽ നിങ്ങളുടെ പ്രവാചകചര്യ നിങ്ങൾ ഉപേക്ഷിച്ചവരായിത്തീരും. പ്രവാചക ചര്യ കൈവെടിഞ്ഞാൽ നിങ്ങൾ മാർഗ്ഗഭ്രംശത്തിലാവും. കപട വിശ്വാസിയെന്ന് വ്യക്തമായി അറിയപ്പെട്ടിരുന്നവരല്ലാതെ മറ്റാരും ഞങ്ങളുടെ കൂട്ടത്തിൽ (ജമാഅത്ത് നമസ്കാരത്തിൽ) വീഴ്ച വരുത്തുമായിരുന്നില്ല. (രോഗം കാരണം) ഞങ്ങളിൽ ചിലരെ മറ്റു രണ്ടുപേർ താങ്ങിപ്പിടിച്ച് പള്ളിയിൽ കൊണ്ടുവന്ന് അണിയിൽ നിറുത്താറുണ്ടായിരുന്നു. (മുസ്ലിം)

## ജുമുഅ, ജമാഅത്തുകളുടെ ശ്രേഷ്ഠത:

1. നബി(സ) അരുൾ ചെയ്തു:
"ഒരാൾ കുളിച്ചു ജുമുഅക്ക് എത്തി, നിശ്ചിത റക്അത്തുകൾ സുന്നത്ത് നമസ്കരിച്ചു. അനന്തരം ഇമാം ഖുത്ബയിൽ നിന്ന് വിരമിക്കുന്നതുവരെ ശ്രദ്ധിച്ചു കേട്ടു. തുടർന്നു ഇമാമിന്റെ കൂടെ രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നു. എന്നാൽ അടുത്ത ജുമുഅക്ക് ഇടയിലുള്ള അവന്റെ പാപങ്ങൾ പൊറുക്കപ്പെടും. മൂന്നു ദിവസം അതിനു പുറമെയും പൊറുക്കപ്പെടും. (മുസ്ലിം)

**2. നബി(സ) പറഞ്ഞു:**
**സംഘടിതമായി ഇശാ നമസ്കാരം നിർവ്വഹിച്ചവൻ രാത്രിയുടെ അർദ്ധഭാഗം നിന്നു നമസ്കരിച്ചതുപോലെയാണ്. പ്രഭാത നമസ്കാരം ജമാഅത്തായി നിർവ്വഹിച്ചവൻ രാവു മുഴുവനും നമസ്കരിച്ചതിനു തുല്യമാണ്. (മുസ്ലിം)**

**3. നബി(സ) പ്രസ്താവിക്കുന്നു.**

"സംഘടിത നമസ്കാരം ഒറ്റയായ നമസ്കാരത്തെക്കാൾ ഇരുപത്തേഴു മടങ്ങ് ഉത്കൃഷ്ടമാണ്". (ബുഖാരി, മുസ്ലിം)

4. നബി(സ) പറയുന്നു:
"വലിയ അശുദ്ധിയുള്ളവൻ കുളിക്കുന്നപോലെ ഒരാൾ വെള്ളിയാഴ്ച നേരത്തെ കുളിച്ചു പള്ളിയിൽ എത്തിയാൽ അവൻ ഒരു ഒട്ടകത്തെ ബലിയറുത്ത പോലെയാണ്. രണ്ടാം നാഴികയിൽ പോയവൻ ഒരു പശുവിനെ അറുത്തപോലെയാണ്. മൂന്നാമത്തെ മണിക്കൂറിൽ പോയവൻ ഒരു മുട്ടനാടിനെ അർപ്പിച്ചതിനു തുല്യമാണ്. നാലാമത്തെ നാഴികയിൽ പോയവൻ ഒരു കോഴിയെ ബലികൊടുത്ത പോലെയാണ്. അഞ്ചാമത്തെ നാഴികയിൽ പോയവൻ ഒരു മുട്ട അർപ്പിച്ചതു പോലെ. ഇമാം ഉത്ബോധന മാരംഭിച്ചാൽ മലക്കുകൾ അത ശ്രവിക്കാൻ സന്നിഹിതരാവും" (മുസ്ലിം)

## വെള്ളിയാഴ്ചയും ജുമുഅയും

1. വെള്ളിയാഴ്ച ഞാൻ കുളിക്കും, നഖം മുറിക്കും, വുളൂവിനു ശേഷം ഞാൻ സുഗന്ധം പൂശും. നല്ല വസ്ത്രങ്ങൾ അണിയുകയും ചെയ്യും.

2. ഞാൻ ഉള്ളിയോ വെളുത്തുള്ളിയോ ഭക്ഷിക്കില്ല. അവ ദുർഗന്ധം വമിപ്പിക്കുന്നവയാണ്. പുകവലിക്കുകയുമില്ല. മിസ്വാകോ, പേസ്റ്റും ബ്രഷുമോ ഉപയോഗിച്ച് ഞാൻ ദന്ത ശുചീകരണം നടത്തും.

3. പള്ളിയിൽ പ്രവേശിച്ചാൽ രണ്ടു റക്അത്ത് നമസ്കരിക്കും. അപ്പോൾ ഇമാം മിമ്പറിൽ പ്രസംഗിക്കുകയാണെങ്കിലും ശരി. നബി(സ)യുടെ ആജ്ഞയനുസരിച്ചാണ് ഞാൻ ഇങ്ങിനെ ചെയ്യുന്നത്.
അവിടുന്ന് പറഞ്ഞു: "ഇമാം പ്രസംഗിച്ചു കൊണ്ടിരിക്കെ ജുമുഅക്ക് എത്തിയവൻ ലഘുവായ രണ്ടു റക്അത്ത് നമസ്കരിക്കട്ടെ" (ബുഖാരി, മുസ്ലിം)

4. ഇമാമിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു കേട്ടിരിക്കും. അതിനിടെ സംസാരിക്കുകയില്ല.

5. ഇമാമിനെ അനുധാവനം ചെയ്ത് ഞാൻ ജുമുഅയുടെ നിർബന്ധമായ രണ്ടു റക്അത്തുകൾ നമസ്കരിക്കും. നിയ്യത്ത് മനസ്സിലാണ് കരുതുക.

6. ജുമുഅക്ക് ശേഷം നാലു റക്അത്തുകൾ സുന്നത്തായി നമസ്കരിക്കും. അല്ലെങ്കിൽ വീട്ടിൽ വെച്ചു രണ്ട് റക്അത്തുകൾ നമസ്കരിക്കും. അതാണല്ലോ ഏറ്റവും ഉത്തമം.

7. മറ്റു നാളുകളെക്കാൾ ഈ ദിവസം നബി(സ)യുടെ മേൽ സ്വലാത്ത് വർദ്ധിപ്പിക്കും.

8. വെള്ളിയാഴ്ച പ്രാർത്ഥനയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുക. "വെള്ളിയാഴ്ച ഒരു സമയമുണ്ട്. അന്നേരം ഒരു മുസ്‌ലിം അല്ലാഹുവോട് നന്മ ചോദിക്കുന്നതായാൽ അത് അവന് നല്കപ്പെടാതിരിക്കില്ല" (ബുഖാരി, മുസ്‌ലിം) എന്ന നബി വചനം ശ്രദ്ധേയമാണ്.

## രോഗിയുടെ നമസ്കാരം

സഹോദരാ,
രോഗാവസ്ഥയിലും നമസ്കാരം ഉപേക്ഷിക്കുന്നത് സൂക്ഷിക്കുക. നമസ്കാരം നിർബന്ധ ബാദ്ധ്യതയാണ്. അടർക്കളത്തിൽ പോരാടുന്ന യോദ്ധാക്കളോടു യുദ്ധരംഗത്തു പോലും അത് അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ട്. നമസ്കാരം രോഗിക്ക് മന:സ്സമാധാനം നല്കുന്നു. അതവന്റെ രോഗ ശമനത്തിന് കാരണമാവുന്നു.

അല്ലാഹു പറയുന്നു: ( البقرة : ٤٥) وَاسْتَعِينُوا بِالصَّبْرِ وَالصَّلٰوةِ
"നിങ്ങൾ സഹനവും നമസ്കാരവും കൊണ്ട് സഹായമർത്ഥിക്കുക".(വി.ഖു.2:45)
നബി(സ) പറയാറുണ്ടായിരുന്നു:
**"ബിലാൽ, നമസ്കാരം ആരംഭിക്കൂ. അതുമൂലം നമുക്ക് ശാന്തത വരട്ടെ".**
(അബൂദാവൂദ്. ഇതിന്റെ പരമ്പര സ്വീകാര്യമാണെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്)

രോഗിയുടെ അന്ത്യം എത്തിയിട്ടുണ്ടെങ്കിൽ നമസ്കരിക്കുന്നവനായി മരിക്കുന്നതാണല്ലോ അവന് ഉത്തമം. നമസ്കാരം ഉപേക്ഷിക്കുന്ന ധിക്കാരിയായി അവൻ മരിക്കാനിടവരരുത്. രോഗിക്ക് പ്രയാസങ്ങൾ അല്ലാഹു ലഘൂകരിച്ചിട്ടുണ്ട്. വുളൂവിനും വലിയ അശുദ്ധിയുടെ വേളയിലും ജലം ഉപയോഗിക്കാൻ വിഷമമാണെങ്കിൽ അവന് തയമ്മും ചെയ്യാം. നമസ്കാരം ഉപേക്ഷിക്കാതിരിക്കാനാണ് അല്ലാഹു ഇതനുവദിച്ചത്.

അല്ലാഹു പറയുന്നു:

وَإِنْ كُنْتُمْ مَرْضَى أو عَلَى سَفَرٍ او جَاءَ احَدٌ مِنْكُمْ مِنَ الغَائِطِ اولَامَسْتُمُ النِسَاءَ فَلَمْ تَجِدُوا مَاءً فَتَيَمَّمُوا صَعِيدًا طَيِّبًا فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُمْ مِنْهُ ما يُرِيدُ اللهُ لِيَجْعَلَ عَلَيْكُم مِنْ حَرَجٍ وَلَكِنْ يُرِيدُ لِيُطَهِّرَكُمْ وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُم تَشْكُرُونَ (المائدة : ٦)

"നിങ്ങൾ രോഗികളാവുകയോ, യാത്രയിലാവുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ മണ്ണു കൊണ്ട് 'തയമ്മും' ചെയ്യുക. നിങ്ങളുടെ മുഖവും കൈകളും അതുകൊണ്ട് തടവുക. അല്ലാഹു നിങ്ങൾക്ക് ഒരു പ്രയാസവും ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ കൃതജ്ഞരായേക്കാം. (വി. ഖു. 5 : 6)

## രോഗിയുടെ ശുദ്ധീകരണം

1. സാധാരണ ഗതിയിൽ രോഗി ജലം കൊണ്ട് ശുചീകരണം വരുത്തണം. ചെറിയ അശുദ്ധിയുള്ളപ്പോൾ വുളൂ എടുക്കണം. വലിയ അശുദ്ധിയിൽ നിന്ന് കുളിച്ചു ശുചിയാകണം.

2. രോഗം മൂർച്ഛിക്കുമെന്ന ഭയം, ശമനദൈർഘ്യത്തെ കുറിച്ച ആശങ്ക, ബലഹീനത തുടങ്ങിയ കാരണങ്ങളാൽ ജലം ഉപയോഗിക്കാൻ സാധ്യമല്ലെങ്കിൽ അയാൾക്ക് തയമ്മും ചെയ്യാം.

3. ശുദ്ധമായ നിലത്ത് കൈകൾ ഒരടി അടിക്കുക. അതുകൊണ്ട് മുഖം പൂർണ്ണമായി തടവുക. മുൻകൈകൾ ഒന്ന് മറ്റേത്കൊണ്ട് പരസ്പരം തടവുക. ഇതാണ് തയമ്മുമിന്റെ രൂപം.

4. രോഗിക്ക് സ്വയം ശുചീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റൊരാൾ രോഗിയെ വുദു എടുപ്പിക്കുകയോ തയമ്മും ചെയ്യിപ്പിക്കുകയോ വേണം.

5. ശുചിയാക്കേണ്ട ഏതെങ്കിലും അവയവത്തിൽ മുറിവുണ്ടെങ്കിൽ അത് കഴുകി ശുദ്ധിയാക്കണം. കഴുകിക്കൊണ്ടുള്ള ശുചീകരണം മുറിവിനെ ബാധിക്കുമെങ്കിൽ കൈ വെള്ളത്തിൽ നനച്ച് അതുകൊണ്ട് അവിടം തടവിയാൽ മതി. തടവാനും പ്രയാസകരമാണെങ്കിൽ അതിനു പകരമായി തയമ്മും ചെയ്യുക.

6. രോഗിയുടെ അവയവങ്ങളിൽ തുണികൊണ്ടുള്ള കെട്ടോ ബാൻഡേജോ ഉണ്ടെങ്കിൽ ജലം കൊണ്ട് അതിന്മേൽ തടവിയാൽ മതി. തടവൽ കഴുകുന്നതിന് പകരമായതിനാൽ പിന്നെ തയമ്മും ചെയ്യേണ്ടതില്ല.

7. ചുമരിന്മേലും പൊടിയുള്ള ശുദ്ധമായ മറ്റു വസ്തുക്കളിലും കൈ അടിച്ചുകൊണ്ട് തയമ്മും ചെയ്യാം. മണ്ണല്ലാത്ത വസ്തുക്കൾകൊണ്ട് തേച്ച ചുമരിന്മേൽ തയമ്മും ചെയ്യാവതല്ല. അതിനാൽ പെയിന്റ് പോലുള്ള വസ്തുക്കൾ തേച്ച ചുമരിന്മേൽ പൊടിയുണ്ടെങ്കിൽ മാത്രമേ തയമ്മും ചെയ്യാവൂ.

8. നിലത്തോ ചുമരിലോ പൊടിമണ്ണുള്ള വസ്തുവിലോ തയമ്മും ചെയ്യുന്നില്ല എങ്കിൽ ഒരു പാത്രത്തിലോ തുവാലയിലോ മണ്ണെടുത്ത് തയമ്മും ചെയ്യുന്നതിൽ വിരോധമില്ല.

9. ഒരു നമസ്കാരത്തിനു തയമ്മും ചെയ്ത വ്യക്തിയുടെ ശുദ്ധി അടുത്ത നമസ്ക്കാരം വരെ അവശേഷിക്കുകയാണെങ്കിൽ ആ നമസ്ക്കാരവും അയാൾക്ക് നിർവ്വഹിക്കാം. അതിന് മറ്റൊരു തയമ്മും ചെയ്യേണ്ടതില്ല. അയാളുടെ ശുചിയെ അസാധുവാക്കുന്ന ഒന്നും സംഭവിച്ചിട്ടില്ലല്ലോ,

10. രോഗി മാലിന്യങ്ങളിൽ നിന്ന് ശരീരം ശുചിയാക്കണം. അതിന് ഒരിക്കലും സാധ്യമായില്ലെങ്കിലും അയാൾക്ക് നമസ്ക്കരിക്കാം. രണ്ടാമത് അത്

മടക്കേണ്ടതുമില്ല.

11. രോഗിയും ശുചിയുള്ള വസ്ത്രം ഉപയോഗിച്ചാണ് നമസ്ക്കരിക്കേണ്ടത്. വസ്ത്രത്തിൽ മാലിന്യമുണ്ടെങ്കിൽ അത് കഴുകണം. അല്ലെങ്കിൽ ആ വസ്ത്രം മാറണം. അതിനു സാധ്യമായില്ലെങ്കിൽ അയാൾക്കതിൽതന്നെ നമസ്ക്കരിക്കാം. പിന്നീട് ആ നമസ്ക്കാരം വീണ്ടും നിർവ്വഹിക്കേണ്ടതുമില്ല.

12. ശുദ്ധമായ വസ്തുവിലാണ് രോഗിയും നമസ്കരിക്കേണ്ടത്. അത് അശുദ്ധമാണെങ്കിൽ കഴുകി ശുചിയാക്കണം. അല്ലെങ്കിൽ ശുദ്ധമായ മറ്റൊരു വസ്തുവിൽ നമസ്ക്കരിക്കണം. അതുമല്ലെങ്കിൽ മാലിന്യമുള്ള വസ്തുവിൻെറ മുകളിൽ ശുദ്ധമായത് എന്തെങ്കിലും വിരിക്കണം. ഒന്നിനും സാധ്യമായില്ലെങ്കിൽ അതേ അവസ്ഥയിൽതന്നെ നമസ്ക്കരിക്കുക. ആ നമസ്ക്കാരം സാധുവായിരിക്കും. പിന്നീടത് മടക്കേണ്ടതില്ല.

13. ശുദ്ധീകരിക്കാൻ സാധ്യമല്ലാത്തതിൻെറ പേരിൽ രോഗി നമസ്ക്കാര സമയം തെറ്റിക്കാവതല്ല. സാധിക്കുന്ന രൂപത്തിൽ ശുദ്ധിവരുത്തി കൃത്യ സമയത്തുതന്നെ നമസ്ക്കരിക്കണം. ദേഹത്തിലോ വസ്ത്രത്തിലോ നമസ്ക്കാര സ്ഥലത്തോ അയാൾക്ക് നീക്കികളയാൻ സാധിക്കാത്ത മാലിന്യം ഉണ്ടെങ്കിലും ശരി.

## രോഗി എങ്ങിനെ നമസ്കരിക്കണം ?

1. നിർബന്ധ നമസ്കാരങ്ങൾ രോഗി നിന്നു നമസ്കരിക്കണം. കുനിഞ്ഞു നിന്നോ ചുമരോ വടിയോ അവലംബിച്ചു നിന്നുകൊണ്ടോ ആണെങ്കിലും ശരി.

2. നിൽക്കാൻ സാധ്യമല്ലെങ്കിൽ ഇരുന്നു നമസ്കരിക്കുക. നിർത്തത്തിൻെറയും റുകൂഇൻെറയും സ്ഥാനത്ത് പടിഞ്ഞ് ഇരിക്കലാണ് ഉത്തമം.

3. ഇരുന്ന് നമസ്കരിക്കാൻ കഴിയില്ലെങ്കിൽ ഖിബ്‌ലയുടെ ഭാഗത്തേക്ക് ചെരിഞ്ഞു കിടന്നു നമസ്കരിക്കുക. വലതു പാർശ്വത്തിൽ കിടക്കുന്നതാണ് ഉത്തമം. ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിഞ്ഞുകിടക്കാൻ സാധിക്കുന്നില്ലെങ്കിൽ സാധ്യമായ ഭാഗത്തേക്കു കിടന്നു നമസ്കരിക്കട്ടെ. അവൻെറ നമസ്കാരം ശരിയാണ്. പിന്നീട് മടക്കി നമസ്കരിക്കേണ്ടതില്ല.

4. പാർശ്വ ഭാഗത്തേക്ക് ചെരിഞ്ഞു കിടക്കാൻ സാധിക്കുന്നില്ലെങ്കിൽ മലർന്നു കിടന്ന് നമസ്കരിക്കുക. അപ്പോൾ കാലുകൾ ഖിബ്‌ലയുടെ ഭാഗത്തേക്ക് നീട്ടി വെക്കുക. ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിയാൻ വേണ്ടി തല അൽപം ഉയർത്തിപ്പിടിക്കുന്നത് ഉത്തമമാണ്. കാലുകൾ ഖിബ്‌ലയുടെ ഭാഗത്തേക്ക് വെക്കാൻ സാധ്യമല്ലെങ്കിൽ കഴിയുന്ന രൂപത്തിൽ നമസ്കരിക്കുക. പിന്നീട് വീണ്ടും നമസ്കരിക്കേണ്ടതില്ല.

5. നമസ്കരിക്കുന്ന രോഗി റുകൂഉം-സുജൂദുകളും ചെയ്യണം. അതിന് സാധിക്കുന്നില്ലെങ്കിൽ തലകൊണ്ട് ആംഗ്യം കാണിക്കുക. റുകൂഇനേക്കാൾ സുജൂദിൽ തല കുനിക്കുക. റുകൂഅ് ചെയ്യാൻ കഴിയുകയും സുജൂദ് ചെയ്യാൻ

സാധ്യമല്ലാതിരിക്കുകയും ചെയ്താൽ റുകൂഅ് ചെയ്യുക. സുജൂദിനു പകരം ആംഗ്യം കാണിക്കുക. സുജൂദ് ചെയ്യാൻ സാധിക്കുകയും റുകൂഅ് കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ സുജൂദിന്റെ സമയത്ത് സുജൂദ് ചെയ്യുക. റുകൂഇന് പകരം ആംഗ്യം കാണിക്കുക. സാഷ്ടാംഗം ചെയ്യാൻ തലയിണ ആവശ്യമില്ല.

6. റുകൂഅ്, സുജൂദുകളിൽ ശിരസ്സ്കൊണ്ട് ആംഗ്യം കാണിക്കാൻ സാധ്യമല്ലെങ്കിൽ കണ്ണുകൊണ്ട് ആംഗ്യം കാണിക്കുക. റുകൂഇന് കണ്ണ് അല്പം അടക്കുക. സുജൂദിൽ അതിനേക്കാളും അടക്കുക. ചില രോഗികൾ ചെയ്യാറുള്ളപോലെ വിരലുകൊണ്ടുള്ള ആംഗ്യം ശരിയല്ല. അതിന് ഖുർആനിന്റെയോ നബിചര്യയുടേയോ പിൻബലമില്ല. പണ്ഡിതരും അത് അഭിപ്രായപ്പെട്ടിട്ടില്ല.

7. ശിരസ്സ്കൊണ്ടും കണ്ണുകൊണ്ടും ആംഗ്യം കാണിക്കാൻ സാധ്യമല്ലെങ്കിൽ മനസ്സിൽ നമസ്കരിക്കുക. തക്ബീർ ചൊല്ലുക. പാരായണം ചെയ്യുക. റുകൂഉം സുജൂദും നില്ക്കലും ഇരുത്തവുമെല്ലാം മനസ്സിൽ കരുതുക.
"ഓരോരുത്തർക്കും താനുദ്ദേശിച്ചത് ലഭിക്കും."

8. എല്ലാ നമസ്കാരങ്ങളും രോഗി അവയുടെ നിർണ്ണിത സമയത്ത് നിർവ്വഹിക്കണം. അവയിലെ നിർബന്ധ കാര്യങ്ങൾ സാധിക്കുന്ന വിധം ചെയ്യുക. കൃത്യ സമയത്ത് നമസ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ ളുഹർ- അസ്വർ നമസ്കാരങ്ങൾ ഒരുമിച്ചും മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ഒരുമിച്ചും നിർവ്വഹിക്കാം. അങ്ങിനെ നമസ്കരിക്കുമ്പോൾ ളുഹറിന്റെ സമയത്ത് തന്നെ അസ്വറും, മഗ്രിബിന്റെ സമയത്ത് തന്നെ ഇശായും നമസ്കരിക്കാം. ഇതിനു 'ജംഉത്തഖ്ദീം' എന്നു പറയുന്നു. അയാൾക്ക് അസ്വറിന്റെ സമയത്തേക്ക് ളുഹറിനെയും ഇശാഇന്റെ സമയത്തേക്ക് മഗ്രിബിനെയും പിന്തിപ്പിച്ചും നിർവ്വഹിക്കാം. ഇതിനു "ജംഉത്തഅ്ഖീർ" എന്നു പറയുന്നു. ഫജ്ർ നമസ്കാരം കൃത്യ സമയത്തുതന്നെ നിർവ്വഹിക്കണം. മുന്നോട്ടോ പിന്നോട്ടോ മാറ്റി വെക്കാവതല്ല.

9. ദൂര ദേശങ്ങളിൽ ചികിത്സക്ക് പോകുന്ന രോഗിക്ക് നാലു റക്അത്തുകളുള്ള നമസ്കാരങ്ങൾ ചുരുക്കി നിർവ്വഹിക്കാം. ളുഹർ, അസ്വർ, ഇശാ എന്നിവ രണ്ടു വീതം നമസ്കരിച്ചാൽ മതി യാത്രയുടെ കാലം ദീർഘിച്ചാലും ഇല്ലെങ്കിലും ശരി

## നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനകളിൽചിലത്

اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ اللَّهُمَّ اغْسِلْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ

'അല്ലാഹുവേ, നീ കിഴക്കിനെയും പടിഞ്ഞാറിനെയും തമ്മിൽ അകറ്റിയപോലെ എനിക്കും എന്റെ പാപങ്ങൾക്കുമിടയിൽ നീ അകലം ഉണ്ടാക്കേണമേ. അല്ലാഹുവെ വെള്ള വസ്ത്രം മാലിന്യങ്ങളിൽ നിന്ന് ശുദ്ധിയാക്കപ്പെടുന്ന പോലെ എന്റെ പാപങ്ങളിൽ നിന്ന് എന്നെ ശുചീകരിക്കേണമേ. എന്റെ പാപങ്ങളെ ജലം, മഞ്ഞ്, ഹിമം എന്നിവകൊണ്ട് കഴുകേണമേ. (നിർബന്ധ നമസ്കാരങ്ങളിലായിരുന്നു നബി (സ) ഈ പ്രാർത്ഥന നടത്തിയിരുന്നത്)

اللَّهُمَّ أَنْتَ الْمَلِكُ لَا إِلَهَ إِلَّا أَنْتَ أَنْتَ رَبِّي وَأَنَا عَبْدُكَ ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي فَاغْفِرْ لِي ذُنُوبِي جَمِيعًا إِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ. اللَّهُمَّ اهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ وَاصْرِفْ عَنِّي سَيِّئَهَا فَإِنَّهُ لَا يَصْرِفُ سَيِّئَهَا إِلَّا أَنْتَ.

'അല്ലാഹുവേ നീയാണ് രാജാവ്. നീയല്ലാതെ ആരാധനക്ക് അർഹനില്ല. നീ എന്റെ നാഥനാണ്. ഞാൻ നിന്റെ ദാസനുമാണ്. ഞാൻ എന്നോട് തന്നെ അതിക്രമകാരിയായിരിക്കുന്നു. എന്റെ തെറ്റുകൾ ഞാൻ സമ്മതിക്കുന്നു. എന്റെ പാപങ്ങൾ നീ മാപ്പാക്കേണമേ. നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല. നാഥാ നീ എന്നെ സത്സ്വഭാവത്തിലേക്ക് നയിക്കേണമേ. നീയല്ലാതെ അവയിൽ ഉത്തമമായതിലേക്ക് നയിക്കുന്നവരില്ല. ദുസ്സ്വഭാവങ്ങളെ എന്നിൽ നിന്ന് തിരിച്ചു വിടേണമേ. അവയിൽ നിന്ന് പിന്തിരിപ്പിക്കുന്നവൻ നീ മാത്രമാണ്'.
(നിർബന്ധ-ഐഛിക നമസ്കാരങ്ങളിൽ നബി (സ) ഈ പ്രാർത്ഥന നടത്താറുണ്ടായിരുന്നു)

## ഉത്തരം ലഭിക്കുന്ന ഒരു പ്രാർത്ഥന.

നബി (സ) പറഞ്ഞു: രാത്രിയിൽ ഒരാൾ ഉണർന്നശേഷം (താഴെ പറയുന്ന വചനങ്ങൾക്കുശേഷം) പ്രാർത്ഥിക്കുകയോ പശ്ചാത്തപിക്കുകയോ ചെയ്താൽ അതിന് ഉത്തരം ലഭിക്കുന്നതാണ്. അവൻ അംഗശുദ്ധി വരുത്തി നമസ്കരിച്ചാൽ അത് സ്വീകരിക്കപ്പെടുന്നതുമാണ്.

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ سُبْحَانَ اللهِ
وَالْحَمْدُ لِلَّهِ وَلَا إِلَهَ إِلَّا اللهُ وَاللهُ أَكْبَرُ وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ

അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. അവന്നാണ് ആധിപത്യം. അവന് സ്തോത്രം. അവൻ സർവ്വശക്തനാണ്. അല്ലാഹു പരിശുദ്ധൻ. സർവ്വ സ്തുതികളും അല്ലാഹുവിന്. അവൻ അല്ലാതെ ആരാധനക്ക് അർഹനില്ല. അല്ലാഹു അത്യുന്നതൻ. അവന്നല്ലാതെ (യഥാർത്ഥത്തിൽ) കഴിവോ ശക്തിയോ ഇല്ല.

# മയ്യിത്ത് നമസ്കാരം.

മയ്യിത്തിനു വേണ്ടി നമസ്കരിക്കുകയാണെന്ന് മനസ്സിൽ കരുതുക. നാലു പ്രാവശ്യമാണ് തക്ബീർ ചൊല്ലേണ്ടത്. അവയുടെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

1. ഒന്നാമത്തെ തക്ബീറിനു ശേഷം അഊദും ബിസ്മിയും ചൊല്ലിയ ശേഷം ഫാത്തിഹ പാരായണം ചെയ്യുക.

2. രണ്ടാമത്തെ തക്ബീറിനു ശേഷം ഇബ്രാഹീമി സ്വലാത്ത് ചൊല്ലുക.

اللَّهُمَّ صَلِّ عَلَى مُحَمَّدٍ ..................... حَمِيدٌ مَجِيدٌ

(പൂർണ്ണരൂപം മേലെ കാണിച്ചത് നോക്കുക)

3. മൂന്നാമത്തെ തക്ബീറിനു ശേഷം നബി(സ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട പ്രാർത്ഥന ചൊല്ലുക. അത് പ്രകാരമാണ്.

اللَّهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَأُنْثَانَا اللَّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الإِسْلَامِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الإِيمَانِ اللَّهُمَّ لَا تَحْرِمْنَا أَجْرَهُ وَلَا تَفْتِنَّا بَعْدَهُ

"അല്ലാഹുമ്മ ഗ്ഫിർ ലിഹയ്യിനാ വമയ്യിതിനാ വശാഹിദിനാ വഗാഇബിനാ വസ്വഗീരിനാ വകബീരിനാ വദകരിനാ വഉൻസാനാ. അല്ലാഹുമ്മ മൻ അഹ്‌യയ്തഹു മിന്നാ ഫഅഹ്‌യിഹി അലൽ ഇസ്‌ലാം. വമൻ തവഫ്ഫയ്തഹു മിന്നാ ഫതവഫ്ഫഹു അലൽ ഈമാൻ. അല്ലാഹുമ്മ ലാ തുഹ്‌രിംനാ അജ്റഹു വലാ തഫ്തിന്നാ ബഅ്ദഹു."

( അല്ലാഹുവെ, ഞങ്ങളിലെ ജീവിച്ചിരിക്കുന്നവർക്കും, മരിച്ചവർക്കും സന്നിഹിതരായവർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും, വലിയവർക്കും ചെറിയവർക്കും,നീ പൊറുത്തു കൊടുക്കേണമേ. അല്ലാഹുവെ, ഞങ്ങളിൽ ജീവിക്കുന്നവരെ ഇസ്‌ലാമിൽ ജീവിപ്പിക്കുകയും മരിപ്പിക്കുന്നവരെ സത്യ വിശ്വാസത്തോടെ മരിപ്പിക്കുകയും ചെയ്യേണമേ ( അഹ്മദ്, തിർമുദി നാഥാ ഈ പ്രാർത്ഥനയുടെ പ്രതിഫലം ഞങ്ങൾക്ക് നീ തടയരുതേ. അദ്ദേഹത്തിനു ശേഷം ഞങ്ങളെ നാശത്തിൽ അകപ്പെടുത്തരുതേ ).

4. നാലാം തക്ബീറിനു ശേഷം ഇഷ്ടമുള്ള മറ്റു പ്രാർത്ഥനകളുമാവാം. അനന്തരം വലതു ഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട് സലാം ചൊല്ലുക.

## മരണത്തെക്കുറിച്ച് അല്പം:

അല്ലാഹു പറയുന്നു:

"ഏതൊരു ദേഹവും മരണം ആസ്വാദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ പുനരുത്ഥാന നാളിൽ മാത്രമേ സമ്പൂർണ്ണമായി

നിങ്ങൾക്കു ലഭിക്കയുള്ളൂ. ആർ നരകത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവൻ വിജയം നേടി. ഐഹിക ജീവിതം ഒരു വഞ്ചനയുടെ വിഭവം മാത്രമാണ്." (വിഖു. 3: 185)

ഒരു അറബിക്കവിതയുടെ ആശയം നോക്കുക-
ഒരുങ്ങുക നീ, അനിവാര്യ യാത്രക്ക്.
മൃത്യു മർത്യന്റെ വാഗ്ദാന സമയം.
ജീവിച്ചിരിക്കെത്തന്നെ നീ സ്വ പാപങ്ങളിൽ പശ്ചാത്തപിക്കൂ.
ഒരുക്കമില്ലാതെ യാത്ര ചെയ്താൽ നീ ഖേദിക്കും.
മൃത്യുവിൻ നാദം നിന്നെ വിളിക്കുമ്പോൾ നീ ദൌർഭാഗ്യവാനാവും.
യാത്രാസന്നാഹമുള്ള ജനതയോടൊത്ത്,
ഒന്നുമില്ലാതെ ചരിക്കാൻ നിനക്ക് ആശയുണ്ടോ?

## പെരുന്നാൾ നമസ്കാരം

1. ഈദുൽ ഫിത്വറിനും ബലിപെരുന്നാളിനും നബി(സ) മൈതാനിയിലേക്ക് പുറപ്പെട്ടിരുന്നു. നമസ്കാരമായിരുന്നു ആദ്യം നിർവ്വഹിച്ചിരുന്നത്. (ബുഖാരി)

2. നബി (സ) പറഞ്ഞു:
ചെറിയ പെരുന്നാളിന്റെ ആദ്യ റക്അത്തിൽ ഏഴു തക്ബീറുകളും രണ്ടാമത്തേതിൽ അഞ്ചു തക്ബീറുകളുമാണുള്ളത്. അവക്ക് ശേഷമായിരിക്കണം ഖുർആൻ പാരായണം ചെയ്യേണ്ടത്. (അബൂദാവൂദ്)

3. ഈദുൽ ഫിത്വറിനും ഈദുൽ അദ്ഹാക്കും യുവതികളെയും കന്യകകളെയും ആർത്തവകാരികളെയും പുറപ്പെടുവിക്കാൻ നബി(സ) ഞങ്ങളോടാജ്ഞാപിച്ചു. ഋതുമതികൾ നമസ്കാരത്തിൽ നിന്ന് വിട്ടു നില്ക്കട്ടെ. മുസ്ലിംകളുടെ പ്രാർത്ഥനയിലും പുണ്യത്തിലും അവരും സന്നിഹിതരാവട്ടെ. ഞാൻ (ഉമ്മു അതിയ്യ: (റ)) ചോദിച്ചു. 'അല്ലാഹുവിന്റെ ദൂതരെ : ഞങ്ങളിലൊരുവൾക്ക് മൂടുപടം ഇല്ലെങ്കിലോ? അവിടുന്നു പറഞ്ഞു: 'അവളുടെ സഹോദരി തന്റെ മൂടുപടത്തിൽ നിന്ന് (ഒരെണ്ണം നൽകി) അവളെ ധരിപ്പിക്കട്ടെ'. (ബുഖാരി, മുസ്'ലിം)

### ഹദീസുകൾ നൽകുന്ന പാഠങ്ങൾ:

1. പെരുന്നാൾ നമസ്കാരങ്ങൾ രണ്ടു റക്അത്തുകളാണ്. ആദ്യ റക്അത്തിന്റെ പ്രാരംഭത്തിൽ ഏഴു തക്ബീറുകളും രണ്ടാമത്തേതിന്റെ തുടക്കത്തിൽ അഞ്ചു തക്ബീറുകളും ചൊല്ലണം. പിന്നീട് ഫാതിഹയും സൗകര്യ പ്രദമായ സൂറത്തുകളും പാരായണം ചെയ്യുക.

2. പെരുന്നാൾ നമസ്കാരം മൈതാനിയിലാണ് നടത്തിയിരുന്നത്. മദീനയുടെ സമീപത്തുള്ള മൈതാനിയിലേക്ക് നബി(സ) രണ്ടു പെരുന്നാൾ നമസ്കാരങ്ങൾക്കും പുറപ്പെട്ടിരുന്നു. കുട്ടികളും സ്ത്രീകളും ആർത്തവകാരികൾ പോലും അവിടേക്ക് പോകാറുണ്ടായിരുന്നു.

ഈ ഹദീസിനെ വിശദീകരിച്ച ഹാഫിസ് ബിൻ അസ്ഖലാനി ഫത്ഹുൽ

ഖാരിയിൽ പറയുന്നു:
"പെരുന്നാൾ നമസ്കാരം മൈതാനിയിലാണ് നമസ്കരിക്കേണ്ടതെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. അനിവാര്യ സന്ദർഭങ്ങളിലല്ലാതെ അത് പള്ളിയിൽ വെച്ചാകാവതല്ല".

## ഈദുൽ അള്ഹായിലെ ബലി

1. റസൂൽ (സ) പറയുന്നു:
ഇന്ന് നമസ്കാരമായിരിക്കും നാം ആദ്യം ചെയ്യുക. പിന്നീട് ബലി നടത്തും. അങ്ങിനെ ചെയ്തവൻ നമ്മുടെ ചര്യയെ പിന്തുടർന്നു. നമസ്കാരത്തിന് മുമ്പ് അറുത്തവൻ ബലികർമ്മമല്ല നടത്തിയത്. അയാൾ തന്റെ വീട്ടുകാർക്ക് മാംസം നൽകി എന്നു മാത്രം. (ബുഖാരി മുസ്‌ലിം)

2. നബി(സ) പറഞ്ഞു:
"ജനങ്ങളെ, ഓരോ വീട്ടുകാരും ബലി നടത്താൻ ബാധ്യസ്ഥരാണ്" (അഹ്മദ്)

3. നബി(സ) അരുൾ ചെയ്തു:
ബലിനടത്താൻ ഒരാൾക്ക് ശേഷിയുണ്ടായി. അയാൾ ബലിയർപ്പിച്ചതുമില്ല. എന്നാൽ അവൻ നമ്മുടെ നമസ്കാര സ്ഥലത്ത് സമീപിക്കാവതല്ല. (അഹ്മദ്)

## മഴക്കു വേണ്ടിയുള്ള നമസ്കാരം.

1. മഴക്ക് വേണ്ടി പ്രാർത്ഥിക്കാൻ നബി(സ) നമസ്കാര സ്ഥലത്തേക്ക് (മൈതാനിയിൽ) പുറപ്പെട്ടു. മഴക്ക് വേണ്ടി പ്രാർത്ഥിച്ചു. പിന്നീട് ഖിബ്‌ലയുടെ നേരെ തിരിഞ്ഞു രണ്ടു റകഅത്ത് നമസ്കരിച്ചു. തന്റെ മേൽമുണ്ട് വലതുഭാഗം ഇടത്തേക്കായി മറിച്ചിട്ടു. (ബുഖാരി)

2. അനസ് ബിൻ മാലിക് (റ) പറയുന്നു:
വരൾച്ചയുണ്ടാവുമ്പോൾ ഉമർ(റ) അബ്ബാസ് (റ)വിനെകൊണ്ട് മഴക്ക്‌വേണ്ടി പ്രാർത്ഥിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവെ നിന്റെ പ്രവാചകനെ മുൻനിറുത്തി മഴക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചിരുന്നു. അന്ന് ഞങ്ങൾക്ക് നീ മഴ നൽകുകയും ചെയ്തു. ഇപ്പോൾ നിന്റെ പ്രവാചകന്റെ പിതൃവ്യനെ മുൻനിർത്തി ഞങ്ങൾ പ്രാർത്ഥിക്കുന്നു. നീ ഞങ്ങൾക്ക് മഴ നൽകേണമേ. അപ്പോഴവർക്ക് മഴ ലഭിച്ചു. (ബുഖാരി)

പ്രവാചക (സ)ന്റെ ജീവിതകാലത്ത് മഴക്കുവേണ്ടി പ്രാർത്ഥിക്കാൻ അദ്ദേഹത്തോടാണ് മുസ്ലിംകൾ ആവശ്യപ്പെട്ടിരുന്നത്. നബി(സ) ഇഹലോകവാസം വെടിഞ്ഞ ശേഷം അവർ അദ്ദേഹത്തോട് പ്രാർത്ഥന ആവശ്യപ്പെടുന്നില്ല. പ്രവാചക (സ)യുടെ ജീവിച്ചിരിക്കുന്ന പിതൃവ്യൻ അബ്ബാസി (റ) നോടാണ് പിന്നീടവർ പ്രാർത്ഥന നടത്താൻ ആവശ്യപ്പെട്ടത്. അപ്പോൾ അവർക്ക് വേണ്ടി അല്ലാഹുവോട് അബ്ബാസ് (റ) പ്രാർത്ഥിച്ചു.

## ഗ്രഹണ നമസ്കാരങ്ങൾ.

1.ആയിശ (റ)യിൽ നിന്ന് നിവേദനം:
റസൂൽ(സ)യുടെ കാലത്ത് സൂര്യഗ്രഹണമുണ്ടായി. അപ്പോൾ "സംഘടിത

നമസ്കാരം" എന്ന് വിളിച്ചു പറയാൻ ഒരാളെ നിയോഗിച്ചു. അനന്തരം നബി(സ) രണ്ടു റകഅത്ത് നമസ്കരിച്ചു. അതിൽ നാലു റുകൂഉകളും നാലു സുജൂദുകളും ഉണ്ടായിരുന്നു. (ബുഖാരി).

2. ആയിശ (റ) പറയുന്നു:
നബി(സ) യുടെ കാലത്ത് സൂര്യഗ്രഹണമുണ്ടായി. അവിടുന്ന് സംഘടിത നമസ്കാരം നടത്തി. അതിൽ സുദീർഘമായി ഖുർആൻ പാരായണം ചെയ്തു. പിന്നീട് ദീർഘമായ ഒരു റുകൂഅ് ചെയ്തു. അനന്തരം ശിരസ്സ് ഉയർത്തി. ദീർഘമായി ഖുർആൻ പാരായണം ചെയ്തു. അത് ആദ്യത്തേതിനേക്കാൾ കുറവായിരുന്നു. വീണ്ടും നീണ്ട ഒരു റുകൂഅ് ചെയ്തു. അത് ആദ്യത്തേതിനേക്കാൾ ചെറുതായിരുന്നു. പിന്നെ തല ഉയർത്തി. അനന്തരം രണ്ടു സുജൂദുകൾ ചെയ്തു. പിന്നീട് ആദ്യത്തെ റക്അത്തിനെ പോലെ രണ്ടാമത് ഒന്ന് കൂടി നിർവ്വഹിച്ചു. അനന്തരം സലാം ചൊല്ലി. അപ്പോഴേക്ക് സൂര്യഗ്രഹണം അവസാനിച്ചിരുന്നു.
അനന്തരം ജനങ്ങളോട് അവിടുന്ന് പ്രസംഗിച്ചു.
"സൂര്യ-ചന്ദ്രന്മാർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെ മരണമോ ജീവിതമോ കാരണം അവക്ക് ഗ്രഹണം ബാധിക്കില്ല. അത് നിങ്ങൾ കണ്ടാൽ നമസ്കാരത്തിലേക്ക് വേഗത്തിൽ പ്രവേശിക്കുക. അല്ലാഹുവോട് പ്രാർത്ഥിക്കുക. ദാനം ചെയ്യുക. മുഹമ്മദിന്റെ സമുദായമേ, തന്റെ ദാസനോ ദാസിയോ വ്യഭിചരിക്കുന്നതിൽ അല്ലാഹുവോളം വെറുപ്പുള്ളവൻ മറ്റാരുമില്ല. മുഹമ്മദിന്റെ സമുദായമേ,
അല്ലാഹുവാണ് സത്യം, ഞാൻ അറിയുന്നത് നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ ! നിങ്ങൾ കുറച്ചുമാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു ! ഞാൻ എന്റെ ദൗത്യം നിർവ്വഹിച്ചില്ലയോ ? (ബുഖാരി, മുസ്ലിം)

## സ്വലാത്തുൽ ഇസ്തിഖാറ:
## (നന്മയെ തേടുന്ന നമസ്കാരം)

ജാബിർ(റ)ൽ നിന്ന് നിവേദനം:
എല്ലാ കാര്യങ്ങളിലും നന്മതേടാൻ നബി(സ) ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. ഖുർആനിലെ സൂറത്തുകൾ പഠിപ്പിക്കുന്ന പോലെ. അദ്ദേഹം പറയുന്നു: ആരെങ്കിലും ഒരു സുപ്രധാന തീരുമാനമെടുക്കാൻ ഉദ്ദേശിച്ചാൽ അവൻ നിർബന്ധമല്ലാത്ത രണ്ടു റക്അത്ത് നമസ്കരിക്കട്ടെ. അനന്തരം ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ.

اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ ، وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلَا أَقْدِرُ
وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ الْغُيُوبِ. اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ
أَمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ
أَمْرِي ، فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْ لِيَ الْخَيْرَ حَيْثُ كَانَ ، ثُمَّ رَضِّنِي بِهِ " ( رواه البخاري )

"അല്ലാഹുവേ, നിന്നോട് ഞാൻ നിന്റെ ജ്ഞാനം കൊണ്ട് നന്മയെ തേടുന്നു. നിന്റെ ശക്തികൊണ്ട് ഞാൻ നിന്നോട് ശേഷി തേടുന്നു. നിന്റെ മഹത്തായ അനുഗ്രഹത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു. നിശ്ചയമായും നീ എല്ലാറ്റിനും കഴിവുള്ളവനാണ്, എനിക്ക് കഴിവില്ല. നീ അറിയുന്നു, ഞാൻ അറിയുന്നില്ല. നീ അദൃശ്യജ്ഞാനിയാണ്. അല്ലാഹുവേ ഈ കാര്യം എനിക്ക് എന്റെ മതത്തിലും ഭൗതിക ജീവിതത്തിലും പര്യവസാനത്തിലും (അല്ലെങ്കിൽ ഇഹത്തിലും

പരത്തിലും) ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കേണമേ. അതെനിക്ക് സുഗമമാക്കുകയും അതിൽ എന്നെ അനുഗ്രഹിക്കയും ചെയ്യേണമേ. ഈ കാര്യമെനിക്ക് എന്റെ മതത്തിലും ഭൗതിക ജീവിതത്തിലും പര്യവസാനത്തിലും (അല്ലെങ്കിൽ ഇഹത്തിലും പരത്തിലും എന്നു പറയുക) തിന്മയാണെന്ന് നീ അറിയുന്നുവെങ്കിൽ എന്നെ അതിൽ നിന്നും അതിനെ എന്നിൽ നിന്നും തിരിച്ചു വിടേണമേ. എല്ലായിടത്തും എനിക്ക് നന്മ വിധിക്കയും അതിൽ എന്നെ തൃപ്തനാക്കയും ചെയ്യേണമേ" (ബുഖാരി)

താൻ നന്മ യാചിച്ചിട്ടുള്ള നാഥൻ, തന്നെ ഉത്തമമായതിലേക്ക് നയിക്കും എന്ന ദൃഢവിശ്വാസത്തോടെ ഒരാൾ നടത്തുന്ന ഈ നമസ്കാരവും പ്രാർത്ഥനയും ഒരു ഔഷധം കണക്കെ അവന് പ്രയോജനകരമാണ്. തേടിയ കാര്യം സൗകര്യപ്രദമാകലാണ് അത് നന്മയാണെന്നതിന്റെ അടയാളം.

ഈ രംഗത്തുള്ള അനാചാരങ്ങളെ കരുതിയിരിക്കുക. സ്വപ്ന ദർശനം, ജാതകം നോട്ടം തുടങ്ങിയവയാണ് അവയുടെ അവലംബം. അതിനൊന്നും തന്നെ മതത്തിൽ യാതൊരു രേഖയുമില്ല.

## നമസ്കരിക്കുന്നവന്റെ മുമ്പിലൂടെയുള്ള നടത്തം സൂക്ഷിക്കുക:

നബി(സ) പറഞ്ഞു:
"നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കുന്നവൻ അവന്റെ (പാപം) അറിഞ്ഞിരുന്നുവെങ്കിൽ നാൽപത് നിൽക്കുന്നതാണ് നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കുന്നതിനെക്കാൾ അവന് ഉത്തമം".
അബൂ നള്ർ (റ) പറയുന്നു: നാൽപത് ദിനമാണോ മാസമാണോ വർഷമാണോ നബി(സ) പറഞ്ഞതെന്ന് എനിക്ക് അറിഞ്ഞുകൂടാ. (ബുഖാരി).
ഇബ്നു ഖുസൈമയുടെ നിവേദനത്തിൽ "നാൽപത് വസന്തം" എന്നാണ് വന്നിട്ടുള്ളത്. അത് പ്രബലമാണെന്ന് ഇബ്നു ഹജർ(റ) അഭിപ്രായപ്പെട്ടിട്ടുണ്ട്.

നമസ്കരിക്കുന്നവൻ സുജൂദ് ചെയ്യുന്ന സ്ഥാനത്തു കൂടി നടക്കുന്നത് ഗുരുതരമായ കുറ്റമാണെന്ന് ഈ ഹദീസ് അറിയിക്കുന്നു. അത് ഗ്രഹിച്ചവൻ നാല്പത് വർഷം വേണമെങ്കിലും കാത്തു നില്ക്കുമായിരുന്നു. സുജൂദിന്റെ സ്ഥാനത്തുനിന്ന് അല്പം മാറി നടന്നാൽ വിരോധമില്ലെന്നും ഹദീസിൽ സൂചനയുണ്ട്.

നമസ്കരിക്കുന്നവൻ തന്റെ മുമ്പിൽ ഒരു മറ സ്വീകരിക്കണം. അപ്പോഴത് അതിലെ നടന്നു പോകുന്നവൻ ശ്രദ്ധിക്കും. അവൻ മുമ്പിലൂടെ നടക്കാതിരിക്കുകയും ചെയ്യും.
നബി(സ) പറഞ്ഞു: ജനങ്ങളിൽ നിന്ന് ഒരു മറ സ്വീകരിച്ചുകൊണ്ട് നിങ്ങൾ നമസ്കരിക്കുക. അവന്റെ മുമ്പിലൂടെ നടക്കാൻ ഉദ്ദേശിക്കുന്നവനെ മുമ്പിൽ നിന്ന് തടയുക. അവൻ വിസമ്മതിച്ചാൽ അവനോട് പോരാടുക. അവൻ ഒരു പിശാചു തന്നെ" (ബുഖാരി, മുസ്ലിം)

ബുഖാരി ഉദ്ധരിച്ച ഈ ഹദീസ് നമസ്കരിക്കുന്നവന്റെ മുന്നിലൂടെ സഞ്ചരിക്കുന്നത് വിരോധിക്കുന്നു. അത് മസ്ജിദുൽ ഹറാമിലോ മസ്ജിദുന്നബവിയിലോ ആയാലും ശരി. നബി (സ) ഈ ഹദീസ് അരുളിയത്

തന്നെ അദ്ദേഹം മക്കയിലോ മദീനയിലോ ഉണ്ടായിരുന്നപ്പോഴാണ്. താഴെ കാണുന്ന തെളിവുകൾ അതിന് ഉപോദ്ബലകങ്ങളാണ്.

1. ബുഖാരി പറയുന്നു
"ഇബ്നു ഉമർ (റ) അത്തഹിയാത്തിലിരിക്കെ കഅബയിൽ വെച്ച് തന്റെ മുന്നിലൂടെ നടന്നുവന്നെ അദ്ദേഹം തടഞ്ഞു. പിന്നീട് അദ്ദേഹം പറഞ്ഞു: അയാളോട് സംഘട്ടനം നടത്തേണ്ടിവന്നാൽ അത് ചെയ്തു കൊള്ളുക." (ഫത്ഹുൽ ബാരി 1/582)

ഹാഫിള് ഇബ്നു ഹജർ (റ) പറയുന്നു:
കഅബയിൽ എന്നു എടുത്തു പറയുനുള്ള കാരണം അവിടെ ജനത്തിരക്കുള്ളതിനാൽ പൊറുക്കപ്പെടും എന്ന് ധരിക്കാതിരിക്കാനാണ്. ഈ നിവേദനം കുറ്റമറ്റതാണെന്ന് ബുഖാരിയുടെ ഗുരു അബുനഈം തന്റെ നമസ്കാരം എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

2. "നബി(സ) ബനീ സഹ്മ് കവാടത്തിങ്കൽ നമസ്കരിക്കുമ്പോൾ ജനങ്ങൾ അദ്ദേഹത്തിന്റെ മുമ്പിലൂടെ നടന്നിരുന്നു" എന്ന അബു ദാവൂദ് ഉദ്ധരിച്ച ഹദീസ് ദുർബ്ബലമാണ്. ഇക്കാര്യം ഹാഫിള് ബിൻ ഹജർ ഫത്ഹുൽ ബാരിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

3. അബീ ജുഹൈഫ(റ) യിൽ നിന്ന് നിവേദനം:
"നബി (സ) ഉച്ച സമയത്ത് പുറപ്പെട്ടു. മക്കയിലെ ബത്ഹായിൽ വെച്ച് ളുഹറും അസ്വറും നമസ്ക്കരിച്ചു. അറ്റത്ത് ഇരുമ്പുള്ള ഒരു വടി തന്റെ മുമ്പിൽ കുത്തിവെച്ചു" (ബുഖാരി. മക്കയിലും മറ്റും മറ സ്വീകരിക്കണം എന്ന അദ്ധ്യായത്തിൽ നിന്ന്).

ചുരുക്കിപ്പറഞ്ഞാൽ നമസ്കരിക്കുന്നവന്റെ സുജൂദ് ചെയ്യുന്ന സ്ഥലത്തു കൂടി നടക്കുന്നത് നിഷിദ്ധമാണ്. അയാൾ മുമ്പിൽ ഒരു മറ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനിടയിലൂടെ നടക്കൽ കൂടുതൽ കുറ്റകരമാണ്. അത് ഹറമിലാണെങ്കിലും അല്ലെങ്കിലും ശരി. നേരത്തെ ഉദ്ധരിച്ച പ്രബലമായ ഹദീസുകളിൽ നിന്ന് അത് വ്യക്തമാണ്. അതി കഠിനമായ തിരക്കുള്ളപ്പോൾ നിർബ്ബന്ധിത ഘട്ടങ്ങളിൽ അത് അനുവദനീയമായേക്കാം.

**നബി (സ) യുടെ നമസ്കാരവും ഖുർആൻ പാരായണവും:**

1. അല്ലാഹു പറഞ്ഞു: وَرَتِّلِ الْقُرْآنَ تَرْتِيلًا (المزمل : 4)
ഖുർആൻ സാവകാശത്തിൽ പാരായണം ചെയ്യുക. (വിഖു: 73: 4 )

2. മൂന്നു ദിവസത്തിൽ കുറഞ്ഞ് നബി(സ) ഖുർആൻ ഒരാവർത്തി പാരായണം ചെയ്തിരുന്നില്ല. (ഇബ്നു സഅദ്)

3. നബി (സ) ഓരോ ആയത്തിന്റെ അവസാനത്തിലും നിറുത്തിയായിരുന്നു ഓതിയിരുന്നത്. അവിടുന്നു الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ എന്നു പാരായണം ചെയ്യും. അല്പസമയം നിറുത്തും. തുടർന്നു الرحمن الرحيم

എന്ന് ചൊല്ലും. പിന്നെയും അൽപം നിറുത്തും. (തിർമുദി).

4. നബി (സ) പറഞ്ഞു:
"നിങ്ങളുടെ സ്വരം കൊണ്ട് ഖുർആനെ അലംകൃതമാക്കു. സുന്ദരമായ സ്വരം ഖുർആനിന്റെ സൗന്ദര്യത്തെ വർദ്ധിപ്പിക്കും" (അബൂദാവൂദ്)

5. "അവിടുന്ന് ഖുർആൻ പാരായണം ചെയ്യുമ്പോൾ നീട്ടി ഓതാറുണ്ടായിരുന്നു." (അഹ്മദ്)

6. "പ്രഭാതത്തിൽ (കോഴി) കൂവുന്നതു കേട്ടാൽ അദ്ദേഹം നമസ്കാരത്തിന്നായി എഴുന്നേൽക്കാറുണ്ടായിരുന്നു." (ബുഖാരി, മുസ്ലിം)

7. "അദ്ദേഹം (ചിലപ്പോൾ) പാദരക്ഷ അണിഞ്ഞും നമസ്കരിക്കുമായിരുന്നു" (ബുഖാരി, മുസ്ലിം)

8. "അദ്ദേഹം (വലതുകൈവിരലുകൾകൊണ്ട്) തസ്ബീഹ് കണക്കാക്കിയിരുന്നു" (തിർമിദി)

9. "അദ്ദേഹത്തിന് എന്തെങ്കിലും വിഷമം നേരിട്ടാൽ നമസ്കരിക്കുമായിരുന്നു" (അഹ്മദ്)

10. "നമസ്കാരത്തിൽ ഇരിക്കുമ്പോൾ അവിടുന്ന് കൈകൾ കാൽ മുട്ടുകളിൽ വെച്ചിരുന്നു. വലതു കൈയിലെ ചൂണ്ടുവിരൽ ഉയർത്തിപ്പിടിച്ച് പ്രാർത്ഥിക്കയും ചെയ്തിരുന്നു" (മുസ്ലിം)

11. "നബി(സ) വലതു കൈയിലെ (ചൂണ്ടു വിരൽ) പ്രാർത്ഥിക്കുമ്പോൾ ചലിപ്പിക്കാറുണ്ടായിരുന്നു" (നസാഈ).
"ചൂണ്ടു വിരൽ പിശാചിന് ഇരുമ്പിനേക്കാൾ കാഠിന്യമുള്ളതാണെന്ന് അവിടുന്ന് പറഞ്ഞിരുന്നു." (അഹ്മദ്)

12. "(നമസ്കാര വേളയിൽ) അദ്ദേഹം തന്റെ വലതു കൈ ഇടതു കയ്യിന്മേൽ നെഞ്ചിൽ വെച്ചിരുന്നു" (ഇബ്നു ഖുസൈമ, തിർമുദി). ഇമാം നവവി, മുസ്ലിമിന്റെ വിശദീകരണത്തിൽ ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.
പൊക്കിളിനു താഴെ കൈവെക്കണമെന്ന ഹദീസ് ദുർബ്ബലമാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു.

13. നാലു മദ്ഹബുകളുടെയും ഇമാമുകൾ "ഹദീസ് സ്വഹീഹപ്പെട്ടാൽ അതാണെന്റെ മദ്ഹബ്" എന്ന് പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ നമസ്കാരത്തിൽ അവരുടെ ചൂണ്ടുവിരൽ ചലിപ്പിക്കുന്നതും കൈ നെഞ്ചിൽ വെക്കുന്നതും അവരുടെ "മദ്ഹബുകളിൽ" പെടുന്നു. അവ നമസ്കാരത്തിലെ സുന്നത്തുകളിൽ ഉൾപ്പെടുന്നു.

14. ഇമാം മാലിക് (റ) യും മറ്റു ചിലരും നമസ്കാരത്തിൽ ചൂണ്ടുവിരൽ ചലിപ്പിക്കുന്നത് അംഗീകരിക്കുന്നു. ചില ശാഫഈ പണ്ഡിതരും ഇതേ അഭിപ്രായക്കാരാണ്.
(ഇമാം നവവിയുടെ ശറഹുൽ മുഹദ്ദബ് 3/454, ജാമിഉൽ ഉസൂൽ 5/404)
(ഇമാം നവവിയുടെ ശറഹുൽ മുഹദ്ദബ് ... നബി വചനം നാം ചൂണ്ടു വിരൽ ചലിപ്പിക്കുന്നതിലെ തത്വത്തെ കുറിച്ച നബി വചനം നാം നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ ചലനം ഏകദൈവത്വത്തെ (തൗഹീദിനെ) സൂചിപ്പിക്കുന്നു. പിശാചിന് ഏറ്റവും വെറുപ്പുള്ള കാര്യമാണ് ഏകദൈവ വിശ്വാസം. അതിനാൽ ചൂണ്ടു വിരലിന്റെ ചലനം അവന് ഇരുമ്പുകൊണ്ടുള്ള പ്രഹരത്തേക്കാൾ വേദനാ ജനകമാണ്.

# നബിചര്യ പിന്തുടരൽ, മുസ്‌ലിം ബാധ്യത. അദ്ദേഹത്തിൻെറ മാതൃക നിരസിക്കാവതല്ല.

നബി(സ) പറഞ്ഞു: "ഞാൻ നമസ്കരിച്ചതു ഏതു പ്രകാരം നിങ്ങൾ കണ്ടുവോ അതുപോലെ നിങ്ങളും നമസ്കരിക്കുവിൻ. (ബുഖാരി)

## നബി (സ)യുടെ ആരാധനാ നിഷ്ഠ

1. അല്ലാഹു പറയുന്നു: ( ٢ - ١ : المزمل) يَا أَيُّهَا الْمُزَّمِّلُ . قُمِ اللَّيْلَ إِلَّا قَلِيلًا
"വസ്ത്രം കൊണ്ട് മൂടിയവനേ, രാത്രി അൽപ സമയം ഒഴിച്ച് എഴുന്നേറ്റു നിന്ന് പ്രാർത്ഥിക്കുക" (വി. ഖു. 73: 1, 2)

2. ആയിശ (റ) പറയുന്നു:
"റസൂൽ(സ) റമളാനിലോ അതല്ലാത്ത മാസങ്ങളിലോ പതിനൊന്നു റക്അത്തിലേറെ നമസ്കരിക്കുമായിരുന്നില്ല. നാലു റക്അത്ത് നമസ്കരിക്കും. അതിൻെറ സൗന്ദര്യത്തെയും ദൈർഘ്യത്തെയും കുറിച്ച് ചോദിക്കരുത്. വീണ്ടും നാലു റക്അത്തുകൾ നമസ്കരിക്കും. അതിൻെറയും ഭംഗിയെയും ദൈർഘ്യത്തെയും സംബന്ധിച്ച് ചോദിക്കരുത്. പിന്നീട് മൂന്ന് റക്അത്തുകൾ നമസ്കരിക്കും. ഞാൻ ചോദിച്ചു: അങ്ങ് ഒറ്റ (വിത്ർ) യാക്കുന്നതിനു മുൻപ് ഉറങ്ങാറുണ്ടോ? അദ്ദേഹം പറഞ്ഞു: ആയിശാ, എൻെറ കണ്ണുകൾ ഉറങ്ങും, മനസ്സ് ഉറങ്ങില്ല." (ബുഖാരി, മുസ്‌ലിം)

3. അസ്‌വദ് ബിൻ യസീദ് (റ) ൽ നിന്ന് നിവേദനം:
ഞാൻ ആയിശ(റ)യോട് നബി(സ)യുടെ രാത്രി നമസ്കാരത്തെ സംബന്ധിച്ചു ചോദിച്ചു. അവർ പറഞ്ഞു: അദ്ദേഹം രാത്രിയുടെ ആദ്യ യാമത്തിൽ ഉറങ്ങിയിരുന്നു. പിന്നീട് എഴുന്നേറ്റു നമസ്കരിക്കും. പിന്നീട് വിരിപ്പിൽ കിടക്കും. തനിക്ക് ആവശ്യമുണ്ടെങ്കിൽ... തൻെറ ഭാര്യയുടെ അടുത്ത് വരും. ബാങ്കു കേട്ടാൽ വേഗം എഴുന്നേൽക്കും. വലിയ അശുദ്ധിയുണ്ടെങ്കിൽ ശരീരം മുഴുവൻ ജലമൊഴിച്ച് കുളിക്കും. അല്ലെങ്കിൽ വുസൂവെടുത്ത് നമസ്കാരത്തിന് പുറപ്പെടും" (ബുഖാരി, മുസ്‌ലിം)

4. അബൂ ഹുറൈറ (റ) പറഞ്ഞു:
നബി(സ) രാത്രി ദീർഘമായി നമസ്കരിക്കാറുണ്ടായിരുന്നു. തന്മൂലം അദ്ദേഹത്തിൻെറ പാദങ്ങളിൽ നീരു വന്നിരുന്നു. താങ്കളുടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങൾ അല്ലാഹു പൊറുത്തു തന്നിട്ടില്ലയോ? എന്നിട്ടും താങ്കൾ ഇങ്ങിനെ ചെയ്യുന്നുവോ? എന്ന് അദ്ദേഹത്തോട് ചോദിച്ചാൽ നബി (സ) പറയും. 'ഞാൻ കൃതജ്ഞനായ ദാസനാവേണ്ടേ'? (ബുഖാരി, മുസ്‌ലിം)

5. നബി (സ) പറഞ്ഞു:
നിങ്ങളുടെ ലൗകിക ജീവിതത്തിൽ ഞാൻ ഇഷ്ടപ്പെടുന്നത് സ്ത്രീകളെയും സുഗന്ധവുമാണ്. എൻെറ കൺകുളിർമ നമസ്കാരത്തിലാണ്. (അഹ്മദ്).

# സകാത്ത് : ഇസ്‌ലാമിൽ അതിന്റെ പ്രാധാന്യം

ധനികർക്ക് തങ്ങളുടെ സമ്പത്തിലെ നിർബന്ധ ബാധ്യതയാണ് സകാത്ത്. അതിന്
നിശ്ചിതമായ ഉപാധികളും നിർണ്ണിത സമയവുമുണ്ട്. ഇസ്‌ലാമിക
സൗധത്തിന്റെ മഹത്തായ സ്തംഭങ്ങളിലൊന്നാണത്. പരിശുദ്ധ ഖുർആനിൽ
ഒട്ടേറെ സ്ഥലങ്ങളിൽ നമസ്കാരത്തിന്റെ അനുബന്ധമായി അതിനെ
പരിചയപ്പെടുത്തിയിരിക്കുന്നു.

സകാത്ത് നിർബന്ധമാണെന്നതിൽ മുസ്‌ലിംകൾ ഐകകണ്ഠ്യേന യോജിക്കുന്നു.
അറിഞ്ഞുകൊണ്ട് അതിന്റെ നിർബന്ധത്തെ നിഷേധിക്കുന്നവൻ സത്യ
നിഷേധിയാണ്. അവൻ ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തായിരിക്കും.
സകാത്ത് നല്കുന്നതിൽ ലുബ്ധ് കാണിക്കുകയോ വീഴ്ച വരുത്തുകയോ
ചെയ്യുന്നവൻ അതിക്രമിയാണ്. അവൻ ദൈവിക ശിക്ഷക്കും കോപത്തിനും
പാത്രീഭൂതനായിത്തീരുന്നതാണ്.

وَأَقِيمُوا الصَّلَوٰةَ وَآتُوا الزَّكَاةَ (البقرة : ١١٠)
അല്ലാഹു പറയുന്നു: നമസ്കാരം നിലനിറുത്തുകയും സകാത്ത് നല്കയും ചെയ്യുക. (വി.ഖു. 2: 110)

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَوٰةَ وَيُؤْتُوا الزَّكَاةَ
وَذَٰلِكَ دِينُ الْقَيِّمَةِ ( البينة : ٥)

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ
അവനെ ആരാധിക്കുവാനും നമസ്കാരം നിലനിറുത്തുവാനും സക്കാത്ത്
നൽകുവാനുമല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം
(വി. ഖു. 98: 5)

ഇബ്നു ഉമറിൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു.
"നബി(സ) പറഞ്ഞു: ഇസ്‌ലാം പഞ്ചസ്തംഭങ്ങളിൽ നിർമ്മിതമാണ്. സകാത്ത്
അവയിലൊന്നായി അദ്ദേഹം പ്രസ്താവിച്ചു."

മുആദിനെ (റ) യമനിലേക്ക് നിയോഗിച്ച സംഭവം വിവരിക്കുന്നിടത്ത്
ബുഖാരിയിൽ ഇപ്രകാരം കാണാം.
"അവർ അതംഗീകരിച്ചാൽ അവരുടെ ധനികരിൽ നിന്ന് ദാനം സ്വീകരിച്ച് അത്
ദരിദ്രരിൽ വിതരണം ചെയ്യാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു എന്നവരെ
അറിയിക്കുക."

സകാത്ത് നല്കാത്തവൻ അവിശ്വാസിയാണെന്ന് അല്ലാഹു പറയുന്നു:

فَإِنْ تَابُوا وَأَقَامُوا الصَّلَوٰةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ (التوبة : ١١)

"എന്നാൽ അവർ പശ്ചാത്തപിക്കുകയും. നമസ്കാരം നിലനിറുത്തുകയും
സകാത്ത് നല്കുകയും ചെയ്താൽ അവർ മതത്തിൽ നിങ്ങളുടെ
സഹോദരങ്ങളാണ്" (വി.ഖു. 9: 11)

നമസ്കാരം നിലനിറുത്തുകയും സകാത്ത് നല്കയും ചെയ്യാത്തവൻ മതത്തിൽ
നമ്മുടെ സഹോദരങ്ങളല്ല എന്ന് ഈ വചനത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

അഥവാ, അവൻ സത്യ നിഷേധിയാണ്. അതിനാലത്രെ നമസ്കാരത്തെയും സകാത്തിനെയും വേർതിരിക്കുകയും സകാത്ത് നല്കില്ലെന്ന് ശഠിച്ചവരോട് അബൂബക്കർ(റ) യുദ്ധം ചെയ്തത്. നബി (സ) യുടെ അനുചരന്മാർ അത് അംഗീകരിക്കയും ചെയ്തു.

## സകാത്തിന്റെ അന്തഃ സത്ത

സകാത്ത് നിർബ്ബന്ധമാക്കിയതിൽ ധാരാളം ലക്ഷ്യങ്ങളും നന്മകളും പ്രയോജനങ്ങളുമുണ്ട്. സകാത്ത് നല്കാൻ ആജ്ഞാപിച്ച ദൈവിക സൂക്തങ്ങളും നബി(സ)യുടെ വചനങ്ങളും പരിശോധിച്ചാൽ അത് വ്യക്തമാകും.

സകാത്ത് നല്കപ്പെടാൻ അർഹരായവരെ വിശദീകരിച്ച സൂറത്തു തൗബയിലെ വചനവും സകാത്തും ദാനധർമ്മങ്ങളും പ്രോത്സാഹിപ്പിച്ച ഖുർആൻ സൂക്തങ്ങളും നബി വചനങ്ങളും അതിന്റെ നിദർശനങ്ങളാണ്. അവയിലെ ചില തത്വങ്ങൾ നമുക്ക് പരിശോധിക്കാം.

1. പാപം കുറ്റ വാസന തുടങ്ങിയ മാലിന്യങ്ങളിൽനിന്ന് വിശ്വാസിയുടെ മനസ്സിനെ സംസ്കരിക്കുക. ലുബ്ധ്, സ്വാർത്ഥത, അവയുടെ ദുഷ്ഫലങ്ങൾ തുടങ്ങിയവയിൽനിന്ന് മനുഷ്യാത്മാവിനെ ശുദ്ധീകരിക്കുക.

അല്ലാഹു പറയുന്നു: (التوبة : ١٠٣) خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ بِهَا
"അവരുടെ സമ്പത്തുകളിൽനിന്ന് ദാനം സ്വീകരിക്കുക. അതവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യും" (വി. ഖു. 9: 102)

2. ദരിദ്രരുടെ ആവശ്യങ്ങൾ പരിഹരിക്കുകയും പ്രയാസങ്ങൾക്ക് ആശ്വാസമേകുകയും ചെയ്യുക. അല്ലാഹു അല്ലാത്തവരോട് യാചിക്കുന്ന ദുരവസ്ഥയിൽനിന്ന് അവരെ രക്ഷിക്കുക.

3. കടബാധ്യതകൊണ്ട് വിഷമിക്കുന്ന മുസ്ലിമിന്റെ പ്രയാസത്തെ ലഘൂകരിക്കുക. അവന്റെ ബാധ്യത കൊടുത്തുവീട്ടുക.

4. ഇസ്ലാമിക വിശ്വാസത്തെയും അധ്യാപനങ്ങളെയും സംബന്ധിച്ച് സംശയഗ്രസ്തമായ ഹൃദയങ്ങളെ മാനസിക ചാഞ്ചാട്ടങ്ങളിൽ നിന്ന് രക്ഷിക്കുക. അവയെ ദൃഢമായ വിശ്വാസത്തിലേക്കും മനഃസംതൃപ്തിയിലേക്കും നയിക്കുക.

5. ദൈവിക മാർഗ്ഗത്തിൽ പോരാടുന്നവരെ സജ്ജമാക്കുക. ഇസ്ലാമിക പ്രചരണത്തിനും, അവിശ്വാസത്തെയും അരാജകത്വത്തെയും ഉച്ചാടനം ചെയ്യുന്നതിനും ആളും സന്നാഹവും ഒരുക്കുക. ജന മധ്യത്തിൽ നീതിയുടെ പതാക ഉയർത്തി നാശത്തെ നിർമ്മാർജ്ജനം ചെയ്യുവാനും അല്ലാഹുവിന് കീഴ്പ്പെടാനും സാധ്യമാക്കുക.

6. യാത്രാമധ്യേ ഗതിമുട്ടിയ മുസ്ലിമിനെ സുരക്ഷിതമായി തന്റെ സ്വദേശത്ത് എത്തിച്ചേരാൻ സകാത്തിൽ നിന്ന് സഹായമെത്തിക്കുക.

7. ധനത്തെ ശുദ്ധീകരിക്കുകയും പരിപോഷിപ്പിക്കുകയും നാശങ്ങളിൽ നിന്നതിനെ രക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹുവിനെ അനുസരിക്കുകയും അവന്റെ ആജ്ഞകളെ ആദരിക്കുകയും മനുഷ്യന് നന്മ വരുത്തുകയും ചെയ്യുന്നതിലൂടെയാണവ കൈവരിക.

സകാത്തിന്റെ ഏതാനും ലക്ഷ്യങ്ങളും ശ്രേഷ്ഠതകളുമാണ് ഇവിടെ വിവരിച്ചത്. ധാരാളം പ്രയോജനങ്ങൾ വേറെയുമുണ്ട്. മതനിയമങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളും രഹസ്യങ്ങളും സമ്പൂർണ്ണമായി അല്ലാഹുവിന്നേ അറിയുകയുള്ളൂ.

## സക്കാത്ത് നിർബന്ധമായ സമ്പത്തുകൾ.

നാലുതരം വസ്തുക്കൾക്ക് സകാത്ത് നിർബ്ബന്ധമാണ്.

1. ഭൂമിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ധാന്യങ്ങൾ, ഫലങ്ങൾ മുതലായവ

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا أَنفِقُوا مِنْ طَيِّبَاتِ مَا كَسَبْتُمْ وَمِمَّا أَخْرَجْنَا لَكُمْ مِنَ الأَرْضِ وَلاَ تَيَمَّمُوا الْخَبِيثَ مِنْهُ تُنفِقُونَ وَلَسْتُمْ بِآخِذِيهِ إِلاَّ أَنْ تُغْمِضُوا فِيهِ ( البقرة : ٢٦٧)

സത്യ വിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉല്പാദിപ്പിച്ചു തന്നതിൽ നിന്നും നിങ്ങൾ ചിലവഴിക്കുവിൻ. കണ്ണടച്ചു കൊണ്ടല്ലാതെ നിങ്ങൾ സ്വീകരിക്കാത്ത മോശമായ സാധനങ്ങൾ (ദാന ധർമ്മങ്ങളിൽ) ചിലവഴിക്കുവാനായി നിങ്ങൾ കരുതിവെക്കരുത്. (വി. ഖു. 2: 267)

അല്ലാഹു പറയുന്നു: ( ١٤١ : وَآتُوا حَقَّهُ يَوْمَ حَصَادِهِ (الأنعام

'വിളവെടുപ്പു ദിവസം അതിന്റെ അവകാശം നൽകുക'. (വി.ഖു. 6:145)

സമ്പത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബാധ്യതയാണ് സകാത്ത്.

നബി(സ) പറയുന്നു: "മഴയാലോ ഉറവാലോ നനയ്ക്കപ്പെടുന്ന കൃഷിക്ക് പത്തിലൊന്നും, തേവി നനയ്ക്കപ്പെടുന്നവക്ക് വിളവിന്റെ ഇരുപതിലൊന്നുമാണ് സകാത്ത് നൽകേണ്ടത്" (ബുഖാരി)

2. സ്വർണ്ണം, വെള്ളി, കറൻസി തുടങ്ങിയ നാണയങ്ങൾ:

അല്ലാഹു പറയുന്നു:

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلاَ يُنفِقُونَهَا فِي سَبِيلِ اللهِ فَبَشِّرْهُمْ بِعَذَابٍ أَلِيمٍ (التوبة :٣٤)

സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവ ചിലവഴിക്കാതിരിക്കയും ചെയ്യുന്നവർക്ക് വേദനയേറിയ ശിക്ഷയെ സംബന്ധിച്ച് സന്തോഷ വാർത്ത അറിയിക്കുക.(വി.ഖു. 9:34)

അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം:

നബി (സ) പറഞ്ഞു: സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഉടമ അതിന്റെ അവകാശം നല്കിയിട്ടില്ലെങ്കിൽ അന്ത്യനാളിൽ അഗ്നിയാലുള്ള പലകകൾ അവന് വേണ്ടി നിർമ്മിക്കപ്പെടും. അവ പഴുപ്പിച്ച് അവനെ ചൂടുവെക്കും. അവന്റെ പാർശ്വഭാഗവും നെറ്റിയും മുതുകും ചൂടു വെക്കപ്പെടും. ചൂടു കുറയുമ്പോഴെല്ലാം

ആവർത്തിക്കപ്പെടും. മനുഷ്യർക്കിടയിൽ വിധി പ്രഖ്യാപിക്കുന്നതുവരെ ഈ പ്രക്രിയ തുടരും. അമ്പതിനായിരം വർഷ ദൈർഘ്യമുള്ള ദിനമാണത്. (മുസ്ലിം)

### 3. വ്യാപാര വസ്തുക്കൾ:

കച്ചവടത്തിനായുള്ള എല്ലാ വസ്തുക്കളും ഇതിലുൾപ്പെടുന്നു. അത് നിലം, മൃഗം, വാഹനം, ഭക്ഷ്യപാനീയ വസ്തുക്കൾ തുടങ്ങി ഏതുമാവാം. വർഷത്തിൽ ഒരിക്കൽ അവയുടെ മൊത്തം വില നിശ്ചയിക്കുക. സകാത്ത് നല്കുന്ന സമയത്തെ വിലയാണ് പരിഗണിക്കേണ്ടത്. അവൻ വാങ്ങിയപ്പോഴത്തെ വിലയേക്കാൾ കൂടുകയോ കുറയുകയോ ചെയ്താലും ശരി. പലചരക്ക്, സ്പെയർ പാർട്ട്സ്, വാഹനങ്ങൾ മുതലായ എല്ലാ വസ്തുക്കളുടെ വ്യാപാരികളും തങ്ങളുടെ സ്ഥാപനങ്ങളിലെ കണക്കെടുപ്പ് നടത്തുക, ചെറുതും വലുതുമായ എല്ലാ വസ്തുക്കളുടെയും വില കണക്കാക്കി സകാത്ത് നല്കണം. കണിശമായ മൂല്യനിർണ്ണയം സാധ്യമല്ലെങ്കിൽ കഴിയുന്നത്ര സൂക്ഷ്മത പാലിച്ച് ബാധ്യത നിർവ്വഹിക്കുക.

### 4. കാലികൾ:-

ഒട്ടകം, പശു, കോലാട്, ചെമ്മരിയാട് എന്നിവക്ക് സകാത്ത് നിർബ്ബന്ധമാണ്. അവ വർഷത്തിലെ എല്ലാ ദിവസങ്ങളിലും അല്ലെങ്കിൽ മിക്ക ദിവസങ്ങളിലും മേഞ്ഞു നടന്നു പുല്ല് തിന്നുന്നവയായിരിക്കണം. കറവക്കും പ്രത്യുൽപാദനത്തിനും വേണ്ടി വളർത്തുന്നവയും അവയുടെ എണ്ണം നിശ്ചിത പരിധി (നിസാബ്) എത്തുകയും ചെയ്യണം. അല്ലാത്തപക്ഷം സകാത്ത് നല്കേണ്ടതില്ല. കെട്ടിയിട്ട് തീറ്റകൊടുക്കുന്നവ വ്യാപാരാവശ്യത്തിനു വളർത്തുന്നവയാണെങ്കിൽ മാത്രം സകാത്ത് കൊടുത്താൽ മതി. അപ്പോൾ അവ സ്വന്തം നിലയിലോ, മറ്റു കച്ചവടചരക്കുകളോട് ചേർത്തോ സകാത്തിന്റെ നിശ്ചിത പരിധിയിലെത്തിയാൽ സകാത്ത് നല്കിയാൽ മതി.

## സകാത്തിന്റെ - നിസാബ് - നിശ്ചിത പരിധി

### 1. ധാന്യങ്ങൾ, ഫലവസ്തുക്കൾ:-

നിശ്ചിത പരിധി: അഞ്ച് വസ്ഖ്. (612 കി ഗ്രാം ഗോതമ്പിനു തുല്യം).

അതിനു നല്കേണ്ട സകാത്ത്: മഴയോ, ഉറവോ മൂലം ജലം ലഭിച്ചു വളർന്നവയാണെങ്കിൽ പത്തിലൊന്ന് (1/10). ജലസേചനം നടത്തി വളർന്നവക്ക് ഇരുപതിലൊന്ന് (1/20).

### 2. നാണയങ്ങളും കറൻസികളും:

A. സ്വർണ്ണം: നിശ്ചിത പരിധി (നിസാബ്): 20 ദീനാർ അഥവാ 85 ഗ്രാം. സകാത്ത് വിഹിതം : രണ്ടര (2½%) ശതമാനം.

B. വെള്ളി: നിശ്ചിത പരിധി (നിസാബ്): അഞ്ചു ഊഖിയ അഥവാ 595 ഗ്രാം. സകാത്ത് വിഹിതം : രണ്ടര (2½%) ശതമാനം

C. കറൻസികൾ : സ്വർണ്ണത്തിന്റെയോ, വെള്ളിയുടേയോ നിസാബെത്തുക. രണ്ടര ശതമാനമാണ് സകാത്ത് നല്കേണ്ടത്.

**3. വ്യാപാര വസ്തുക്കൾ:**
സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ പരിധിയാണ് ഇതിനു കണക്കാക്കേണ്ടത്. രണ്ടര ശതമാനം സകാത്ത് നല്കണം.

**4. കന്നുകാലികൾ:**
A. ഒട്ടകം: കുറഞ്ഞ പരിധി അഞ്ച് ഒട്ടകം. അപ്പോൾ ഒരു ആടിനെ സകാത്തായി കൊടുക്കുക.
B. പശു : കുറഞ്ഞ പരിധി: മുപ്പത് പശുക്കൾ. ഒരു വർഷം പ്രായമുള്ള പശുക്കുട്ടിയെ സകാത്തായി നൽകുക.
C. ആട്: കുറഞ്ഞ പരിധി : നാൽപത് ആടുകൾ. അതിന്റെ സകാത്ത് ഒരു ആടാണ്.

ഈ വിഷയത്തിൽ കൂടുതൽ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർ ഹദീസ് - കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ പരിശോധിക്കുക.

## സകാത്ത് നിർബ്ബന്ധമാകാനുള്ള നിബന്ധനകൾ:

1. ഇസ്ലാം: അവിശ്വാസിയോ മതപരിത്യാഗിയോ സകാത്ത് നൽകാൻ ബാധ്യസ്ഥനല്ല.

2. ഉടമസ്ഥത: സമ്പത്ത്, സകാത്ത് കൊടുക്കുന്നവന്റെ അധീനതയിലുള്ളതും അയാൾക്ക് ക്രയവിക്രയാവകാശം ഉള്ളതുമായിരിക്കണം.

3. നിശ്ചിത പരിധി (നിസ്വാബ്) എത്തുക: നേരത്തെ വിശദീകരിച്ച പോലെ സമ്പത്ത്, സകാത്ത് നൽകാനുള്ള നിശ്ചിത പരിധിയിലെത്തണം. വിവിധ വസ്തുക്കൾക്ക് വ്യത്യസ്ഥ പരിധികളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

4. വർഷം പൂർത്തിയാക്കുക: സമ്പത്തിന് സകാത്തിന്റെ നിശ്ചിത പരിധി (നിസ്വാബ്) എത്തിയശേഷം ഒരു പൂർണ്ണ വർഷം അധീനതയിലാവുക. കാർഷികോൽപന്നങ്ങൾക്ക് വിളവ് പാകമായാൽ സകാത്ത് നൽകണം. കച്ചവടത്തിലെ ലാഭം, കന്നുകാലികളിൽ പുതുതായി ഉല്പാദിക്കപ്പെട്ടത് എന്നിവക്ക് അവയുടെ മൂലധനങ്ങളുടെ നിസ്വാബ് തികഞ്ഞ് വർഷം പൂർത്തിയായാൽ സകാത്ത് നൽകണം.

5. സ്വാതന്ത്ര്യം: സകാത്ത് നല്കാൻ അടിമക്ക് ബാധ്യതയില്ല. അവന് സ്വന്തം ശരീരത്തിന്റെയോ സമ്പാദ്യത്തിന്റെയോ മേൽ സമ്പൂർണ്ണമായ അവകാശമില്ലല്ലോ. അവ യജമാനന്റെ സമ്പത്താണ്.

## സക്കാത്ത് വിതരണ ക്രമം:

അല്ലാഹു വ്യക്തമാക്കുന്നു:

إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ
وَالْغَارِمِينَ وَفِي سَبِيلِ اللهِ وَابْنِ السَّبِيلِ فَرِيضَةً مِنَ اللهِ وَاللهُ عَلِيمٌ حَكِيمٌ ( التوبة : ٦٠)

ദാനധർമ്മങ്ങൾ (നൽകേണ്ടത്) അഗതികൾക്കും ദരിദ്രർക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും, കടം കൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിന്റെ മാർഗ്ഗത്തിലും, വഴി പോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള നിശ്ചയമാണിത്. അല്ലാഹു സർവ്വജ്ഞാനിയും യുക്തിമാനുമാണ്. (വി. ഖു. 9: 60)

സകാത്തിന് അർഹരെ നിജപ്പെടുത്തിക്കൊണ്ടുള്ള അടിസ്ഥാന രേഖയാണ് ഈ വചനം. ഇതിൽ എട്ടു വിഭാഗങ്ങളെയാണ് അല്ലാഹു നിശ്ചയിച്ചത്.

1. <u>അഗതി (ഫഖീർ)</u>: തന്റെ ദൈനം ദിനാവശ്യങ്ങൾക്ക് വേണ്ടിവരുന്നതിന്റെ അർദ്ധ ഭാഗമോ അതിൽ കുറവോ മാത്രം സാമ്പത്തിക ശേഷിയുള്ളവരാണ് അഗതികൾ. ദരിദ്രരെ (മിസ്കീൻ) ക്കാൾ ഇവർ കഷ്ടത അനുഭവിക്കുന്നവരാണ്.

2. <u>ദരിദ്രർ (മസാകീൻ)</u>: തങ്ങളുടെ നിത്യ വൃത്തിക്ക് പ്രയാസമനുഭവിക്കുന്നവരാണ് ഇവർ. എങ്കിലും അഗതികളെക്കാൾ സാമ്പത്തികശേഷിയുള്ളവരായിരിക്കും. തങ്ങളുടെ ആവശ്യത്തിന്റെ പത്തിൽ ഏഴോ എട്ടോ ഭാഗം നിറവേറ്റാൻ ഇവർക്ക് കഴിയും. ഫഖീറിനെക്കാൾ സാമ്പത്തിക ശേഷിയുള്ളവനാണ് മിസ്കീൻ എന്നു ഖുർആൻ സൂചിപ്പിക്കുന്നു.

أَمَّا السَّفِينَةُ فَكَانَتْ لِمَسَاكِينَ يَعْمَلُونَ فِي الْبَحْرِ ( الكهف : ٧٩)

"എന്നാൽ ആ കപ്പൽ കടലിൽ ജോലിചെയ്യുന്ന ഏതാനും ദരിദ്രരുടെതായിരുന്നു" (വി.ഖു. 18: 79)
കപ്പൽ കൈവശമുണ്ടായിരുന്നിട്ടും ഖുർആൻ അവരെ ദരിദ്രർ (മസാകീൻ) എന്നു വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്.

അഗതികൾക്കും ദരിദ്രർക്കും അവരുടെ ഒരു വർഷത്തെ ജീവിത ചിലവുകൾക്ക് പര്യാപ്തമായത് സകാത്തിൽ നിന്ന് നല്കണം. സകാത്ത് വർഷംതോറും ആവർത്തിക്കപ്പെടുന്നതിനാൽ അടുത്ത വർഷവും അതുപോലെ ലഭിക്കാമല്ലോ.

ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായ അനിവാര്യ കാര്യങ്ങളിൽ ലുബ്ധോ ധൂർത്തോ കൂടാതെ ഒരാൾക്കും അയാളുടെ ആശ്രിതർക്കും ആവശ്യമായത് ലഭിക്കുന്നതാണ് പര്യാപ്തത എന്നതുകൊണ്ടു വിവക്ഷിക്കപ്പെടുന്നത്. അത് സ്ഥലകാലങ്ങളുടെയും വ്യക്തികളുടെയും വ്യത്യാസങ്ങൾക്കനുസൃതമായി ഭിന്നങ്ങളായിരിക്കും. ഒരിടത്ത് തികയുന്നത് മറ്റൊരിടത്ത് മതിയാവണമെന്നില്ല. പത്തു വർഷങ്ങൾക്കു മുമ്പ് പര്യാപ്തമായിരുന്നത് ഇപ്പോൾ തികഞ്ഞെന്ന് വരില്ല. അപ്രകാരം ഒരു വ്യക്തിക്ക് ജീവിതാവശ്യങ്ങൾക്ക് തികയുന്നത് മറ്റൊരാൾക്ക്

അയാളുടെ കുടുംബ പ്രാരാബ്ധം നിമിത്തമോ മറ്റോ മതിയാകണമെന്നുമില്ല.

ചികിത്സ, അവിവാഹിതരുടെ വിവാഹം, പഠനോപകരണങ്ങൾ തുടങ്ങിയവയും ഒരാളുടെ സമ്പൂർണ്ണാവശ്യങ്ങളിൽ ഉൾപ്പെടുന്നതായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മുസ്ലിംകളായ ദരിദ്രർക്കും അഗതികൾക്കും മാത്രമേ സകാത്തിന് അർഹതയുള്ളൂ. അവർ ഹാശിം കുടുംബത്തിൽ പെട്ടവരോ അവരുടെ ആശ്രിതരോ ആകാവതല്ല. അപ്രകാരം തന്നെ സകാത്ത് നല്കുന്നവൻ ചിലവ് കൊടുക്കാൻ നിർബന്ധമായ അവന്റെ മാതാപിതാക്കൾ, സന്തതികൾ, പത്നിമാർ തുടങ്ങിയവരും ആകാവതല്ല. അദ്ധ്വാന ശേഷിയുള്ളവരും സകാത്തിന് അർഹരല്ല. നബി (സ) പറഞ്ഞു:

"ധനികനോ അദ്ധ്വാനശേഷിയുള്ളവനോ അതിൽ അവകാശമില്ല." (അഹ്മദ്. അബൂദാവൂദ്. നസാഈ)

3. <u>ഉദ്യോഗസ്ഥർ</u>: ഭരണാധികാരിയോ അയാളുടെ പ്രതിനിധിയോ സകാത്ത് സംഭരണം, സൂക്ഷിപ്പ്, വിതരണം തുടങ്ങിയ ജോലിക്ക് ഭരമേല്പിക്കപ്പെടുന്നവരാണ്. സൂക്ഷിപ്പുകാർ, എഴുത്തുകാർ, സംഭരിക്കുന്നവർ, വിതരണക്കാർ തുടങ്ങിയവർ ഉദ്യോഗസ്ഥരായി കണക്കാക്കപ്പെടുന്നു.

ഓരോ ഉദ്യോഗസ്ഥനും അയാളുടെ ജോലിക്ക് അനുസൃതമായാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. ജോലി ഏറ്റെടുത്തവൻ അനുയോജ്യനായ മുസ്ലിമാണെങ്കിൽ അയാൾ സാമ്പത്തിക ശേഷിയുള്ളവനാണെങ്കിലും സകാത്തിൽനിന്ന് ശമ്പളം നല്കാം, അയാൾ ബനൂ ഹാശിമിൽ പെട്ടവനാണെങ്കിൽ സകാത്തിൽ നിന്ന് നല്കാവതല്ല. നബി (സ) പറയുന്നു:
"മുഹമ്മദിന്റെ ബന്ധുക്കൾക്ക് സകാത്ത് അനുവദനീയമല്ല" (മുസ്ലിം)

4. <u>മനസ്സ് ഇണക്കപ്പെട്ടവർ</u>: തങ്ങളുടെ ഗോത്രങ്ങളിൽ സ്വാധീനമുള്ള നേതാക്കളാണ് ഈ ഗണത്തിൽ പെടുന്നത്. അവരെയോ തത്തുല്യരെയോ ഇസ്ലാമിലേക്ക് ആകർഷിപ്പിക്കുക, വിശ്വാസം ദൃഢീകരിപ്പിക്കുക, ഇസ്ലാമിന്റെ സംരക്ഷകരാക്കുക, അവരുടെ തിന്മ തടയുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ഇവർക്ക് സകാത്ത് കൊടുക്കുന്നത്.

ഇസ്ലാമിലേക്ക് ആകർഷിപ്പിക്കാനും, അതിനെ സഹായിക്കാനും നല്കപ്പെടുന്ന സകാത്തിന്റെ വിഹിതം ദുർബ്ബലപ്പെടുത്തപ്പെട്ടിട്ടില്ല. അത് ഇന്നും നിലനിൽക്കുന്നു. സത്യ നിഷേധിക്ക് ഈ ഓഹരിയിൽ നിന്ന് നല്കാവുന്നതാണ്.
"നബി(സ) സഫ്വാൻ ബിൻ ഉമയ്യക്ക് ഹുനൈനിലെ യുദ്ധാർജ്ജിത സമ്പത്തിൽ നിന്ന് നല്കി" (മുസ്ലിം)

ഈ വിഹിതത്തിൽ നിന്ന് മുസ്ലിംകൾക്കും നല്കാവുന്നതാണ്.
"നബി(സ) അബൂസുഫ്യാൻ ബിൻ ഹർബ്, അഖ്റഅ് ബിൻ ഹാബിസ്, ഉയൈനഃ ബിൻ ഹിസ്ൻ എന്നിവർക്ക് നൂറ് ഒട്ടകം വീതം നല്കി" (മുസ്ലിം)

5. <u>അടിമ മോചനം</u>: അടിമകളെ മോചിപ്പിക്കാനും മോചനപത്രം എഴുതിയ

അടിമകളെ സഹായിക്കുവാനും സകാത്ത് നല്കാം. ശത്രുവിന്റെ തടങ്കലില്‍ അകപ്പെട്ട മുസ്‌ലിമിനെ മോചിപ്പിക്കാനും സകാത്ത് നല്കാം. ഒരു കടക്കാരനെ അയാളുടെ ഋണ ബാധ്യതയില്‍ നിന്ന് മോചിപ്പിക്കുന്നത് പോലെയോ അതിനേക്കാളുമോ ഉത്തമമാണിത്. ശത്രു അയാളെ വധിക്കുകയോ, മതഭ്രഷ്ടനാക്കാന്‍ നിര്‍ബന്ധിക്കുകയോ ചെയ്തേക്കുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നുവല്ലോ.

**6. <u>ഋണ ബാധിതര്‍</u>:** കടം മൂലം വിഷമിക്കുന്നവര്‍ രണ്ടു വിധമാണ്:-

1. <u>സ്വന്തം കാര്യങ്ങള്‍ക്ക് ചിലവഴിച്ചത് മൂലമുള്ള കടം</u>

**കുടുംബത്തിന്റെ ദൈനംദിന ചിലവുകള്‍, വസ്ത്രം, വിവാഹം, ചികിത്സ, വീടു നിര്‍മാണം, അത്യാവശ്യ ഉപകരണം വാങ്ങല്‍, മറ്റൊരാളുടെ വസ്തു അബദ്ധത്തില്‍ നശിപ്പിക്കാനിടവരല്‍ തുടങ്ങിയ കാര്യങ്ങള്‍ക്ക് ചിലവഴിച്ചതു മൂലം കടക്കാരായവരാണ് ഈ വിഭാഗം. ഇവര്‍ സകാത്തിന് അര്‍ഹരാണ്.**

**കടബാധിതന്‍ മുസ്‌ലിമും കടം വീട്ടാന്‍ സാമ്പത്തിക ശേഷിയില്ലാത്തവനുമായിരിക്കണം. നിഷിദ്ധ കാര്യങ്ങള്‍ക്ക് ചിലവഴിച്ചതു മൂലം വന്ന കടമാവരുത്. അപ്രകാരം സകാത്ത് കൊടുക്കുന്ന വര്‍ഷം തന്നെ കൊടുത്തു വീട്ടേണ്ട കടമായിരിക്കണം. ഒരു വര്‍ഷത്തിലേറെ അവധിയുള്ള കടമാവരുത്. കടം വ്യക്തികള്‍ക്കോ മറ്റോ കൊടുത്തു വീട്ടേണ്ടതാവണം. പ്രായശ്ചിത്തം, സകാത്ത് തുടങ്ങിയ ബാധ്യതകള്‍ നിര്‍വ്വഹിച്ചു കൊടുക്കാനുള്ളതാവരുത്.**

2. <u>പരോപകാരത്താല്‍ വന്ന കടം</u>:- ആളുകള്‍ക്കിടയില്‍ സന്ധിയുണ്ടാക്കാന്‍ വേണ്ടി സാമ്പത്തിക ബാധ്യത ഏറ്റെടുത്തവര്‍ സകാത്തിന് അര്‍ഹനാണ്.
ഖബീസത്ത് ബിന്‍ ഹിലാല്‍(റ)ല്‍ നിന്ന് നിവേദനം:
മധ്യസ്ഥത വഹിച്ചുകൊണ്ട് ഞാന്‍ ഒരു സാമ്പത്തികഭാരം ഏറ്റെടുത്തു, നബി(സ)യുടെ അടുക്കല്‍ ചെന്ന് ഞാന്‍ വിവരം പറഞ്ഞു. അപ്പോള്‍ അവിടുന്നു പറഞ്ഞു: സകാത്ത് വരുന്നത്‌വരെ കാത്തിരിക്കൂ. അതില്‍ നിന്ന് നിനക്ക് ഒരു വിഹിതം നല്കാന്‍ ഞാന്‍ ആജ്ഞാപിക്കാം.
തുടര്‍ന്നു നബി(സ) പറഞ്ഞു: ഖബീസാ, മൂന്നു സന്ദര്‍ഭങ്ങളില്ലാതെ ദാനം ചോദിക്കാന്‍ ഒരാള്‍ക്കും അനുവാദമില്ല.
ഒരു ഉത്തരവാദിത്തം ഏറ്റെടുത്തവന് അത് നിര്‍വ്വഹിക്കാന്‍ ആവശ്യമായത് ലഭ്യമാവുന്നത് വരെ ധര്‍മം ചോദിക്കാം. പിന്നീട് അരുത്.
ആപത്തില്‍ പെട്ട് സമ്പത്ത് നശിച്ചവന് ജീവിതാവശ്യത്തിനുള്ളത് സംഭരിക്കാന്‍ ധര്‍മം ചോദിക്കാവുന്നതാണ്".
ഒരാള്‍ക്ക് കഷ്ടപ്പാട് ബാധിക്കുന്നു, അയാളുടെ ജനതയിലെ മൂന്നു പ്രമുഖര്‍ അതിന് സാക്ഷ്യം വഹിക്കുന്നു, അയാള്‍ക്കും തന്റെ കഷ്ടപ്പാട് പരിഹരിക്കാന്‍ ദാനം ചോദിക്കാം.
അല്ലയോ ഖബീസാ, ഇവയല്ലാത്ത യാചനകളെല്ലാം നിഷിദ്ധങ്ങളാകുന്നു. ഇത് മുഖേന ഭക്ഷിക്കുന്നവന്‍ നിഷിദ്ധ ധനമാണ് ഭുജിക്കുന്നത്. (മുസ്‌ലിം, അഹ്‌മദ്)

മരിച്ചയാളുടെ കടം സകാത്തില്‍നിന്ന് വീട്ടാവുന്നതാണ്. കടത്തിലകപ്പെട്ടവന്‍ തന്നെ അത് ഏറ്റു വാങ്ങണം എന്നില്ല. അയാളുടെ കടം വീട്ടിയാല്‍ മതി. കാരണം കടക്കാരുടെ പ്രശ്നം പരിഹരിക്കാനാണ് അല്ലാഹു അവര്‍ക്ക് ഓഹരി നിശ്ചയിച്ചത്. അവര്‍ക്ക് സ്വയം ഉപയോഗിക്കാനല്ല.

7. <u>ദൈവിക മാർഗ്ഗം</u> : ഗവൺമെണ്ടിൽ നിന്ന് ശമ്പളം വാങ്ങാതെ യുദ്ധരംഗത്ത് സേവനം അർപ്പിക്കുന്നവർ സകാത്തിന് അർഹരാണ്. അവരിൽ ധനികരും ദരിദ്രരുമുണ്ടാവാം. അതിർത്തി സംരക്ഷിക്കുന്നവനും യോദ്ധാവിനെപ്പോലെയാണ്. പൊതു ജനോപകാര പ്രദമായ ഇതര കാര്യങ്ങൾ ഇതിൽ ഉൾപ്പെടുകയില്ല. അവ ഉൾപ്പെടുമായിരുന്നെങ്കിൽ മറ്റു കാര്യങ്ങളെ ഖുർആൻ എടുത്തു പറയേണ്ടതില്ലായിരുന്നു. അവയെല്ലാം പൊതുനന്മയിൽ ഉൾപ്പെടുമല്ലോ.

ജിഹാദിന്റെ വിശാല താൽപര്യം ദൈവിക മാർഗ്ഗത്തിൽ ഉൾപ്പെടുന്നതാണ്. ആദർശ സംഘട്ടനത്തിന് കരുത്താർജ്ജിക്കുക, നിക്ഷിപ്ത താല്പര്യക്കാരുടെ ആക്രമണങ്ങളെ നേരിടുക, ആശയ വൈകല്യം ബാധിച്ചവരുടെയും നശീകരണ പ്രസ്ഥാനങ്ങളുടെയും ആരോപണങ്ങൾക്ക് മറുപടി പറയുക. പ്രയോജന പ്രദങ്ങളായ ഇസ്ലാമിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക, നിരീശ്വര പ്രസ്ഥാനങ്ങളെയും ക്രൈസ്തവ പ്രചാരകരെയും ആദർശ രംഗത്ത് നേരിടാൻ കരുത്തുള്ള പ്രബോധകരെ തയ്യാറാക്കുക, തുടങ്ങിയവ ജിഹാദിന്റെ വിശാല താല്പര്യത്തിൽ പെടുന്നു.

നബി(സ) പറഞ്ഞു: "ബഹുദൈവ വിശ്വാസികളോട് നിങ്ങളുടെ ശരീരം, സമ്പത്ത്, നാവ് എന്നിവകൊണ്ട് പോരാടുക" (അബൂദാവൂദ്)

8. <u>വഴിമുട്ടിയ യാത്രികർ:-</u>
ഒരു പ്രദേശത്ത് നിന്ന് മറ്റൊരു നാട്ടിലേക്ക് യാത്ര തിരിക്കുന്നവന്ന് തന്റെ സ്വദേശത്ത് തിരിച്ചെത്താൻ സഹായം ആവശ്യമാണെങ്കിൽ സകാത്തിൽ നിന്ന് നല്കാവുന്നതാണ്. അയാളുടെ യാത്ര നിർബന്ധമോ ഉത്തമമോ അനുവദനീയമെങ്കിലുമോ ആയ ലക്ഷ്യത്തിന്നായിരിക്കണം. തിന്മക്കുവേണ്ടി ആകാവതല്ല. അയാൾക്ക് കടം കൊടുക്കാൻ ആരുമില്ലാത്ത അവസ്ഥയുമുണ്ടാകണം. അത്തരം യാത്രികന് തന്റെ ലക്ഷ്യം നിറവേറ്റി സ്വദേശത്തേക്ക് തിരിച്ചുപോകാൻ - യാത്ര എത്ര നീണ്ടതാണെങ്കിലും - ആവശ്യമായത് സകാത്തിൽ നിന്ന് കൊടുക്കാം.

ഉപരിസൂചിതമായ വിഭാഗങ്ങൾക്കെല്ലാം ഒരാളുടെ സകാത്തിൽ നിന്ന് വിഹിതം നല്കണമെന്നില്ല. പൊതുനന്മ, ആവശ്യം തുടങ്ങിയവ പരിഗണിച്ച് നല്കുന്നതാണുത്തമം. ഭരണാധികാരിയോ, അയാളുടെ പ്രതിനിധിയോ, സകാത്ത് കൊടുക്കുന്നവനോ അത് തീരുമാനിക്കേണ്ടതാണ്.

## സകാത്തിന്ന് അനർഹർ

1. ധനികർ, അദ്ധ്വാന ശേഷിയുള്ളവർ.

2. സകാത്ത് കൊടുക്കുന്നവന്റെ മാതാപിതാക്കൾ, സന്താനങ്ങൾ ഭാര്യ മുതലായവർ.

3. അമുസ്ലിംകൾ.

4. നബി(സ)യുടെ കുടുംബം.

മാതാപിതാക്കൾക്കും സന്താനങ്ങൾക്കും സകാത്ത് കൊടുക്കുന്നവൻ, ചിലവിനു കൊടുക്കാൻ അശക്തനും നിർബന്ധിതനും അല്ലാതെയിരിക്കുമ്പോൾ അവർക്ക് സകാത്ത് നല്കാം. അവർ ദാരിദ്ര്യം അനുഭവിക്കുമ്പോഴാണ് അതിന് അർഹരാവുക. മാതാപിതാക്കൾ പിതാമഹന്മാർ, സന്താനങ്ങൾ, പൗത്രന്മാർ, ഭാര്യ എന്നിവരല്ലാത്ത ഏതു ബന്ധുക്കൾക്കും സകാത്ത് നല്കാവുന്നതാണ്. യുദ്ധാർജ്ജിത സ്വത്തിൻെറ അഞ്ചിലൊന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ബനൂഹാശിം ഗോത്രത്തിൽ പെട്ടവർക്കും സകാത്ത് നല്കാം. അവരും വിഷമം അനുഭവിക്കുന്നവരും അത്യാവശ്യമുള്ളവരും ആയിരിക്കുമല്ലോ.

## സകാത്തിൻെറ പ്രയോജനങ്ങൾ

**1. അല്ലാഹുവിൻെറയും നബി(സ)യുടെയും ആജ്ഞകൾ അനുസരിക്കുക. ധനത്തോട് മനസ്സിനുണ്ടാകുന്ന ആർത്തിയേക്കാൾ അല്ലാഹുവിനോടും പ്രവാചകനോടുമുള്ള സ്നേഹത്തിന് മുൻഗണന നൽകുക.**

**2. കർമ്മത്തിൻെറ പ്രതിഫല വർദ്ധനവ്**
അല്ലാഹു പറയുന്നു.

مَثَلُ الَّذِينَ يُنفِقُونَ أَمْوَالَهُمْ فِي سَبِيلِ اللهِ كَمَثَلِ حَبَّةٍ أَنبَتَتْ سَبْعَ سَنَابِلَ فِي كُلِّ سُنبُلَةٍ مِائَةُ حَبَّةٍ وَاللهُ يُضَاعِفُ لِمَن يَشَاءُ (البقرة : ٢٦١)

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറു ധാന്യ മണിയുണ്ട്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നല്കുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമാണ്. (വി. ഖു. 2: 261)

**3. ദാനം വിശ്വാസത്തിൻെറ തെളിവും അടയാളവുമാണ്.**
"ദാനം ഒരു തെളിവാകുന്നു" (മുസ്ലിം)

**4. ദുഃസ്വഭാവങ്ങളിൽ നിന്നും പാപ മാലിന്യങ്ങളിൽ നിന്നുമുള്ള സംസ്കരണം**
"അവരുടെ സമ്പത്തിൽനിന്നും ദാനം സ്വീകരിക്കുക. അത് അവരെ ശുദ്ധീകരിക്കയും സംസ്ക്കരിക്കുകയും ചെയ്യും" (വി.ഖു.9: 103)

**5. സമ്പത്തിനു വളർച്ചയും അനുഗ്രഹവും സംരക്ഷണവും നാശങ്ങളിൽനിന്ന് രക്ഷയും ലഭിക്കുന്നു.**
നബി(സ) പറയുന്നു: " ഒരു ദാനത്താലും ധനം കുറഞ്ഞിട്ടില്ല" (മുസ്ലിം).
അല്ലാഹു പറയുന്നു:

وَمَا أَنفَقْتُم مِّن شَيْءٍ فَهُوَ يُخْلِفُهُ وَهُوَ خَيْرُ الرَّازِقِينَ (سبأ : ٣٩)

"നിങ്ങൾ എന്തൊന്ന് ചിലവഴിച്ചാലും അവൻ അതിന് പകരം നല്കുന്നതാണ്. അവൻ ഉപജീവനം നല്കുന്നവരിൽ ഏറ്റവും ഉത്തമനത്രെ. (വി. ഖു. 34: 39)

**6. ധർമ്മിഷ്ഠന് അന്ത്യനാളിൽ തൻെറ ദാനം മൂലം തണൽ ലഭിക്കുന്നു.** അല്ലാഹുവിൻെറ തണലല്ലാതെ മറ്റൊരു തണലുമില്ലാത്ത ദിനം ഏഴുവിഭാഗം ആളുകൾക്ക് അല്ലാഹു തണലേകുന്നതാണ് എന്ന നബിവചനത്തിൽ "..................ദാനം ചെയ്യുകയും വലതുകൈ ചിലവഴിച്ചത് ഇടതു കൈ

അറിയാത്തവണ്ണം മറച്ചു വെക്കയും ചെയ്തവൻ". (ബുഖാരി, മുസ്‌ലിം) എന്നു കാണാം.

7. ദൈവാനുഗ്രഹം ലഭിക്കുന്നു.
അല്ലാഹു പറയുന്നു:

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ الزَّكَاةَ ( الأعراف : ١٥٦)

"എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. എന്നാൽ ധർമ്മ നിഷ്ഠ പാലിക്കുകയും സകാത്ത് നല്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് ഞാനത് (അവരുടെ കർമ്മങ്ങളുടെ പേരിൽ) രേഖപ്പെടുത്തുന്നതാണ്" (വിഖു. 7: 156)

## സകാത്ത് നല്കാത്തവർക്ക് താക്കീത്

അല്ലാഹു പറയുന്നു:
"സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാ ജനകമായ ശിക്ഷയെ സംബന്ധിച്ച 'സന്തോഷ വാർത്ത' അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും അതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും) നിങ്ങൾ നിങ്ങൾക്കുവേണ്ടി തന്നെ നിക്ഷേപിച്ചു വെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക" (വിഖു.9:35)

2. അബൂ ഹുറൈറ(റ) യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു:
സകാത്ത് കൊടുക്കാത്ത ഓരോ സൂക്ഷിപ്പുകാരന്റെയും ധനം നരകാഗ്നിയിൽ വെച്ച് ചുട്ടുപഴുപ്പിക്കപ്പെടാതിരിക്കില്ല. അവയെ ലോഹപാളികളാക്കി അവകൊണ്ട് അവന്റെ നെറ്റിയിലും പാർശ്വങ്ങളിലും ചൂടുവെക്കപ്പെടുന്നതാണ്. അമ്പതിനായിരം വർഷ ദൈർഘ്യമുള്ള ദിനം അല്ലാഹു തന്റെ ദാസന്മാർക്കിടയിൽ വിധി കല്പിക്കുന്നത്വരെ അങ്ങിനെ ചെയ്തുകൊണ്ടിരിക്കും. പിന്നീടവനെ നരകത്തിലേക്കോ സ്വർഗ്ഗത്തിലേക്കോ നയിക്കപ്പെടും (മുസ്‌ലിം, അഹ്മദ്)

3. നബി(സ) പറഞ്ഞു: "അല്ലാഹു സമ്പത്ത് നല്കിയശേഷം അതിന്റെ സകാത്ത് നല്കാത്തവന്റെ സമ്പത്ത് അന്ത്യനാളിൽ തുറിച്ച കണ്ണുകളുള്ള ഒരു കാള സർപ്പമാക്കി രൂപാന്തരപ്പെടുത്തും. എന്നിട്ടതിനെ അവന്റെ കഴുത്തിൽ അണിയിക്കും. അതവനോട് പറയും. 'ഞാനാണ് നിന്റെ സമ്പത്ത്, ഞാൻ തന്നെയാണ് നിന്റെ നിക്ഷേപം' തുടർന്നു പ്രവാചകൻ അല്ലാഹുവിന്റെ വചനം പാരായണം ചെയ്തു:

وَلَا يَحْسَبَنَّ الَّذِينَ يَبْخَلُونَ بِمَا آتَاهُمُ اللَّهُ مِنْ فَضْلِهِ هُوَ خَيْرًا لَهُمْ بَلْ هُوَ شَرٌّ لَهُمْ

سَيُطَوَّقُونَ مَا بَخِلُوا بِهِ يَوْمَ الْقِيَامَةِ ( آل عمران : ١٨٠)

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ ലുബ്ധ് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. പിശുക്കു കാണിച്ച സമ്പത്തുകൊണ്ട് പുനരുത്ഥാന നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്" (വിഖു. 3: 180)

4. നബി(സ) യുടെ വചനം:-

"സക്കാത്ത് കൊടുക്കപ്പെടാതിരുന്ന ഒട്ടകം, പശു, ആട് എന്നിവ വളരെ വലിപ്പവും തടിച്ചു കൊഴുത്തവയുമായി അന്ത്യനാളിൽ വരിക തന്നെ ചെയ്യും. അവയുടെ കൊമ്പുകൾ കൊണ്ട് അവ ഉടമസ്ഥനെ ആക്രമിക്കയും കുളമ്പുകൾ കൊണ്ട് ചവിട്ടുകയും ചെയ്യും. മനുഷ്യർക്കിടയിൽ വിധികല്പിക്കുന്നതുവരെ അവ അങ്ങിനെ ആവർത്തിച്ചുകൊണ്ടിരിക്കും." (മുസ്ലിം)

## ശ്രദ്ധിക്കുക :-

1. സകാത്ത് നല്കപ്പെടാവുന്ന എട്ടു വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രവും സകാത്ത് നല്കാവുന്നതാണ്. എല്ലാവരും ഉണ്ടെങ്കിൽതന്നെയും എല്ലാ വിഭാഗത്തിനും വീതിച്ചു നൽകൽ നിർബ്ബന്ധമില്ല.

2. കടബാധ്യതയുള്ളവന്റെ മുഴുവൻ ബാധ്യതയോ, ഒരു ഭാഗമോ വീട്ടാൻ ആവശ്യമായത് നല്കാം.

3. അമുസ്ലിമിനോ, മതഭ്രഷ്ടനോ സകാത്ത് നല്കാവതല്ല. പ്രബലമായ വീക്ഷണമനുസരിച്ച് നമസ്കാരം ഉപേക്ഷിക്കുന്നവൻ അവിശ്വാസിയാണ്. അവൻ നമസ്കരിക്കാം എന്ന നിബന്ധന സ്വീകരിക്കയാണെങ്കിൽ ഒരു പ്രോത്സാഹനം എന്ന നിലയിൽ സകാത്ത് നല്കാവുന്നതാണ്.

4. സമ്പന്നന് സകാത്ത് കൊടുക്കാവതല്ല. നബി(സ) പറയുന്നു: "ധനികനും അധ്വാന ശേഷിയുള്ളവനും അതിൽ വിഹിതമില്ല" (അബൂദാവൂദ്)

5. ചിലവിനു കൊടുക്കൽ നിർബ്ബന്ധമായ മാതാപിതാക്കൾ, സന്താനങ്ങൾ, ഭാര്യ മുതലായവർക്കും സകാത്ത് കൊടുക്കാവതല്ല.

6. ഒരു സ്ത്രീ ദരിദ്രനായ തന്റെ ഭർത്താവിന് സകാത്ത് നല്കുന്നത് അനുവദനീയമാണ്. അബ്ദുല്ലാഹിബ്നി മസ്ഊദി (റ) ന്റെ ഭാര്യ അദ്ദേഹത്തിന് സകാത്ത് നല്കിയത് നബി(സ) അംഗീകരിച്ച സംഭവം അതിന് തെളിവാണ്.

7. വരൾച്ച പോലുള്ള അത്യാഹിത ഘട്ടങ്ങളിലല്ലാതെ ഒരു നാട്ടിലെ സകാത്ത് മറ്റൊരിടത്തേക്ക് കൊണ്ടുപോകാവതല്ല. സമ്പത്തുള്ള നാട്ടിൽ ദരിദ്രർ ഇല്ലാതെ വരിക, യോദ്ധാക്കളെ സഹായിക്കുക, പൊതു ലക്ഷ്യങ്ങൾക്കായി ഭരണാധികാരി

കൊണ്ടുപോകുക, എന്നീഘട്ടങ്ങളിൽ സകാത്ത് മറ്റൊരിടത്തേക്ക് കൊണ്ടുപോകാം.

8. ഒരു വിദേശ രാജ്യത്ത് സമ്പാദിക്കുന്നവൻ അതേ നാട്ടിലാണ് സകാത്ത് നല്കേണ്ടത്. മേൽ സൂചിപ്പിച്ച പോലെയുള്ള അടിയന്തിര ഘട്ടങ്ങളിൽ മാത്രമെ സകാത്ത് തൻെറ നാട്ടിലേക്ക് അയക്കാവൂ.

9. ഒരു ദരിദ്രന് കുറെ മാസങ്ങൾക്കോ, ഒരു വർഷത്തേക്ക് പൂർണ്ണമായോ പ്രയോജനപ്പെടുന്നത്ര സകാത്തായി നല്കാം.

10. സ്വർണ്ണം വെള്ളി എന്നിവയ്ക്ക് നാണയം, കട്ടി, ആഭരണം എന്നിങ്ങനെ ഏതു രൂപത്തിലും സകാത്ത് കൊടുക്കണം. ആഭരണം, ധരിക്കുന്നതായാലും വായ്പ കൊടുക്കുന്നതായാലും സകാത്ത് നല്കേണ്ടതാണ്. സകാത്ത് നിർബ്ബന്ധമാക്കിയ വചനങ്ങൾ അവക്കെല്ലാം ഒരേപോലെ ബാധകങ്ങളാണ്. അവയെ വേർതിരിച്ചു പറഞ്ഞിട്ടില്ല. അണിയുകയും വായ്പ കൊടുക്കുകയും ചെയ്യുന്ന ആഭരണങ്ങൾക്ക് സകാത്തില്ല എന്ന് അഭിപ്രായപ്പെട്ട പണ്ഡിതരുണ്ട്. പക്ഷെ, അതിനേക്കാൾ പ്രാബല്യമുള്ള അഭിപ്രായവും സൂക്ഷ്മതയും ഉചിതവും സകാത്ത് കൊടുക്കുക എന്നതാണ്.

11. സ്വന്തം ഉപയോഗത്തിനായി ഒരുക്കിവെച്ച ഭക്ഷ്യപദാർത്ഥങ്ങൾ, വസ്ത്രം, വീട്ടുപകരണങ്ങൾ, മൃഗങ്ങൾ, വാഹനങ്ങൾ തുടങ്ങിയവക്ക് സകാത്ത് നല്കേണ്ടതില്ല. "തൻെറ അടിമക്കും, കുതിരക്കും, ഒരു മുസ്ലിം സകാത്ത് നല്കേണ്ടതില്ല" (ബുഖാരി, മുസ്ലിം) എന്ന നബി വചനം ഇതിനു ഉപോദ്ബലകമാണ്. മുമ്പ് പ്രസ്താവിച്ചപോലെ സ്വർണ്ണത്തിനും വെള്ളിക്കും ഇത ബാധകമല്ല.

12. വാടകക്ക് കൊടുക്കപ്പെടുന്ന കെട്ടിടം, വാഹനം, നിലം തുടങ്ങിയവയുടെ വാടകയിൽ നിന്ന് സകാത്ത് നല്കണം. അവ സ്വന്തം നിലയിലോ മറ്റു വ്യാപാര വസ്തുക്കളോട് ചേർത്തോ ഒരു വർഷത്തിനകം സകാത്തിൻെറ പരിധി (നിസ്വാബ്) എത്തിയാൽ സകാത്ത് കൊടുക്കുക.

അവലംബം: അബ്ദുല്ലാഹ് ബിൻ സ്വാലിഹ് അൽ-ഖുസൈറിൻെറ ലേഖനം.

# വ്രതാനുഷ്ഠാനം

പ്രയോജനങ്ങൾ:-

يا أيها الذين آمنوا كتب عليكم الصيام كما كتب على الذين من قبلكم لعلكم تتقون

(البقرة : ١٨٣)

"സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കിയ പോലെ നിങ്ങൾക്കും വ്രതം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരായേക്കാം. (വി. ഖു. 2: 183)

നബി (സ) പറഞ്ഞു:
"വ്രതം (നരകത്തിൽനിന്ന് രക്ഷിക്കുന്ന) പരിചയാണ്." (ബുഖാരി, മുസ്ലിം)

നബി(സ) അരുൾ ചെയ്യുന്നു:

1. "വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ഒരാൾ വ്രത മനുഷ്ഠിച്ചുവോ അവന്റെ കഴിഞ്ഞ കാലപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്ലിം)

2. ഒരാൾ റംസാനിൽ വ്രതമനുഷ്ഠിച്ചു, അനന്തരം ശവ്വാൽ മാസത്തിലെ ആറു ദിനങ്ങൾ കൂടി വ്രതമനുഷ്ഠിക്കുകയും ചെയ്തു വെങ്കിൽ അയാൾ കാലം മുഴുവൻ നോമ്പനുഷ്ഠിച്ചതു പോലെയാണ്. (മുസ്ലിം).

3. വിശ്വാസത്തോടും പ്രതിഫലമാഗ്രഹിച്ചു റംസാനിന്റെ രാത്രികളിൽ നമസ്കരിച്ചവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടും. (ബുഖാരി, മുസ്ലിം)

നോമ്പ് ഒരു ആരാധനയാണ്. അതിന്റെ അനേകം പ്രയോജനങ്ങളിൽ ചിലത് കാണുക.

1. ദഹനേന്ദ്രിയങ്ങൾ, ആമാശയം തുടങ്ങിയവയുടെ നിരന്തര പ്രവർത്തനത്താലുള്ള വൈഷമ്യത്തിന് അത് ശമനം നല്കുന്നു. അവശേഷിച്ച ഭക്ഷ്യ പദാർത്ഥങ്ങളെ ദഹിപ്പിക്കയും ശരീരത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ധാരാളം രോഗങ്ങൾക്ക് അത് പ്രയോജനപ്രദമാണ്. പുകവലിയിൽ നിന്ന് മോചനം നേടാൻ സഹായിക്കുന്നു.

2. വ്രതം മനസ്സിനെ സംസ്കരിക്കുന്നു. നന്മ, ആത്മ നിയന്ത്രണം, പുണ്യം, സഹനം, നിഷ്കളങ്കത തുടങ്ങിയവയിൽ മനസ്സിനെ വളർത്തുന്നു.

3. വ്രതമനുഷ്ഠിക്കുന്ന സഹോദരങ്ങളുടെ സമത്വം നോമ്പുകാരൻ അനുഭവിക്കുന്നു. അവർ ഒന്നിച്ച് നോമ്പനുഷ്ഠിക്കയും ഒരുമിച്ച് മുറിക്കയും ചെയ്യുന്നു. സാർവ്വത്രികമായ ഇസ്ലാമിക ഐക്യത്തെക്കുറിച്ച ബോധവും അവനുണ്ടാവുന്നു. വിശപ്പ് അനുഭവിച്ചറിയുന്ന അവൻ വിശന്നവരെയും ദരിദ്രരെയും ആശ്വസിപ്പിക്കുമല്ലോ.

## റമളാനിലെ ബാധ്യതകൾ:

സഹോദരാ, അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടിയാണ് വ്രതം നിശ്ചയിക്കപ്പെട്ടത്. അതിനാൽ നോമ്പ് പ്രയോജനപ്രദവും സ്വീകാര്യവുമാവാൻ താഴെ പറയുന്നവ പ്രവർത്തിക്കുക.

**1. നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിക്കുക:**
നമസ്കാരത്തെക്കുറിച്ച് ശ്രദ്ധയില്ലാത്ത ധാരാളം നോമ്പുകാരുണ്ട്. നമസ്കാരം മതത്തിന്റെ നെടും തൂണാണ്. അത് ഉപേക്ഷിക്കുന്നത് കുഫ്ർ (അവിശ്വാസം) ആണ്.

**2. സദ് സ്വഭാവിയാവുക:**
സത്യനിഷേധത്തിൽ അകപ്പെടുന്നതിനെയും മതത്തെ ആക്ഷേപിക്കുന്നതിനെയും കരുതിയിരിക്കുക. നീ നോമ്പുകാരനാണെന്നപേരിൽ ജനങ്ങളോട് ദു:സ്വഭാവം കാണിക്കരുത്. വ്രതം മനസ്സിനെ സംസ്കരിക്കുകയാണ് ചെയ്യുന്നത്. സ്വഭാവത്തെ ദുഷിപ്പിക്കുകയല്ല. സത്യ നിഷേധം മുസ്‌ലിമിനെ മതഭ്രഷ്ടനാക്കുന്നു.

3. അശ്രദ്ധയായിപ്പോലും നീച വർത്തമാനങ്ങളരുത്. അത് വ്രതത്തെ പാഴാക്കും. നബി (സ) യുടെ വചനം ശ്രദ്ധിക്കൂ: "നിങ്ങൾ നോമ്പിന്റെ ദിവസം നീച വർത്തമാനം പറയുകയോ കയർക്കയോ ചെയ്യരുത്. ആരെങ്കിലും അവനോട് വഴക്കടിക്കുകയോ ഏറ്റു മുട്ടുകയോ ചെയ്താൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ ആവർത്തിച്ചു പറയട്ടെ. (ബുഖാരി, മുസ്‌ലിം)

4. പുകവലി വർജ്ജിക്കാൻ നോമ്പിനെ ഉപയോഗപ്പെടുത്തുക. അർബുദത്തിനും കൂടൽ രോഗങ്ങൾക്കും കാരണമാണത്. നീ നിശ്ചയദാർഢ്യമുള്ളവനാവുക. പകൽ സമയത്ത് പുകവലി ഉപേക്ഷിക്കുന്നപോലെ രാത്രിയിലും അത് വർജ്ജിക്കുക. നിന്റെ ആരോഗ്യവും സമ്പത്തും സുരക്ഷിതമാവും.

5. നോമ്പു മുറിക്കുമ്പോൾ അമിതമായി ഭക്ഷിക്കരുത്. അത് നോമ്പിനെ നിഷ്പ്രഭമാക്കും. ആരോഗ്യത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

6. സിനിമയും ടെലിവിഷനും വീക്ഷിക്കരുത്. അത് സ്വഭാവത്തെ ദുഷിപ്പിക്കുകയും നോമ്പിനോട് വിയോജിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ്.

7. അത്താഴവും ഫജ്ർ നമസ്കാരവും നഷ്ടപ്പെടുത്തും വിധം ഉറക്കമൊഴിക്കരുത്. പ്രഭാതത്തിൽ തന്നെ കർമ്മ രംഗത്തേക്ക് തിരിക്കുക. നബി (സ) പറഞ്ഞു: "അല്ലാഹുവെ, എന്റെ സമുദായത്തിന്റെ പ്രഭാതം നീ അനുഗ്രഹിതമാക്കേണമേ." (അഹ്മദ്. തിർമദി)

8. അടുത്ത ബന്ധുക്കൾക്കും ദരിദ്രർക്കും ദാനം വർദ്ധിപ്പിക്കുക. ബന്ധുക്കളെ സന്ദർശിക്കുക. പിണങ്ങിയവരോട് ഇണങ്ങുക.

9. അല്ലാഹുവിനെ സ്മരിക്കുക. ഖുർആൻ പാരായണവും ശ്രവണവും അധികരിപ്പിക്കുക. ഖുർആന്റെ ആശയം ഗ്രഹിക്കുകയും തദാനുസാരം പ്രവർത്തിക്കുകയും ചെയ്ക. പ്രയോജന പ്രദമായ ക്ലാസ്സുകൾ ശ്രവിക്കാൻ പള്ളികളിലേക്ക് പോവുക. റംസാനിന്റെ അവസാനത്തിൽ പള്ളിയിൽ "ഇഅ്തികാഫ്" ഇരിക്കുന്നത് നബിചര്യയാണ്.

10. നോമ്പിനെ സംബന്ധിച്ച കൃതികൾ വായിച്ചു വിധികൾ ഗ്രഹിക്കുക. മറന്നുകൊണ്ട് ഭക്ഷണ പാനീയങ്ങൾ കഴിച്ചാൽ നോമ്പ് മുറിയില്ല. രാത്രിയിൽ വലിയ അശുദ്ധി (ജനാബത്ത്) ബാധിക്കുന്നവൻ പ്രഭാതമാകുന്നതിന്റെ മുമ്പ് കുളിച്ചിട്ടില്ലെങ്കിലും അയാളുടെ നോമ്പ് അസാധുവാകുകയില്ല. എന്നാൽ ഫജ്ർ നമസ്കാരം നിർവ്വഹിക്കുന്നതിനായി അയാൾ വേഗം കുളിക്കണം. ഇത്തരം നിയമങ്ങൾ അതുമൂലം ഗ്രഹിക്കാൻ സാധിക്കും.

11. റമളാൻ വ്രതാനുഷ്ഠാനത്തിൽ സൂക്ഷ്മത പുലർത്തുക. നോമ്പനുഷ്ഠിക്കാൻ കഴിയുന്ന സന്താനങ്ങളെ അത് ശീലിപ്പിക്കുക. അകാരണമായി നോമ്പു മുറിക്കരുത്. മന:പൂർവ്വം നോമ്പ് മുറിച്ചവൻ പകരം നോമ്പ് അനുഷ്ഠിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യണം.

റമളാനിന്റെ പകലിൽ ഭാര്യാ സംസർഗ്ഗത്തിലൂടെ നോമ്പ് മുറിച്ചവൻ അതിന്റെ പ്രായശ്ചിത്തം ക്രമാനുസൃതം ചെയ്യേണ്ടതാണ്.[3]

12. റമളാനിലെ നോമ്പ് ഉപേക്ഷിക്കരുത്. ഉപേക്ഷിക്കുന്നത് ജനങ്ങളുടെ മുമ്പിൽ പ്രകടിപ്പിക്കയുമരുത്. വ്രതം ഉപേക്ഷിക്കുന്നവൻ അല്ലാഹുവെ ധിക്കരിക്കുന്നു. ഇസ്‌ലാമിനെ നിന്ദിക്കുകയും മനുഷ്യർക്കിടയിൽ അപമാനിതനാവുകയും ചെയ്യുന്നു. നോമ്പനുഷ്ഠിക്കാത്തവന് ഈദില്ല. കാരണം നോമ്പിന്റെ സമ്പൂർണ്ണതയും ആരാധനയുടെ സ്വീകാര്യതയും കുറിക്കുന്ന മഹത്തായ ആഘോഷമാണ് ഈദ്.

## നോമ്പ് : നബി വചനങ്ങളിലൂടെ

1. "റമളാൻ ആസന്നമായാൽ ആകാശത്തിന്റെ വാതായനങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ വാതിലുകൾ പൂട്ടപ്പെടുന്നു. പിശാചുക്കൾ ബന്ധനസ്ഥരാവുന്നു" മറ്റൊരു നിവേദനത്തിൽ "റമളാൻ ആഗതമായാൽ സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടുന്നു" എന്നും ഇനിയുമൊരു നിവേദനത്തിൽ "അനുഗ്രഹത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്നു" എന്നും കാണാം. (ബുഖാരി, മുസ്‌ലിം)

2. "ഒരാൾ (മലക്ക്) വിളിച്ചു പറയും. നന്മ തേടുന്നവനെ, വരൂ! മുന്നോട്ട്. തിന്മയുടെ വാക്താവേ ചുരുക്കൂ! അല്ലാഹു നരക മോചിതരാക്കുന്ന ചിലരുണ്ട്. അത് റമളാൻ അവസാനിക്കുന്നതുവരെയുള്ള എല്ലാ രാവുകളിലുമുണ്ടായിരിക്കുന്നതാണ്." (മിശ്കാത്ത്)

[3] പ്രായശ്ചിത്തം : അടിമയെ മോചിപ്പിക്കുക. അതിനു കഴിയാത്തവൻ തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കുക. ഇതിനും കഴിയാത്തവൻ 60 സാധുക്കൾക്ക് അന്നം നൽകുക.

3. ആദം സന്തതിയുടെ എല്ലാ സത്കർമ്മങ്ങൾക്കും പത്തു മുതൽ എഴുന്നൂറ് ഇരട്ടി വരെ പ്രതിഫലമുണ്ട്. അല്ലാഹു പറഞ്ഞു: എന്നാൽ വ്രതം, അത് എനിക്കുള്ളതാണ്. അതിന് ഞാൻ (പ്രത്യേകം) പ്രതിഫലം നല്കും. അവൻ തന്റെ വികാരവും ഭക്ഷണവും എനിക്കു വേണ്ടിയാണ് ഉപേക്ഷിച്ചത്. നോമ്പുകാരനു രണ്ടു ആഹ്ലാദ സമയങ്ങളുണ്ട്. നോമ്പ് തുറക്കുമ്പോഴാണ് ഒന്ന്. മറ്റേത്, തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴായിരിക്കും. നോമ്പുകാരന്റെ വായയുടെ വാസനയിലുണ്ടാകുന്ന മാറ്റം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്. (ബുഖാരി, മുസ്ലിം)

## നാവിനെ സൂക്ഷിക്കുക:-

**നബി(സ) പറഞ്ഞു "ആര് വ്യാജ വർത്തമാനങ്ങളും പ്രവർത്തനങ്ങളും ഒഴിവാക്കുന്നില്ലയോ അവൻ ഭക്ഷ്യ-പാനീയങ്ങൾ വർജ്ജിക്കേണ്ട യാതൊരാവശ്യവും അല്ലാഹുവിനില്ല" (ബുഖാരി)**

**നോമ്പ് തുറക്കൽ, പ്രാർത്ഥന, അത്താഴം**

**നബി(സ) പറഞ്ഞു"**

**1. നിങ്ങൾ നോമ്പു തുറക്കുമ്പോൾ കാരക്ക കൊണ്ടാക്കുക. അതു അനുഗ്രഹീതമാണ്. കാരക്ക ലഭിച്ചിട്ടില്ലെങ്കിൽ ജലം കൊണ്ട് തുറക്കുക. അത്** ശുദ്ധമാണ്." (തിർമിദി)

2. നോമ്പു തുറക്കുമ്പോൾ നബി(സ) ഇപ്രകാരം പറയുമായിരുന്നു.
"ദാഹം ശമിച്ചു. സിരകൾ നനഞ്ഞു. അല്ലാഹു അനുഗ്രഹിച്ചെങ്കിൽ പ്രതിഫലം സ്ഥിരപ്പെട്ടു" (അബു ദാവൂദ്)

3. നബി(സ) പറഞ്ഞു: "നോമ്പു തുറക്കുന്നതിൽ ധൃതി കാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായിരിക്കും" (ബുഖാരി, മുസ്ലിം)

4. "അത്താഴം കഴിക്കുവിൻ, തീർച്ചയായും അത്താഴത്തിൽ അനുഗ്രഹമുണ്ട്" **(ബുഖാരി, മുസ്ലിം)**

## നബി(സ) യുടെ വ്രതം

1. നബി(സ) പറഞ്ഞു: "എല്ലാ മാസങ്ങളിലും മൂന്നു ദിവസം വീതവും റമളാനിൽ പൂർണ്ണമായും വ്രതമനുഷ്ഠിക്കുക. ഇതാണ് കാലം മുഴുവനുമുള്ള വ്രതാനുഷ്ഠാനം. അറഫാ നാളിലെ നോമ്പ് മൂലം അതിനു മുമ്പും ശേഷവുമുള്ള ഓരോ വർഷത്തിലെ പാപങ്ങൾ അല്ലാഹു പൊറുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആശൂറാ (മുഹറം 10) യിലെ വ്രതത്താൽ അതിന്റെ മുമ്പത്തെ ഒരു വർഷത്തെ പാപം അല്ലാഹു മാപ്പാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. (മുസ്ലിം)

**2. നബി(സ) പറഞ്ഞു:**
**"അടുത്ത വർഷവും ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ മുഹറം ഒമ്പതിനും ഞാൻ വ്രതം അനുഷ്ഠിക്കും" (മുസ്ലിം)**

**3. തിങ്കളാഴ്ചയിലെയും വ്യാഴാഴ്ചയിലെയും നോമ്പിനെക്കുറിച്ച് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: 'ലോകരക്ഷിതാവിങ്കൽ കർമ്മങ്ങൾ സമർപ്പിക്കപ്പെടുന്ന രണ്ടു നാളുകൾ, നോമ്പുകാരനായിരിക്കെ എന്റെ കർമ്മങ്ങൾ സമർപ്പിക്കപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു" (നസാഈ)**

4. "ഈദുൽ ഫിത്വറിലും അസ്ഹായിലും വ്രതമനുഷ്ഠിക്കുന്നത് നബി(സ) വിരോധിച്ചു" (ബുഖാരി, മുസ്‌ലിം)

5. ആയിശ(റ)ൽ നിന്ന് നിവേദനം:
"റമദാൻ ഒഴികെയുള്ള ഏതെങ്കിലും മാസം റസൂൽ (സ) സമ്പൂർണ്ണമായി വ്രതം അനുഷ്ഠിച്ചത് ഞാൻ കണ്ടിട്ടില്ല." (ബുഖാരി, മുസ്‌ലിം)

6. നബി(സ) ശഅബാനിലേതിനെക്കാൾ അധികം മറ്റൊരു മാസവും (ഐഛിക) വ്രതം അനുഷ്ഠിച്ചിരുന്നില്ല. (ബുഖാരി)

## ഹജ്ജ്, ഉംറ: അവയുടെ ശ്രേഷ്ഠത:

1. അല്ലാഹു പറയുന്നു:

وَلِله عَلَى النَاسِ حِجُ البَيْتِ مَن اسْتَطَاعَ إليهِ سَبِيلاً وَمَن كَفَرَ فَإنَ اللهَ غَنِيٌ عَنِ العَالَمِين (

آل عمران : ٩٧)

"ആ മന്ദിരത്തിൽ (കഅ്ബാലയത്തിൽ) എത്തിച്ചേരാൻ സാധിക്കുന്ന മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാണ്. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരിൽ ആരുടെയും ആശ്രയം ഇല്ലാത്തവനാകുന്നു." (വി.ഖു. 3: 97)

2. നബി(സ) പറഞ്ഞു:
"ഉംറകൾ, അവകൾക്കിടയിലെ പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്. സ്വീകാര്യമായ ഹജ്ജിൻെറ[4] പ്രതിഫലം സ്വർഗ്ഗമല്ലാതെ മറ്റൊന്നുമല്ല." (ബുഖാരി, മുസ്‌ലിം)

3. നബി(സ) പറഞ്ഞു:
"അസഭ്യങ്ങളോ ദുർവൃത്തിയോ ചെയ്യാതെ ഹജ്ജ് നിർവ്വഹിച്ചവൻ അവൻെറ പാപങ്ങളിൽ നിന്ന് മോചിതനായിരിക്കുന്നു. അവൻെറ മാതാവ് അവനെ പ്രസവിച്ച നാളിൽ എന്ന പോലെ. (ബുഖാരി, മുസ്‌ലിം)

4. നബി(സ) പറഞ്ഞു:
"നിങ്ങളുടെ അനുഷ്ഠാനകർമ്മങ്ങൾ എന്നിൽനിന്ന് സ്വീകരിക്കുവിൻ" (മുസ്‌ലിം)

5. സഹോദരാ:- മക്കയിൽ പോകാനും അവിടെനിന്ന് മടങ്ങാനും ആവശ്യമായ ധനം കൈവശമുണ്ടായാൽ വേഗത്തിൽ ഹജ്ജ് നിർവ്വഹിക്കുക. സമ്മാനങ്ങൾ, മധുര പദാർത്ഥങ്ങൾ തുടങ്ങിയ ഹജ്ജിനു ശേഷമുള്ള ചിലവുകൾ പരിഗണനീയമല്ല. അവയൊന്നും അല്ലാഹു ഇളവുകളായി അംഗീകരിക്കില്ല. ദാരിദ്ര്യമോ രോഗമോ നിന്നെ ബാധിക്കുന്നതിനു മുമ്പ് നീ ഹജ്ജിനായി വേഗം പുറപ്പെടുക. അല്ലെങ്കിൽ നീ ധിക്കാരിയായി മരിക്കാനിടവരും. ഹജ്ജ് ഇസ്‌ലാമിൻെറ സ്തംഭങ്ങളിൽ ഒന്നാണ്.

6. അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ച ധനമായിരിക്കണം ഹജ്ജിനും

4 സ്വീകാര്യമായ ഹജ്ജ്: നബി(സ) ചെയ്തപോലെ ഹജ്ജ് ചെയ്യുക. പാപമോ ധിക്കാരമോ ചെയ്യാതിരിക്കുക എന്നതാണ്.

ഉംറക്കും ഉപയോഗിക്കുന്നത്. എങ്കിൽ മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.

7. വിവാഹം നിഷിദ്ധമായ ബന്ധുക്കളുടെയോ ഭർത്താവിന്റെയോ കൂടെയല്ലാതെ സ്ത്രീ ഹജ്ജിനോ മറ്റോ യാത്രചെയ്യുന്നത് നിഷിദ്ധമാണ്. നബി(സ) പറഞ്ഞു: "ഒരു ബന്ധുവിനോടൊപ്പമല്ലാതെ സ്ത്രീ യാത്രചെയ്യരുത്" (ബുഖാരി, മുസ്‌ലിം)

8. പിണങ്ങിയവരോട് ബന്ധം നന്നാക്കുക. കടം വീട്ടുക. വീട്ടുകാരോട് ആഡംബരവും അമിതവ്യയവും അരുതെന്ന് ഉപദേശിക്കുക.

അല്ലാഹു പറയുന്നു: ( ٣١ الأعراف ) وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا
"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. അമിതമാകരുത്" (വിഖു.7 : 31)

9. ഹജ്ജ് ഒരു മഹത്തായ മുസ്‌ലിം സമ്മേളനമാണ്. പരസ്പരം അടുത്തറിയാനും സ്നേഹബന്ധങ്ങൾ കരുപിടിപ്പിക്കാനും സഹകരണത്തിലൂടെ തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കഴിയുന്നു. ഭൗതികവും മതപരവുമായ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിക്കാനും സാധിക്കുന്നു.

10. നിന്റെ പ്രയാസങ്ങൾ പരിഹരിക്കാൻ അല്ലാഹുവോട് മാത്രം സഹായം തേടുകയും പ്രാർത്ഥിക്കയും ചെയ്യുക. അല്ലാഹു പറയുന്നു:

قُلْ إِنَّمَا أَدْعُوا رَبِّي وَلَا أُشْرِكُ بِهِ أَحَدًا (الجن : ٢٠)

"പറയുക, ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് ഒരാളെയും ഞാൻ പങ്കു ചേർക്കുകയില്ല" (വിഖു. 72:20)

11. ഉംറ: ഏതു സന്ദർഭത്തിലും അനുവദനീയമാണ് റമളാൻ മാസത്തിൽ നിർവ്വഹിക്കുന്നതാണുത്തമം. നബി(സ) പറയുന്നു:
"റമളാനിൽ ഉംറ ചെയ്യുന്നത് ഹജ്ജിന് തുല്യമാണ്." (ബുഖാരി, മുസ്‌ലിം)

12. മസ്ജിദുൽ ഹറാമിൽ ഒരു പ്രാവശ്യം നമസ്കരിക്കുന്നത് ഇതര മസ്ജിദുകളിൽ ഒരു ലക്ഷം പ്രാവശ്യം നമസ്കരിക്കുന്നതിനെക്കാൾ ഉത്തമമാണ്. നബി(സ) പറഞ്ഞു: "എന്റെ പള്ളിയിൽ (മദീനയിലെ മസ്ജിദുന്നബവി) ഒരു പ്രാവശ്യം നമസ്കരിക്കുന്നത് മറ്റു പള്ളികളിൽ ആയിരം പ്രാവശ്യം നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ടമാണ്. മസ്ജിദുൽ ഹറാമിൽ ഒഴികെ" (ബുഖാരി, മുസ്‌ലിം)

നബി(സ) തുടർന്നു "മസ്ജിദുൽ ഹറാമിലെ ഒരു നമസ്കാരം എന്റെ പള്ളിയിൽ നൂറു പ്രാവശ്യം നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ടമാണ്" (അഹ്മദ്)
അപ്പോൾ മറ്റു പള്ളികളിൽ (1000 X 100 = 100,000) ഒരു ലക്ഷം നമസ്കാരം നിർവ്വഹിക്കുന്നതിന് തുല്ല്യമാണ്.

13. "തമത്തുഅ്"ആയി ഹജ്ജ് ചെയ്യുന്നതാണ് ഉത്തമം. ആദ്യം ഉംറ നിർവ്വഹിക്കുക. ശേഷം ഇഹ്റാമിൽ നിന്ന് ഒഴിവാകുക. പിന്നീട് ഹജ്ജിന്റെ സമയത്ത് ഇഹ്റാം ചെയ്തു ഹജ്ജ് ചെയ്യുക. അതാണ് തമത്തുഅ്.

നബി(സ) പറഞ്ഞു: "മുഹമ്മദിന്റെ കുടുംബമേ, നിങ്ങളിൽ നിന്ന് ഹജ്ജ് ചെയ്യുന്നവൻ ഉംറ:ക്കുവേണ്ടി ഹജ്ജിൽ ഇഹ്റാം ചെയ്യട്ടെ" (ഇബ്നു ഹിബ്ബാൻ, ഹദീസിന്റെ നിവേദന ശൃംഖല പ്രബലമാണെന്ന" അൽ-ബാനി പ്രസ്താവിച്ചിട്ടുണ്ട്)

## ഉംറ:യുടെ കർമ്മങ്ങൾ:

1. ഇഹ്റാം : മീഖാത്തിൽ[5] വെച്ച് ഇഹ്റാം ചെയ്യുക.

"ലബ്ബൈക്കല്ലാഹുമ്മ ഉംറത്തൻ" لَبَّيْكَ اللَّهُمَّ عُمْرَةً
"അല്ലാഹുവെ ഞാൻ ഉംറ:ക്കുവേണ്ടി സന്നിഹിതനായിരിക്കുന്നു" എന്നു പറയുക, പിന്നീട് ഉച്ചത്തിൽ തൽബിയത്ത് ചൊല്ലുക.[6]

2. ത്വവാഫ്:- മക്കയിൽ എത്തിയാൽ ഹറമിൽ പ്രവേശിക്കുക. കഅ്ബയെ ഏഴു പ്രാവശ്യം പ്രദക്ഷിണം വക്കുക. ഹജറുൽ അസ്വദിനു നേരെ

നിന്നുകൊണ്ടാരംഭിക്കുക. അപ്പോൾ بِسْمِ اللهِ اللهُ أَكْبَرُ (അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു. അല്ലാഹു ഉന്നതനാണ്) എന്നു പറയുക. സൗകര്യപ്പെട്ടാൽ ഹജറുൽ അസ്വദിനെ ചുംബിക്കുക. അല്ലെങ്കിൽ വലതുകരം കൊണ്ട് അതിനു നേരെ ചൂണ്ടുക. സാധിച്ചാൽ എല്ലാ ത്വവാഫിലും റുക്നുൽ യമാനിയെ തടവുക. അതിനെ ചുംബിക്കയോ, അതിലേക്ക് ചൂണ്ടുകയോ ചെയ്യരുത്.
രണ്ട് റുക്നുകൾക്കിടയിൽ ഇപ്രകാരം പ്രാർത്ഥിക്കുക.

5 ---

1. ഇഹ്റാം ചെയ്യാനുള്ള നിശ്ചിത സ്ഥലങ്ങൾക്കാണ് 'മീഖാത്ത്' എന്നു പറയുന്നത്. ശാമുകാർക്ക് അൽ ജഹ്ഫ (റാബിഗ്), നജ്ദ്കാർക്ക് (ഖർനുൽ മനാസിൽ), യമൻകാർക്ക് (യലംലം), മദീനക്കാർക്ക് (ദുൽഹുലൈഫ), --അതിന് (അബ്യാർ അലി) എന്നും പേരുണ്ട്-- ഇറാഖികൾക്ക് (ദാത്തു ഇർഖ്) എന്നിവയാണ" മീഖാത്ത്. ഈ സ്ഥലങ്ങളിലൂടെ സഞ്ചരിക്കുന്ന മറ്റു ദേശക്കാർക്കും അവതന്നെയാണ് മീഖാത്ത്.

6 അല്ലാഹുവെ നിന്റെ ആജ്ഞയനുസരിച്ച് ഞാൻ ഇതാ സന്നിഹിതനായിരിക്കുന്നു. ഞാൻ ഉത്തരം ചെയ്യുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിശ്ചയമായും സ്തോത്രവും അനുഗ്രഹവും ആധിപത്യവും നിനക്കാണ്. നിനക്ക് പങ്കുകാരനില്ല.

ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ:

ഇഹ്റാമിൽ പ്രവേശിച്ചവൻ ശരീരത്തിൽ നിന്ന് മുടിയോ രോമമോ നീക്കം ചെയ്യാവതല്ല. നഖം മുറിക്കുക, സുഗന്ധ ദ്രവ്യം ഉപയോഗിക്കുക, വേട്ടയാടുക, വിവാഹം നടത്തുക, ലൈംഗിക സമ്പർക്കം പുലർത്തുക, തുടങ്ങിയവയും നിഷിദ്ധമാണ്. പുരുഷന്മാർ തുന്നപ്പെട്ട വസ്ത്രങ്ങൾ ധരിക്കുകയോ തലമറക്കുകയോ ചെയ്യാവതല്ല.

رَبَّنَا آتِنَا فِي الدُّنيَا حَسَنَةً وَفِي الآخِرةِ حَسَنَةً وَقِنَا عَذَابَ النَّار

"ഞങ്ങളുടെ രക്ഷിതാവെ, നീ ഞങ്ങൾക്ക് ഇഹലോകത്തും പാരത്രിക ജീവിതത്തിലും നന്മനല്കേണമേ, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ"

ത്വവാഫിനു ശേഷം മഖാമു ഇബ്രാഹീമിന്റെ പിന്നിൽ നിന്നു രണ്ടു റക്അത്ത് നമസ്കരിക്കുക. ആദ്യത്തെ റക്അത്തിൽ ഫാതിഹക്കു ശേഷം സൂറത്തുൽ 'കാഫിറൂനും' രണ്ടാമത്തേതിൽ സൂറത്ത് 'ഇഖ്ലാസും' പാരായണം ചെയ്യുക. സംസം വെള്ളം കുടിക്കുക. ശിരസ്സിൽ കുറച്ച് ഒഴിക്കുകയും ചെയ്യുക. ഹജറുൽ അസ്‌വദിനെ തൊട്ടുമുത്തുക.

**3. സഫാ മർവകളിലെ സഅ്‌യ്:-**

സഫായിൽ കയറുക. കൈകൾ മുകളിലേക്ക് ഉയർത്തി ഖിബ്‌ലയെ അഭിമുഖീകരിക്കുക. അപ്പോൾ إِنَّ الصَّفَا وَالْمَرْوَةَ مِن شَعَائِرِ الله (സഫയും മർവ്വയും അല്ലാഹുവിന്റെ ചിഹ്നങ്ങളാണ്" അല്ലാഹു ആരംഭിച്ചതു മുതൽ ഞാൻ ആരംഭിക്കുന്നു) എന്നു പറയുക. മൂന്നു തക്ബീറുകൾ ചൊല്ലുക. കൈകൊണ്ട് ചൂണ്ടാവതല്ല. തുടർന്ന് മൂന്നു പ്രാവശ്യം ഇപ്രകാരം പറയുക:

لاَإِلَـهَ إِلاَّ الله وَحْدَهُ لاَ شَرِيكَ لَهُ لَـهُ الْمُلْكُ وَلَهُ الحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِير لاإِلَـهَ إِلا اللهُ وَحْدَهُ
أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ

"അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരനില്ല. ആധിപത്യം അവന്നു. സ്തോത്രവും അവനു തന്നെ അവൻ സർവ്വ ശക്തനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അവൻ ഏകനാണ്. അവൻ തന്റെ വാഗ്ദാനം പാലിച്ചു. തന്റെ ദാസനെ സഹായിച്ചു. അവൻ ഏകനായി ശത്രുക്കളെ തുരത്തി".
സഫാ, മർവകളിൽ എത്തുമ്പോഴെല്ലാം ഈ പ്രാർത്ഥനകൾ ആവർത്തിക്കുക.

പച്ച ട്യൂബുകൾ ജ്വലിക്കുന്നിടത്ത് വേഗത്തിൽ നടക്കുക. ഏഴു പ്രാവശ്യമാണ് "സഅ്‌യ്" നടത്തേണ്ടത്. അങ്ങോട്ടു പോകുന്നത് ഒരു പ്രാവശ്യമായും മടങ്ങുന്നത് മറ്റൊന്നായും കണക്കാക്കുക.

**4.** തല മുണ്ഡനം ചെയ്യുക. അല്ലെങ്കിൽ മുടി എല്ലാ ഭാഗത്തുനിന്നുമായി വെട്ടി ചെറുതാക്കുക. സ്ത്രീ അല്പം മുടി വെട്ടിയാൽ മതി.

**5.** ഇതോടു കൂടി ഉംറ: പൂർത്തിയായി. ഇഹ്റാമിൽനിന്ന് ഒഴിവാകുകയും ചെയ്തു.

# ഹജ്ജ് കർമ്മങ്ങൾ [7]

1. ദുൽഹജ്ജ് എട്ടിന് മക്കയിൽ വച്ച് ഇഹ്റാമിന്റെ വസ്ത്രങ്ങൾ അണിയുക.

ലബ്ബൈക്കല്ലാഹുമ്മ ഹജ്ജതൻ لَبَّيْكَ اللَّهُمَّ حَجَّةً
"നാഥാ ഞാൻ ഹജ്ജിന്നായി നിനക്ക് ഉത്തരം ചെയ്തു" എന്നു പറയുക.

2. മിനായിലേക്ക് പോവുക. അന്ന് രാത്രി അവിടെ താമസിക്കുക. അഞ്ച് സമയത്തെ നമസ്കാരങ്ങൾ അവയുടെ കൃത്യസമയത്ത് നിർവ്വഹിക്കുക. സുഹർ, അസ്വർ, ഇശാ എന്നിവ ഖസ്റാക്കി രണ്ടുവീതം റക്അത്തുകൾ നമസ്കരിക്കുക.

3. ദുൽ ഹജ്ജ് ഒമ്പതിന് പ്രഭാതത്തിൽ അറഫയിലേക്ക് പോവുക. (ഖസ്റും, ജംഉതഖ്ദീമുമാക്കി) ളുഹറും അസ്വറും ളുഹറിന്റെ സമയത്ത് രണ്ടു വീതം റക്അത്തുകളായി നമസ്കരിക്കുക. രണ്ടിനും കൂടി ഒരു ബാങ്ക് മതി. ഇഖാമത്ത് വെവ്വേറെ വേണം. സുന്നത്ത് നമസ്കരിക്കേണ്ടതില്ല. അറഫയുടെ അതിരുകൾക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തുക. നോമ്പ് അനുഷ്ഠിക്കരുത്. തൽബിയത്ത് ചൊല്ലുകയും അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുകയും ചെയ്യുക. അറഫയിലെ നിർത്തം ഹജ്ജിന്റെ അടിസ്ഥാന സ്തംഭമാണ്. നമിറഃ മസ്ജിദിന്റെ മിക്കഭാഗവും അറഫയിൽ പെട്ടതല്ല.

4. സൂര്യാസ്തമനത്തിനു ശേഷം ശാന്തമായി 'മുസ്ദലിഫ' യിൽ വരിക. അവിടെ വെച്ച് (ജംഉതഅ്ഖീറാക്കി) മഗ്രിബും ഇശായും ഇശായുടെ സമയത്ത് നിർവ്വഹിക്കുക. ഇശാ ഖസ്റാക്കുക. അന്ന് അവിടെ രാപാർക്കുക. പ്രഭാതത്തിൽ ഫജ്ർ നമസ്കാരാനന്തരം 'മശ്അറുൽ ഹറാം' പള്ളിക്കു സമീപത്തുനിന്ന് അല്ലാഹുവിനെ കൂടുതലായി സ്മരിക്കുക. ബലഹീനരായ ആളുകൾക്ക് മുസ്ദലിഫയിൽ രാപ്പാർക്കാതെ മിനായിലേക്ക് പോകാവുന്നതാണ്.

---

7 ഹജ്ജിന്റെ കർമങ്ങൾ മൂന്നു വിധത്തിൽ നിർവ്വഹിക്കാം.

1. തമത്തുഅ്:- ഹജ്ജിന്റെ മാസങ്ങളിൽ (ശവ്വാൽ , ദുൽ-ഖഅദ്, ദുൽ ഹജ്ജ്) ഏതെങ്കിലും ഒന്നിൽ ഉംറ നിർവ്വഹിച്ചശേഷം തഹല്ലുലാവുക, ദുൽ-ഹജ്ജ് എട്ടിന് ഹജ്ജിനു വേണ്ടി ഇഹ്റാം ചെയ്യുക. ഈ രൂപത്തിൽ ഹജ്ജ് ചെയ്യുന്നതാണ് ഉത്തമം. നബി(സ) അനുചരരോട് കല്പിച്ചതും ഇതായിരുന്നു.
2. ഖിറാൻ :- ഹജ്ജിനും ഉംറക്കും കൂടി ഇഹ്റാം ചെയ്യുക. അവരണ്ടും പൂർത്തീകരിക്കുന്നതുവരെ ഇഹ്റാമിൽ തുടരുകയും ചെയ്യുക.
3. ഇഫ്റാദ് :- മീഖാത്തിൽ നിന്ന് ഹജ്ജിന് മാത്രം ഇഹ്റാം ചെയ്യുക. ഹജ്ജ് കർമങ്ങൾ അവസാനിക്കുവോളം ഇഹ്റാമിൽ തുടരുക.

5. ഈദിൻെറ ദിവസം സൂര്യോദയത്തിനു മുമ്പ് തൽബിയത്ത് ചൊല്ലികൊണ്ട് മിനായിലേക്ക് പോവുക. മുസ്ദലിഫയിൽ നിന്നോ മറ്റെവിടെ നിന്നുമെങ്കിലോ കല്ലുകൾ പെറുക്കുക. മിനായിൽ എത്തിയാൽ സൂര്യോദയ ശേഷം ചെറിയ ഏഴു കല്ലുകൾ കൊണ്ട് "ജംറ:ത്തുൽ കുബ്റാ" യെ എറിയുക. രാത്രി വരെ എറിയാനുള്ള സമയമാണ്. കല്ലുകൾ ലക്ഷ്യസ്ഥാനത്ത് പതിച്ചുവെന്ന് ഉറപ്പുവരുത്തുക. പതിച്ചിട്ടില്ലെങ്കിൽ വീണ്ടും എറിയുക.

6. ഒരു മൃഗത്തെ അറുത്ത് അതിൻെറ മാംസം മക്കയിലോ, മിനായിലോ സാധുക്കൾക്ക് വിതരണം ചെയ്യുക. അതിൽനിന്നൽപം സ്വയം ഭക്ഷിക്കുകയും ചെയ്യണം. അതിനു സാമ്പത്തിക ശേഷിയില്ലെങ്കിൽ ഹജ്ജിൻെറ നാളുകളിൽ മൂന്നു ദിവസവും തിരിച്ച് നാട്ടിൽ എത്തിയ ശേഷം ഏഴു ദിവസവും വ്രതമനുഷ്ഠിക്കുക. സ്ത്രീക്കും പുരുഷനെപോലെ ബലിയോ, വ്രതമോ നിർബന്ധമാണ്. തമത്തുഅ്, ഖിറാൻ എന്നീ രൂപങ്ങളിൽ ഹജ്ജ് ചെയ്യുന്നവർക്കാണിത്. (ഇഫ്റാദായി ഹജ്ജ് ചെയ്യുന്നവർക്ക് ബലി നിർബന്ധമില്ല)

7. തല മുണ്ഡനം ചെയ്യുകയോ മുടി വെട്ടുകയോ ചെയ്യുക. മുണ്ഡനമാണ് ഉത്തമം. പിന്നീട് സാധാരണ വസ്ത്രമണിയുക. ഭാര്യാ സംസർഗ്ഗം ഒഴികെ ഇഹ്റാമുകൊണ്ട് നിഷിദ്ധമായത് എല്ലാം ഇപ്പോൾ അനുവദനീയമാണ്.

8. മക്കയിലേക്ക് പോവുക. ഏഴു പ്രാവശ്യം കഅ്ബയെ ത്വവാഫ് ചെയ്യുക. സഫാ-മർവകൾക്കിടയിൽ ഏഴു പ്രാവശ്യം (സഫയിൽ നിന്ന് മർവയിലേക്ക് പോകുന്നത് ഒന്നായും തിരിച്ചു സഫയിലേക്ക് പോകുന്നത് മറ്റൊന്നായും കണക്കാക്കപ്പെടും) "സഅ്യ്" നടത്തുക. പെരുന്നാൾ ദിനങ്ങളുടെ അവസാനം വരെ "ത്വവാഫ്" പിന്തിക്കാവുന്നതാണ്. ത്വവാഫും സഅ്യും അവസാനിച്ചാൽ ഭാര്യയുമായുള്ള സംസർഗ്ഗം അനുവദനീയമാണ്. അതിന് മുമ്പ് നിഷിദ്ധമായിരുന്നുവല്ലോ.

9. ഈദ് നാളുകളിൽ മിനായിൽ തന്നെ താമസിക്കുക. അത് നിർബന്ധമാണ്. എല്ലാ ദിവസവും ളുഹർ നമസ്കാരശേഷം ജംറകളെ എറിയുക. ആദ്യം ചെറിയ ജംറ: പിന്നീട് മധ്യത്തിലുള്ളത് ഒടുവിൽ വലിയ ജംറ: എന്ന ക്രമത്തിലാണ് എറിയേണ്ടത്. രാത്രിയാകുന്നത് വരെ എറിയാം. ഏഴു കല്ലുകൾ വീതം എറിയുക. ഓരോ കല്ലും എറിയുമ്പോൾ തക്ബീർ ചൊല്ലുക. ചെറിയ ജംറ:യേയും മധ്യ ജംറ:യേയും എറിഞ്ഞ ശേഷം കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. അത് ഉത്തമമാണ്. സ്ത്രീകൾ, രോഗികൾ, കുട്ടികൾ, ബലഹീനർ എന്നിവർക്ക് എറിയാൻ മറ്റുള്ളവരെ ഏൽപിക്കാവുന്നതാണ്. നിർബന്ധിത സാഹചര്യത്തിൽ ഏറ് രണ്ടാമത്തെയും മൂന്നാമത്തെയും ദിവസത്തിലേക്ക് പിന്തിക്കാവുന്നതാണ്.[8]

10. ത്വവാഫുൽ വിദാഅ്:- ഒരാൾ മക്ക വിടാൻ തീരുമാനിച്ചാൽ "ത്വവാഫുൽ വിദാഅ്" ചെയ്യേണ്ടതാണ്. അത് കഴിഞ്ഞാലുടൻ മക്കയിൽ നിന്ന് യാത്ര തിരിക്കണം. ത്വവാഫുൽ വിദാഅ്, മിനായിലെ രാപ്പാർക്കൽ, ജംറകൾക്ക് എറിയൽ തുടങ്ങിയവ ഉപേക്ഷിച്ചാൽ ബലി നിർബന്ധമാണ്.

8 ദുൽഹിജ്ജ പതിനൊന്നിനും പന്ത്രണ്ടിനും എറിഞ്ഞ ശേഷം ഒരാൾക്ക് ഏറ് അവസാനിപ്പിക്കാവുന്നതാണ്.

## ചില സുപ്രധാന നിർദ്ദേശങ്ങൾ :

1. ഹജ്ജ് അല്ലാഹുവിന് നിഷ്കളങ്കമാക്കുക. "അല്ലാഹുവെ, ഈ ഹജ്ജിനെ ലോക മാന്യമോ, പ്രശസ്തിയോ ആഗ്രഹിച്ചുകൊണ്ടുള്ള ഹജ്ജാക്കരുതേ. ഇതിനെ സ്വീകാര്യമായതാക്കേണമേ" എന്നു പ്രാർത്ഥിക്കുക.

2. നല്ല ആളുകളുമായി സഹവസിക്കുക. അവരുമായി സഹകരിക്കുക. കൂട്ടുകാരന്റെ ഉപദ്രവത്തെ ക്ഷമിക്കുക.

3. പുകവലിക്കുകയോ അതു വാങ്ങുകയോ അരുത് അത് നിഷിദ്ധമാണ്. ശരീരത്തിനും സമ്പത്തിനും സുഹൃത്തിനും അത് നാശം വരുത്തും. അല്ലാഹുവിനോടുള്ള ധിക്കാരം കൂടിയാണത്.

4. നമസ്കാരത്തിനായി ഒരുങ്ങുമ്പോൾ മിസ്‌വാക്ക്[9] ചെയ്യുക. സംസമിന്റെയും കാരക്കയുടെയും കൂടെ മിസ്‌വാക്കും സമ്മാനമായി നല്കുക. അതിന്റെ ശ്രേഷ്ടതയെ കുറിക്കുന്ന ചില നബി വചനങ്ങളുണ്ട്.

5. സ്ത്രീകളെ സ്പർശിക്കുകയോ അവരെ നോക്കുകയോ ചെയ്യരുത്. താങ്കളുടെ ബന്ധുക്കളായ സ്ത്രീകളെ അന്യ പുരുഷന്മാരിൽ നിന്ന് മാറ്റി നിറുത്തുക.

6. നമസ്കരിക്കുന്നവരുടെ ചുമലുകൾ താണ്ടിക്കടക്കരുത്. അത് ഉപദ്രവകരമാണ്. സൗകര്യ പ്രദമായ ഏറ്റവും അടുത്ത സ്ഥലത്ത് ഇരിക്കുക.

7. നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കുന്നത് കുറ്റകരമാണ്. അത് പൈശാചികമാണ്. ഹറമുകളിൽ ആണെങ്കിലും ശരി. (പുസ്തകത്തിന്റെ ആദ്യഭാഗം കാണുക.)

8. നമസ്കാരത്തിൽ ശാന്തത പാലിക്കുക. എന്തെങ്കിലും (ചുമർ, ഒരാളുടെ പിന്നിൽ, ബാഗ് തുടങ്ങിയ) മറ സ്വീകരിച്ച് നമസ്കരിക്കുക. ഇമാമിനെ പിന്തുടരുന്നവർക്ക് ഇമാമിന്റെ മറ തന്നെ മതി.

9. ത്വവാഫ്, സഅ്‌യ്, കല്ലേറ്, ഹജറുൽ അസ്‌വദ് ചുംബനം തുടങ്ങിയ വേളകളിൽ സമീപത്തുള്ളവരോട് സൗമ്യമായി പെരുമാറുക. അത് ആജ്ഞാപിക്കപ്പെട്ട കാര്യമാണ്.

10. അല്ലാഹുവിനോടല്ലാതെ പ്രാർത്ഥിക്കരുത്, മരിച്ചവരോട് പ്രാർത്ഥിക്കുന്നത് ശിർക്കാണ്. (ബഹുദൈവ വിശ്വാസത്തിൽ പെട്ടതാണ്) അത് ഹജ്ജിനെയും സത്കർമ്മങ്ങളെയും പാഴാക്കും.

9 ഔഷധ വീര്യമുള്ള ഒരു ചെടിയുടെ കൊമ്പുകളാണ് അറബികൾ മിസ്‌വാക്കായി ഉപയോഗിക്കുന്നത്. അതവർ സമ്മാനമായി നല്കാറുണ്ട്. നമസ്കാരത്തിനു പുറപ്പെടുമ്പോൾ ദന്ത ശുചീകരണം നബിചര്യയാണ്.

അല്ലാഹു പറയുന്നു:

لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ (الزمر : ٦٥)

"നീ (അല്ലാഹുവിൽ) പങ്കു ചേർത്താൽ നിന്റെ പ്രവർത്തനം നശിച്ചുപോകും. നീ നഷ്ടക്കാരിൽ പെട്ടു പോകുകയും ചെയ്യും." (വി.ഖു. 39: 65 )

## മസ്ജിദുന്നബവിയിൽ പാലിക്കേണ്ട മര്യാദകൾ:

1. പള്ളിയിൽ പ്രവേശിക്കുമ്പോൾ വലതു കാൽ ആദ്യം എടുത്തുവെക്കുക.

بِسْمِ الله وَالسَّلاَمُ عَلَى رَسُولِ الله اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

"അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതനിൽ സമാധാനം ഉണ്ടാവട്ടെ, അല്ലാഹുവെ നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ നീ ഞങ്ങൾക്ക് തുറക്കേണമേ"

2. രണ്ടു റക്അത്ത് തഹിയ്യത്ത് നമസ്കരിക്കുക. നബി(സ)യുടെ ഖബറിങ്കൽ പോയി സലാം പറയുക. സലാമിന്റെ രൂപം ഇപ്രകാരമാണ്.

السَّلاَمُ عَلَيْكَ يَا رَسُولَ الله ، السَّلاَمُ عَلَيْكَ يَا أَبَا بَكْرٍ ، السَّلاَمُ عَلَيْكَ يَا عُمَرُ

ദുആ ചെയ്യുമ്പോൾ ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിയുക. നബി(സ) യുടെ വാക്കുകൾ ഓർക്കുക. "നീ പ്രാർത്ഥിക്കുമ്പോൾ അല്ലാഹുവോട് പ്രാർത്ഥിക്കുക. നീ സഹായമർത്ഥിക്കുമ്പോൾ അല്ലാഹുവോട് ചോദിക്കുക" (തിർമുദി)

3. റസൂൽ(സ) യുടെ പള്ളി സന്ദർശിക്കുന്നതും അദ്ദേഹത്തിന് സലാം പറയുന്നതും ഉത്തമമായ കാര്യമാണ്. അത് എപ്പോഴുമാവാം. അതിന് കൃത്യസമയമില്ല. എന്നാൽ ഹജ്ജ് സ്വീകാര്യമാവാൻ അതിന്റെ ആവശ്യമില്ല.

4. അവിടത്തെ ജനൽ, ചുമർ തുടങ്ങിയവ സ്പർശിക്കയോ ചുംബിക്കയോ അരുത്. അത് അനാചാരമാണ്.

5. പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ പിന്നോട്ട് നടക്കുന്നത് അനാചാരമാണ്. അതിന് തെളിവില്ല.

6. നബി(സ)യുടെ പേരിൽ സ്വലാത്തുകൾ വർദ്ധിപ്പിക്കുക. നബി(സ) പറയുന്നു: "എനിക്ക് വേണ്ടി ഒരു സ്വലാത്ത് ചൊല്ലുന്നവന് (നന്മക്ക്‌വേണ്ടി പ്രാർത്ഥിക്കുന്നവന്) അല്ലാഹു പത്തു നന്മകൾ ചെയ്യും." (മുസ്‌ലിം)

7. ബഖീഇലെയും ഉഹ്ദ് രക്തസാക്ഷികളുടെയും ഖബറുകളും സന്ദർശിക്കാവുന്നതാണ്. ഏഴ് പള്ളികൾ സന്ദർശിക്കുന്നതിന് തെളിവുകളില്ല.

8. മസ്ജിദുന്നബവി സന്ദർശിക്കുക എന്ന ഉദ്ദേശത്തോടെയാവണം മദീനയിലേക്ക്

പോകുന്നത്. അവിടെ എത്തിയ ശേഷം നബി(സ)ക്ക് സലാം പറയുക. നബിയുടെ പള്ളിയിൽ ഒരു പ്രാവശ്യം നമസ്കരിക്കുന്നത് മറ്റു പള്ളികളിൽ ആയിരം തവണ നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. പിന്നീട് "ഖുബാ" യിലെ പള്ളിയിൽ പോവുക. നബി(സ) പറഞ്ഞു:
"തന്റെ വീട്ടിൽ നിന്ന് ശുചീകരണം നടത്തി നമസ്കാരം മാത്രം ഉദ്ദേശിച്ചു "ഖുബാ"യിലേക്ക് പോയവന് സമ്പൂർണ്ണമായ ഒരു ഉംറയുടെ പ്രതിഫലമുണ്ട്" (അഹ്മദ്)

# മുജ്തഹിദുകളും ഹദീസും:

നാലു ഇമാമുകൾ (അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ) തങ്ങൾക്കു ലഭ്യമായ നബി വചനങ്ങളെ ആധാരമാക്കി ഗവേഷണം നടത്തി ധാരാളം കാര്യങ്ങളിൽ അവർ വ്യത്യസ്ത അഭിപ്രായങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരാൾക്ക് ലഭ്യമായ ഹദീസുകൾ മറ്റൊരാൾക്ക് കിട്ടാതിരുന്നതു മൂലമാണ് ഇങ്ങിനെ സംഭവിച്ചത്. ഹദീസുകൾ അന്ന് വ്യാപകമായി പ്രചരിച്ചിരുന്നില്ല. ഹദീസ് മനഃപാഠമാക്കിയവരാകട്ടെ ഹിജാസ്, സിറിയ, ഇറാക്ക്, ഈജിപ്ത് തുടങ്ങിയ വിവിധ ദേശങ്ങളിൽ കഴിഞ്ഞു കൂടുകയായിരുന്നു. യാത്രാ സൗകര്യങ്ങൾ അന്ന് വിരളവും ദുഷ്കരവുമായിരുന്നു.
ഇമാം ശാഫി(റ)ക്ക് ഇറാക്കിൽ നിന്ന് ഈജിപ്തിലേക്ക് പോയപ്പോൾ അതുവരെയും ലഭിക്കാതിരുന്ന ധാരാളം ഹദീസുകൾ ലഭിച്ചതായി നമുക്കു കാണാം. അതിനാൽ അദ്ദേഹം തന്റെ പഴയ അഭിപ്രായങ്ങൾ ഉപേക്ഷിക്കാൻ തയ്യാറായി.

സ്ത്രീകളെ സ്പർശിച്ചാൽ വുദു മുറിയുമെന്ന് ശാഫി(റ) പറയുന്നു. അബൂ ഹനീഫ(റ) അതംഗീകരിക്കുന്നില്ല. സത്യം പരസ്പര ഭിന്നങ്ങളാവാൻ സാധ്യതയില്ല. സ്ത്രീയെ സ്പർശിക്കുന്നതിനാൽ വുദു മുറിയുകയും മുറിയാതിരിക്കുകയും കൂടി ചെയ്യുന്നതല്ല. അപ്പോൾ ഖുർആനിലേക്കും പ്രവാചകനിലേക്കും മടങ്ങൽ നിർബന്ധമായി.
അല്ലാഹു പറയുന്നു:

**فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللهِ وَالرَّسُولِ إِنْ كُنْتُمْ تُؤْمِنُونَ بِاللهِ وَالْيَوْمِ الْآخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ( النساء : ٥٩)**

**"നിങ്ങൾക്കിടയിൽ ഏതെങ്കിലും കാര്യത്തിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങൾ അത് അല്ലാഹുവിങ്കലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് ഉത്തമം. അതുതന്നെയാണ് നല്ല പര്യവസാനമുള്ളത്. (വി.ഖു, 4:59)**

**മറ്റൊരിടത്ത് പറയുന്നു:**

**اِتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ ( الأعراف : ٣)**

**"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിന്തുടരുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ."(വി.ഖു.7: 3)**

തന്റെ മദ്ഹബിനോട് വിയോജിക്കുന്നു എന്ന കാരണത്താൽ പ്രബലമായ നബിവചനത്തെ തള്ളിക്കളയാൻ ഒരു മുസ്‌ലിമിനും അനുവാദമില്ല. സഹീഹായ ഹദീസുകൾ (പ്രബലമായ നബിവചനങ്ങൾ) സ്വീകരിക്കണമെന്നും അതിനു വിരുദ്ധമായ അഭിപ്രായം തള്ളിക്കളയണമെന്നും എല്ലാ ഇമാമുകളും ഏകോപിച്ചു പ്രസ്താവിച്ചതാണ്.

## ഇമാമുകൾ പറയുന്നു:

ഇമാമുകൾ ഹദീസിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചാൽ അവർ ഒരിക്കലും കുറ്റക്കാരായിരുന്നില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അവരുടെ അനുചരർക്ക് സത്യം വെളിപ്പെടുത്താൻ അവ പര്യാപ്തങ്ങളുമാണ്.

ഇമാം അബൂഹനീഫ (റ), എല്ലാവരും അദ്ദേഹത്തിന്റെ ജ്ഞാനത്തോട് കടപ്പെട്ടവരാണ്. അദ്ദേഹം പറയുന്നു:

1. നാം എവിടെ നിന്ന് നമ്മുടെ അഭിപ്രായം കണ്ടെത്തിയെന്ന് ഗ്രഹിക്കാതെ ഒരാളും നമ്മുടെ വീക്ഷണം സ്വീകരിക്കാവതല്ല.

2. എന്റെ തെളിവുകൾ ഗ്രഹിക്കാത്തവൻ എന്റെ വാക്കിനെ അവലംബമാക്കി ഫത്‌വ (മതവിധി) നല്കുന്നത് നിഷിദ്ധമാണ്. ഞങ്ങൾ മനുഷ്യരാണ്. ഇന്നൊരു അഭിപ്രായം പറയും. നാളെ അത് മാറ്റിപ്പറഞ്ഞേക്കും.

3. അല്ലാഹുവിന്റെ ഗ്രന്ഥത്തിനും നബിവചനത്തിനും വിരുദ്ധമായ അഭിപ്രായം ഞാൻ പറഞ്ഞാൽ എന്റെ വാക്ക് തള്ളിക്കളയുക.

4. ഇബ്‌നു ആബിദീൻ(റ) പറയുന്നു: 'ഹദീസ് പ്രബലമാണെന്ന് ബോധ്യപ്പെട്ടാൽ അതനുസരിച്ച് പ്രവർത്തിക്കണം. അത് മദ്ഹബിന് വിരുദ്ധമാണെങ്കിലും ശരി. അതായിരിക്കും അപ്പോഴദ്ദേഹത്തിന്റെ മദ്ഹബ്. ഹദീസനുസരിച്ച് പ്രവർത്തിക്കുന്നതു മൂലം ഒരാൾ ഹനഫിയല്ലാതാവുന്നില്ല. 'ഹദീസ് സ്ഥിരപ്പെട്ടാൽ അതാണെന്റെ മദ്ഹബ്' എന്ന് ഇമാം അബൂഹനീഫ പ്രസ്താവിച്ചിട്ടുണ്ട്.

മദീന മുനവ്വറ: യിലെ ഇമാം മാലിക് പറയുന്നു:

1. തെറ്റും ശരിയും ബാധിക്കുന്ന ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. എന്റെ വീക്ഷണത്തെ നിങ്ങൾ പരിശോധിക്കുക. അവയിൽ ഖുർആനോടും പ്രവാചകചര്യയോടും യോജിക്കുന്നവ സ്വീകരിക്കുക. വിയോജിക്കുന്നവ ഉപേക്ഷിക്കുക.

2. നബി(സ)യുടെ ശേഷമുള്ള ഏതൊരാളുടെയും വചനങ്ങളിൽ സ്വീകരിക്കപ്പെടേണ്ടതും ഉപേക്ഷിക്കേണ്ടതും ഉണ്ടാവാതിരിക്കില്ല.

ഇമാം ശാഫി(റ) പറയുന്നു:

1. നബി(സ)യുടെ ചര്യകളിൽ ചിലത് കിട്ടാതെ പോവാത്ത ഒരാളും ഉണ്ടാവില്ല. അതിനാൽ ഞാനെത്ര വ്യക്തമായി പ്രസ്താവിക്കുകയും പ്രാധാന്യം കല്പിക്കുകയും ചെയ്തിരുന്നാലും അതിനു വിരുദ്ധമായ നബിവചനം ലഭ്യമായാൽ നബിചര്യയാണ് സ്വീകാര്യം. അതു തന്നെയാണ് എന്റെയും വചനം.

2. നബി(സ)യുടെ ചര്യ ബോധ്യമായവന് ആരു പറഞ്ഞാലും അത് ഉപേക്ഷിക്കാവതല്ല എന്നതിൽ മുസ്ലിംകൾ ഏകോപിച്ചിരിക്കുന്നു.

**3. എന്റെ കൃതിയിൽ നബിചര്യക്ക് വിരുദ്ധമായത് കണ്ടാൽ റസൂൽ(സ)യുടെ വചനം നിങ്ങൾ സ്വീകരിക്കുക. അതായിരിക്കും എന്റെയും വാക്ക്.**

**4. ഹദീസ് പ്രബലമായാൽ അതാണെന്റെ മദ്ഹബ്**

**5. ഇമാം അഹ്മദ് ബിൻ ഹമ്പൽ(റ)യോട് ഒരിക്കൽ ഇമാം ശാഫി(റ) പറഞ്ഞു: ഹദീസുകളെയും അതിന്റെ നിവേദകരെയും സംബന്ധിച്ച് നിങ്ങൾക്ക് എന്നെക്കാൾ ജ്ഞാനമുണ്ട്. അതിനാൽ സ്വീകാര്യയോഗ്യമായ ഹദീസ് കണ്ടെത്തിയാൽ എന്നെ അറിയിക്കുക. എനിക്ക് അതിനെ പിന്തുടരാമല്ലോ.**

**6. ഏതൊരു പ്രശ്നത്തിലും ഞാൻ പറഞ്ഞതിനു വിരുദ്ധമായ നബിവചനം ഹദീസ് പണ്ഡിതരുടെയടുക്കൽ സ്ഥിരപ്പെട്ടുവെങ്കിൽ എന്റെ വീക്ഷണത്തിൽ നിന്ന് ഞാൻ ജീവിത കാലത്തും മരണ ശേഷവും മടങ്ങുന്നതാണ്.**

**ഇമാം അഹ്മദ് ബിൻ ഹമ്പൽ(റ) പറയുന്നു:**

**1. നീ എന്നെ തഖ്ലീദ് ചെയ്യരുത്. മാലികിനെയും ശാഫിഈയെയും ഥൗരിയെയും അനുകരിക്കരുത്. അവർ കരസ്ഥമാക്കിയിടത്ത് നിന്ന് നീയും എടുത്തു കൊൾക. (ഗ്രഹിക്കുകയും പഠിക്കുകയും ചെയ്യുന്നവർക്കാണീ നിർദ്ദേശം)**

**2. റസൂൽ (സ)യുടെ ഹദീസ് തള്ളിയവൻ നാശത്തിന്റെ വക്കിലാണ്.**

# ഖദ്റിലുള്ള വിശ്വാസം

**ഇസ്ലാമിക വിശ്വാസങ്ങളുടെ ആറാമത്തെ സ്തംഭമാണ് നന്മ-തിന്മകൾ നിർണ്ണയിക്കപ്പെട്ടതാണെന്നത് ഇമാം നവവി അതിനെ വിശദീകരിച്ചുകൊണ്ട് തന്റെ "നാല്പതു ഹദീസുകൾ" എന്ന കൃതിയിൽ കുറിക്കുന്നു.**

**"അല്ലാഹു എല്ലാ കാര്യങ്ങളും കണക്കാക്കിയിട്ടുണ്ട്. അവ സംഭവിക്കുന്ന സ്ഥലവും സമയവും അല്ലാഹു നിർണ്ണയിച്ചിട്ടുണ്ട്. തദനുസാരം അവ സംഭവിക്കുകതന്നെ ചെയ്യും"**

**ഖദ്റിലുള്ള വിശ്വാസത്തിന്റെ ഇനങ്ങൾ:-**

**1. <u>ജ്ഞാനത്തിലുള്ള വിധിനിർണ്ണയം:</u> മനുഷ്യൻ പ്രവർത്തിക്കാനിരിക്കുന്ന എല്ലാ നന്മ തിന്മകളും, പുണ്യ-പാപങ്ങളും അവരെ സൃഷ്ടിക്കുന്നതിനു**

മുമ്പുതന്നെ അല്ലാഹുവിന് അറിയും. അവരിലെ സ്വർഗ്ഗ-നരക വാസികളെ അവനറിയാം. അവരെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ അവർക്ക് തങ്ങളുടെ പ്രവർത്തന ഫലമായി ലഭ്യമാവുന്ന ശിക്ഷയും പ്രതിഫലവും അവൻ ഒരുക്കി വെച്ചിട്ടുണ്ട്. അതവൻ കണക്കാക്കി എഴുതി വെച്ചിട്ടുണ്ട്. അവന്റെ ജ്ഞാന രേഖകൾക്ക് അനുസൃതമായി മാത്രമെ മനുഷ്യ പ്രവർത്തനങ്ങൾ ഉണ്ടാവുകയുള്ളൂ. (ഇബ്നു റജബ് 'കിതാബു ജാമിഉൽ ഉലൂമി വൽ-ഹികം)

<u>2. ദിവ്യ ലിഖിത (ലൗഹുൽ മഹ്ഫൂള്) ത്തിലെ വിധിനിർണ്ണയം:</u> അബ്ദുറഹ്മാൻ ഇബ്നു സൽമാനിൽ നിന്ന് നിവേദനം: അല്ലാഹു വിധിച്ചതെല്ലാം, ഖുർആനും അതിന് മുമ്പും പിമ്പുമുള്ളതും എല്ലാം - ഉന്നത ലോകത്തെ - ദിവ്യലിഖിതത്തിലുണ്ട്. തീർച്ച (തഫ്സീർ ഇബ്നു കഥീർ 4/497)

<u>3. ഗർഭാശയത്തിലെ നിർണ്ണയം:</u> നബി(സ) പറയുന്നു:
" . . . . . . . . പിന്നീട് ഒരു മലക്ക് നിയോഗിക്കപ്പെടും. അയാൾ ശിശുവിന് ആത്മാവ് നല്കും. നാലു കാര്യങ്ങൾ എഴുതാൻ അയാൾ ആജ്ഞാപിക്കപ്പെട്ടിരിക്കും. ഭക്ഷണം, ആയുസ്സ്, കർമ്മം, ഭാഗ്യവാനോ ദൗർഭാഗ്യവാനോ എന്നിവയാണവ (ബുഖാരി, മുസ്ലിം)

<u>4. സമയ നിർണ്ണയം:</u> നിർണ്ണയിക്കപ്പെട്ടവയെ നിശ്ചിത സമയത്ത് സംഭവിപ്പിക്കലാണത്. നന്മ-തിന്മകളെ അല്ലാഹു സൃഷ്ടിച്ചു. മനുഷ്യനെ അവ ബാധിക്കുന്ന സമയവും അവൻ നിശ്ചയിച്ചു. (നവവിയുടെ നാല്പത് ഹദീസ് വിശദീകരണം)

## ഖദ്റിലുള്ള വിശ്വാസത്തിന്റെ സദ്ഫലങ്ങൾ:-

<u>1. തൃപ്തി, വിശ്വാസ ദാർഢ്യത, പകരം ലബ്ധി:</u>

അല്ലാഹു പറയുന്നു: (التغابن) مَا أَصَابَ مِن مُّصِيبَةٍ إِلَّا بِإِذْنِ الله "അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല" (വി. ഖു. 64: 11)

ഇബ്നു അബ്ബാസ് (റ) ഈ വചനത്തെ വിശദീകരിക്കുന്നു: 'അല്ലാഹുവിന്റെ വിധിയാലും നിർണ്ണയത്താലും ആജ്ഞയാലും സംഭവിക്കുന്നു'.

അല്ലാഹു പറയുന്നു: ( التغابن) وَمَن يُؤْمِن بِالله يَهْدِ قَلْبَهُ
"അല്ലാഹുവിൽ വിശ്വസിച്ചവന്റെ ഹൃദയത്തെ അവൻ സന്മാർഗ്ഗത്തിലാക്കും" (വി.ഖു. 64: 11)

ഇബ്നു കഥീർ (റ) ഇതിനെ വിശദീകരിക്കുന്നു.
"ആപത്ത്" ബാധിച്ചവൻ അത് അല്ലാഹുവിന്റെ വിധിയാണെന്ന് മനസ്സിലാക്കി സഹനം അവലംബിക്കുന്നു. പ്രതിഫലം കാംക്ഷിച്ചു കൊണ്ട് ദൈവ വിധിക്ക് മനസ്സാ കീഴ്പ്പെടുകയും ചെയ്യുന്നു. അപ്പോൾ അവന്റെ മനസ്സിന് അല്ലാഹു മാർഗ്ഗദർശനമേകും. അവന്റെ ഭൗതിക നഷ്ടത്തിന് പകരമായി ഹൃദയത്തിന സന്മാർഗ്ഗവും ദൃഢവിശ്വാസവും നല്കും. അവന് നഷ്ടമായതോ അതിലും ഉത്തമമായതോ അവന് പകരം നല്കി എന്നും വരാം. ഇബ്നു അബ്ബാസ് (റ)

പറയുന്നു: അവൻെറ ഹൃദയത്തെ ദൃഢവിശ്വാസത്തിലേക്ക് നയിക്കും. തനിക്ക് ബാധിച്ചത് മാറിപ്പോകുമായിരുന്നില്ലെന്നും തനിക്ക് ബാധിക്കാത്തത് തന്നെ പിടികൂടുമായിരുന്നില്ലെന്നും അപ്പോഴവന് ബോധ്യമാകും.
അൽഖമ(റ) പറഞ്ഞു: ആപത്ത് സംഭവിക്കുമ്പോൾ അത് അല്ലാഹുവിങ്കൽ നിന്നാണെന്നയാൾ മനസ്സിലാക്കുന്നതാണ്.

**2. പാപമോചനം:**
നബി(സ) പറഞ്ഞു: ഒരു സത്യവിശ്വാസിയെ വിഷമം, ക്ഷീണം, രോഗം, ദുഃഖം എന്നല്ല, ഒരു മാനസിക വിഷമം പോലും ബാധിക്കുമ്പോൾ തത്ഫലമായി അല്ലാഹു അവൻെറ പാപങ്ങൾ പൊറുക്കാതിരിക്കില്ല. (ബുഖാരി, മുസ്ലിം)

**3. മഹത്തായ പ്രതിഫലം:**
അല്ലാഹു പറയുന്നു:

وَبَشِّرِ الصَّابِرِينَ الَّذِينَ إِذَا أَصَابَتْهُم مُّصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ . أُولَٰئِكَ
عَلَيْهِمْ صَلَوَاتٌ مِّن رَّبِّهِمْ وَأُولَٰئِكَ هُمُ الْمُهْتَدُونَ ( البقرة : ١٥٦ ، ١٥٧)

"സഹനശീലർക്ക് സന്തോഷ വാർത്തയറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ പറയുന്നത് "ഞങ്ങൾ അല്ലാഹുവിൻെറ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങുന്നവരുമാണ്" എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സന്മാർഗ്ഗം പ്രാപിച്ചവർ." (വിഖു. 2: 155 - 157)

**4. മാനസിക ഐശ്വര്യം:**
നബി(സ) പറഞ്ഞു: "അല്ലാഹു നിനക്ക് നല്കിയതിൽ തൃപ്തിപ്പെടുക. നീ ജനങ്ങളിൽ ഏറ്റവും വലിയ ഐശ്വര്യവാനാവും. (അഹ്മദ്, തിർമിദി)

നബി(സ) പറഞ്ഞു: ധാരാളം വിഭവങ്ങളുണ്ടാവുന്നതല്ല ഐശ്വര്യം. പ്രത്യുത മനോ സംതൃപ്തിയാണ് ഐശ്വര്യം" (ബുഖാരി, മുസ്ലിം)
ധാരാളം സമ്പത്ത് അധീനമാക്കിയ പലരും അതിൽ സംതൃപ്തരല്ലെന്ന് കാണാവുന്നതാണ്. അങ്ങിനെ അവർ ദരിദ്രമാനസരായി കഴിയുന്നു. എന്നാൽ ധനം കുറവാണെങ്കിലും അല്ലാഹു നല്കിയതിൽ തൃപ്തിപ്പെട്ട് അധ്വാനിക്കുന്നവരെ മനഃസംതൃപ്തരായി കാണപ്പെടുന്നു.

**5. അമിതാഹ്ലാദവും ദുഃഖവും ഇല്ലാതാകുന്നു:**
അല്ലാഹു പറയുന്നു:

وَمَا أَصَابَ مِن مُّصِيبَةٍ فِي الْأَرْضِ وَلَا فِي أَنفُسِكُمْ إِلَّا فِي كِتَابٍ مِّن قَبْلِ أَن نَّبْرَأَهَا إِنَّ
ذَٰلِكَ عَلَى اللَّهِ يَسِيرٌ ، لِّكَيْلَا تَأْسَوْا عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا بِمَا آتَاكُمْ وَاللَّهُ لَا
يُحِبُّ كُلَّ مُخْتَالٍ فَخُورٍ ( الحديد : ٢٣ ، ٢٤)

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരാപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിനു മുമ്പുതന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവിൻെറ മേൽ എളുപ്പമാകുന്നു. (ഇങ്ങനെ നാം ചെയ്തത്) നിങ്ങൾക്ക് നഷ്ടപ്പെട്ടതിൻെറ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കാനും, നിങ്ങൾക്ക് അവൻ നല്കിയതിൻെറ പേരിൽ നിങ്ങൾ പുളകം കൊള്ളാതിരിക്കാനും വേണ്ടിയാണ്. അല്ലാഹു ഏതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല." (വി.ഖു. 57: 22, 23)

ഇബ്നു കഥീർ പറയുന്നു: അല്ലാഹു നൽകിയ അനുഗ്രഹത്താൽ നിങ്ങൾ ജനങ്ങളോട് ദുരഭിമാനം കാണിക്കരുത്. അത് നിങ്ങളുടെ പ്രവർത്തനം മൂലമല്ല ലഭിച്ചിരിക്കുന്നത്. അല്ലാഹു നിർണ്ണയിച്ചതും അവൻ നല്കിയതുമാണത്. ദൈവികാനുഗ്രഹങ്ങളെ നിങ്ങൾ അഹങ്കാരത്തിനും ദുരഭിമാനത്തിനുമുള്ള മാർഗ്ഗങ്ങളാക്കരുത്. ഇക്രിമ (റ) പറയുന്നു: ആഹ്ളാദിക്കുകയും, ദുഃഖിക്കുകയും ചെയ്യാത്ത ആരുമുണ്ടാവില്ല. നിങ്ങൾ സന്തോഷത്തെ കൃതജ്ഞതയും ദുഃഖത്തെ സഹനവുമാക്കുക.

6. ധീരതയും ആവേശവുമുണ്ടാകുന്നു:- ഖദ്റിൽ വിശ്വസിക്കുന്നവൻ ധീരനായിരിക്കും. അല്ലാഹുവെ മാത്രമേ അവൻ ഭയപ്പെടുകയുള്ളൂ. ആയുസ്സ് നിർണ്ണയിക്കപ്പെട്ടതാണെന്നും, തനിക്ക് ലഭിക്കാതെ പോയത് അർഹമല്ലാത്തതുകൊണ്ടാണെന്നും, തന്നെ ബാധിച്ചത് നീങ്ങിപ്പോകുമായിരുന്നില്ലെന്നും അവൻ മനസ്സിലാക്കുന്നു. സഹനത്തിലാണ് വിജയമെന്നും, വിഷമത്തിനു ശേഷം മോചനവും പ്രയാസത്തിനു ശേഷം എളുപ്പവും ഉണ്ടെന്നും അയാൾ ഉറപ്പിക്കുന്നു.

7. മനുഷ്യോപദ്രവത്തിൽ നിന്നുള്ള നിർഭയത്വം:
നബി(സ) പറഞ്ഞു: അറിയുക, മനുഷ്യരെല്ലാവരുംകൂടി നിനക്കൊരു ഉപകാരം ചെയ്യാൻ തീരുമാനിച്ചാൽ അല്ലാഹു നിശ്ചയിച്ചതല്ലാത്ത ഒരു പ്രയോജനവും ചെയ്യാൻ അവർക്ക് സാധ്യമല്ല. നിന്നെ ഉപദ്രവിക്കാൻ അവരെല്ലാം തീരുമാനിച്ചാൽ അല്ലാഹു രേഖപ്പെടുത്തിയതല്ലാത്ത ഒരു ഉപദ്രവവും ചെയ്യാനും അവർക്ക് കഴിയുന്നതല്ല. പേനകൾ ഉയർത്തപ്പെട്ടു. രേഖകൾ സ്ഥിരപ്പെട്ടു. (എല്ലാം വിധിക്കപ്പെട്ടു കഴിഞ്ഞെന്നർത്ഥം)

8. മരണഭയം ഇല്ലാതാവുക:
അലി(റ) ഒരു കവിതാ ശകലത്തിൽ പറയുന്നു:
ഏതൊരു നാളിലെ മൃത്യുവിൽ നിന്ന് ഞാൻ ഓടിയൊളിക്കും?
മൃത്യു നിശ്ചയിക്കപ്പെട്ടനാളിൽ നിന്നോ?
നിശ്ചയിക്കപ്പെടാത്ത ദിനത്തിൽ നിന്നോ?
മരണം നിർണ്ണയിക്കപ്പെടാത്ത ദിവസം ഞാൻ ഭയപ്പെടേണ്ടതില്ല.
നിർണ്ണിത നാളിലോ, ഭയന്നതു കൊണ്ട് പ്രയോജനവുമില്ല !

9. നഷ്ടപ്പെട്ടതിൽ ഖേദമില്ലാതാവുക:
നബി(സ) പറഞ്ഞു: "ആരോഗ്യവാനായ വിശ്വാസിയാണുത്തമൻ. ബലഹീനനായ വിശ്വാസിയെക്കാൾ അല്ലാഹു അവനെ ഇഷ്ടപ്പെടും. എല്ലാവരിലും നന്മയുണ്ട്. പ്രയോജനപ്രദമായ കാര്യങ്ങൾ നേടിയെടുക്കാൻ ഉത്സാഹിക്കുക.

അല്ലാഹുവിനോട് സഹായമർത്ഥിക്കുക. ദുർബ്ബലനാവരുത്. നിനക്ക് എന്തെങ്കിലും ആപത്ത് ബാധിച്ചാൽ ഞാൻ അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അതു ലഭിക്കുമായിരുന്നു എന്ന് നീ വേവലാതിപ്പെടരുത്. അല്ലാഹു വിധിച്ചതാണിതെന്ന് നീ പറയുക. അല്ലാഹു ഉദ്ദേശിച്ചത് അവൻ ചെയ്യും. കാരണം "അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ എന്ന വേവലാതി പിശാചിന്റെ പ്രവർത്തനത്തിന് നാന്ദി കുറിക്കലാണ്." (ബുഖാരി, മുസ്ലിം)

## 10. അല്ലാഹു തിരഞ്ഞെടുത്തതിലെ നന്മ

ഉദാഹരണമായി ഒരു മുസ്ലിമിന്റെ കൈയിനു മുറിവേറ്റാൽ അവൻ അല്ലാഹുവെ സ്തുതിക്കട്ടെ. അവന്റെ കൈയെല്ല് പൊട്ടിയിട്ടില്ലല്ലോ എന്നതിനാൽ. അതു സംഭവിച്ചാലും അവൻ അല്ലാഹുവെ സ്തുതിക്കാനർഹനാണ്. അവന്റെ കയ്യോ മുതുകെല്ലോ മുറിഞ്ഞിരുന്നുവെങ്കിൽ കൂടുതൽ അപകടമാകുമായിരുന്നില്ലേ ! ?

ഒരു സംഭവം: ഒരു കച്ചവടക്കാരൻ വ്യാപാരാവശ്യാർത്ഥം യാത്രക്കായി വിമാനം കാത്തിരിക്കുകയായിരുന്നു. അപ്പോൾ നമസ്കാരത്തിനായി ബാങ്കു വിളിച്ചു. അയാൾ നമസ്കരിച്ചു വന്നപ്പോഴേക്ക് വിമാനം പുറപ്പെട്ടുകഴിഞ്ഞു. അതിൽ അയാൾ വളരെ ദുഃഖിതനായി. അല്പം കഴിഞ്ഞപ്പോൾ ആ വിമാനം കത്തിത്തകർന്നതായി അയാൾ കേട്ടു. അപ്പോഴയാൾ അല്ലാഹുവിന് കൃതജ്ഞതാ നിർഭരനായി സാഷ്ടാംഗം ചെയ്തുപോയി. തന്റെ നമസ്കാരം കാരണം അയാൾ ആപത്തിൽനിന്ന് രക്ഷപ്പെട്ടല്ലോ. അല്ലാഹുവിന്റെ വചനം അയാൾ ഓർത്തു: "നിങ്ങൾ വെറുക്കുന്നത് നിങ്ങൾക്ക് ഗുണകരമായേക്കാം. നിങ്ങൾ ഇഷ്ടപ്പെടുന്നത് നിങ്ങൾക്ക് നാശകരവുമായേക്കാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല." (വി. ഖു. 2: 216)

## ഖദ്റ് ഒരു ന്യായീകരണമല്ല :-

അല്ലാഹുവിന്റെ നിശ്ചയമനുസരിച്ച് അവന്റെ അറിവോടും, ഉദ്ദേശത്തോടും കൂടിയാണ് നന്മ-തിന്മകൾ സംഭവിക്കുന്നതെന്ന് വിശ്വസിക്കാൻ ഓരോ മുസ്ലിമും ബാദ്ധ്യസ്ഥനാണ്. എന്നാൽ മനുഷ്യൻ നന്മകളും തിന്മകളും പ്രവർത്തിക്കുന്നത് അവന്റെ അഭീഷ്ടമനുസരിച്ചാണ്. അവയിൽ അല്ലാഹുവിന്റെ ആജ്ഞയും നിരോധവും പരിഗണിക്കേണ്ടത് മനുഷ്യന്റെ ബാധ്യതയാണ്. അല്ലാഹുവിനെ ധിക്കരിക്കുകയും അനന്തരം "ഇത് അല്ലാഹുവിന്റെ വിധിയാണ്" എന്നു പറയുകയും ചെയ്യാവതല്ല. അല്ലാഹു ദൂതന്മാരെ നിയോഗിക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് മനുഷ്യന് സൗഭാഗ്യ-ദൗർഭാഗ്യ മാർഗ്ഗങ്ങൾ വിവരിച്ചു കൊടുത്തു. മനുഷ്യന് ബുദ്ധിയും ചിന്തയും നല്കിയനുഗ്രഹിക്കുകയും സന്മാർഗ്ഗ-ദുർമാർഗ്ഗങ്ങൾ അറിയിച്ചുകൊടുക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു: (٣ : الدهر) إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا
"നാം അവന് വഴികാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു." (വിഖു. 76: 3)

ഒരാൾ നമസ്കാരം ഉപേക്ഷിക്കുകയോ മദ്യപാനം നടത്തുകയോ ചെയ്യുമ്പോൾ അയാൾ ശിക്ഷാർഹനാവുന്നു. കാരണം അയാൾ അല്ലാഹുവിന്റെ കല്പനയെയും നിരോധത്തെയും ലംഘിച്ചു. അയാൾ അല്ലാഹുവിങ്കലേക്ക്

ഖേദിച്ചു മടങ്ങുകയാണ് ചെയ്യേണ്ടത്. "ഖദ്ർ" ആണെന്ന് പറഞ്ഞ് ന്യായീകരിക്കുകയല്ല. ആപത്തുകൾ ബാധിച്ചാൽ ഖദ്റാണെന്ന് മനസ്സിലാക്കി അയാൾ സമാധാനിക്കണം.

അല്ലാഹു പറയുന്നു:
"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല. അതിനെ നാം ഉണ്ടാക്കുന്നതിനു മുമ്പുതന്നെ ഒരു രേഖയിൽ ഉൾപ്പെടുത്തി കഴിഞ്ഞതായിട്ടല്ലാതെ, നിശ്ചയമായും അത് അല്ലാഹുവിന്റെ മേൽ എളുപ്പമാകുന്നു. (വി.ഖു, 57: 22)

# വിശ്വാസത്തെയും ഇസ്‌ലാമിനെയും ദുർബ്ബലപ്പെടുത്തുന്ന കാര്യങ്ങൾ

വുളുമുറിയുന്ന കാര്യങ്ങൾ ചെയ്തവന്റെ വുസു ദുർബ്ബലമാകുന്നു. അവൻ വീണ്ടും വുളു എടുക്കണം. അതുപോലെ വിശ്വാസത്തെ തകർക്കുന്ന ചില കാര്യങ്ങളുണ്ട്. അവ നാലു വിഭാഗങ്ങളാണ്.

**വിഭാഗം 1**
അല്ലാഹുവിന്റെ ആസ്തിക്യത്തെ നിഷേധിക്കുക. അല്ലെങ്കിൽ അതിൽ ആരോപണമുന്നയിക്കുക. അവ നാലു വിധത്തിലാവാം.

1. കമ്യൂണിസ്റ്റുകളെപ്പോലെ സ്രഷ്ടാവിന്റെ ആസ്തിക്യത്തെ നിഷേധിക്കുക. അവരുടെ വാദമനുസരിച്ച് "ദൈവമെന്നൊന്നില്ല. ജീവിതം ഒരു വസ്തുത മാത്രമാണ്." സൃഷ്ടിപ്പും പ്രവർത്തനങ്ങളും പ്രകൃതിയുടെയും യാദൃശ്ചികതയുടെയും ക്രിയകളായി അവർ കാണുന്നു. അവയുടെ സ്രഷ്ടാവിനെ അവർ വിസ്മരിക്കുന്നു.

അല്ലാഹു പറയുന്നു: اللهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيل (الزمر : ٦٢)
"അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെമേലും കൈകാര്യ കർത്താവുമാകുന്നു. (വി. ഖു. 39: 62)

ഇവർ അറേബ്യയിലെ ബഹുദൈവാരാധകരെക്കാളും പിശാചിനെക്കാളും ധിക്കാരികളാണ്. അവരെല്ലാം തങ്ങൾക്ക് ഒരു സ്രഷ്ടാവുണ്ട് എന്ന് സമ്മതിച്ചിരുന്നു. ഖുർആൻ അത് ഉദ്ധരിക്കുന്നു:

وَلَئِنْ سَأَلْتَهُمْ مَنْ خَلَقَهُمْ لَيَقُولُنَّ الله (الزخرف : ٨٧)
"ആരാണ് അവരെ സൃഷ്ടിച്ചത് എന്ന് നീ അവരോട് ചോദിച്ചാൽ അവർ പറയും. അല്ലാഹു. നിശ്ചയം" (വി. ഖു. 43: 87)

പിശാചിന്റെ വാദം ഖുർആൻ ഉദ്ധരിക്കുന്നു:

قَالَ أَنَا خَيْرٌ مِنْهُ خَلَقْتَنِي مِنْ نَارٍ وَخَلَقْتَهُ مِنْ طِين ( ص : ٧٦)
"അവൻ (ഇബ്‌ലീസ്) പറഞ്ഞു: ഞാൻ അവനെ (ആദമിനെ)ക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽനിന്ന് സൃഷ്ടിച്ചു. അവനെ നീ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു." (വി.ഖു. 38:76)

കമ്യൂണിസ്റ്റുകളും മറ്റും പറയുന്നപോലെ പദാർത്ഥത്തെ പ്രകൃതി സൃഷ്ടിച്ചു, അല്ലെങ്കിൽ യാദൃശ്ചികമായി അതുണ്ടായി എന്ന് ഒരു മുസ്‌ലിം പറയുന്നതും അവിശ്വാസമാണ് (കുഫ്റാണ്).

2. ഫിർഔനെപോലെ താൻ സ്രഷ്ടാവാണെന്ന് വാദിക്കുക.

قَالَ انَا رَبُّكُمُ الأَعْلَى (النازعات ٢٤)

അവൻ വിളംബരം ചെയ്തു: "ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു" (വി.ഖു. 79: 24)

3. രക്ഷിതാവിന്റെ ആസ്തിക്യം സമ്മതിക്കുന്നതോടൊപ്പം പ്രപഞ്ച കാര്യങ്ങൾ നിയന്ത്രിക്കുന്ന ഖുത്തബുകളും ഔലിയാക്കളും ഉണ്ടെന്ന് വാദിക്കുക. ഇവർ ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന ബഹുദൈവാരാധകരെക്കാളും ദുഷിച്ചവരാണ്. കാരണം പ്രാപഞ്ചിക കാര്യങ്ങളെല്ലാം അല്ലാഹു മാത്രമാണ് നിയന്ത്രിക്കുന്നത് എന്നവർ അംഗീകരിച്ചിരുന്നു. ഖുർആൻ പറയുന്നു:

(قُلْ مَنْ يَرْزُقُكُم مِنَ السَّمَاءِ والأَرْضِ أَمَّن يَمْلِكُ السَّمْعَ والأَبْصَارَ وَمَن يُخْرِجُ الحَيَّ مِنَ المَيِّتِ وَيُخْرِجُ المَيِّتَ مِنَ الحَيِّ وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللهُ فَقُلْ أَفَلاَ تَتَّقُونَ )

"يونس : ٣١

يونس : ٣١)

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്കന്നം നല്കുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതാരാണ്? അവർ പറയും അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (വി. ഖു. 10: 31)

4. ചില സൂഫികളുടെ വാദം : അല്ലാഹു തന്റെ സൃഷ്ടികളിൽ അവതരിക്കുന്നു എന്നവർ പറയുന്നു. ഡമസ്കസിൽ മറവുചെയ്യപ്പെട്ട ഇബ്നു അറബി പറഞ്ഞു: "രക്ഷിതാവ് ദാസനാണ്. ദാസൻ രക്ഷിതാവുമാണ്. ആരാണ് കൽപിക്കപ്പെട്ടവൻ എന്നറിഞ്ഞിരുന്നെങ്കിൽ ! "

ഒരു ധിക്കാരിയായ സൂഫി പറയുന്നു:
നായയും പന്നിയും നമ്മുടെ ദൈവം മാത്രമാണ്. ചർച്ചിലെ പുരോഹിതൻ മാത്രമാണ് അല്ലാഹു.
ഹല്ലാജ് പറഞ്ഞു: "ഞാൻ അവനാണ് (അല്ലാഹുവാണ്). അവൻ ഞാനുമാണ്". അയാൾ വധശിക്ഷാർഹനാണെന്ന് പണ്ഡിതർ വിധിച്ചു. വധിക്കപ്പെടുകയും ചെയ്തു. അവരുടെ വാദങ്ങളിൽ നിന്ന് എത്രയോ ഉന്നതനാണ് അല്ലാഹു.

## വിഭാഗം: 2 : ആരാധനയിലെ പങ്കു ചേർക്കൽ

ആരാധനയിൽ പങ്കുചേർക്കൽ ഈമാനിനെ ദുർബലപ്പെടുത്തുന്നു. ആരാധനക്കർഹനായവനെ തള്ളിക്കളയുന്നതും ഇതിൽ പെടുന്നു. അതിന്റെ വിവിധ ഇനങ്ങൾ.

1. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മരങ്ങൾ, പിശാച് തുടങ്ങിയ സൃഷ്ടികളെ ആരാധിക്കുക. ഉപ കാരോപദ്രവങ്ങൾ അധീനമാക്കാത്ത അവയെ സൃഷ്ടിച്ച നാഥനെ ആരാധിക്കാതിരിക്കുകയും ചെയ്യുക.
അല്ലാഹു പറയുന്നു:

وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لاَ تَسْجُدُوا لِلشَّمْسِ وَلاَ لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِنْ كُنْتُمْ إِيَّاهُ تَعْبُدُونَ ( فصلت : ٣٧)

"അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും, പകലും, സൂര്യനും, ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് മാത്രം നിങ്ങൾ പ്രണാമം ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ". (വിഖു, 41: 37)

2. അല്ലാഹുവെ ആരാധിക്കുക. അതോടൊപ്പം ആരാധനയിൽ സൃഷ്ടികളെ കൂടി പങ്കു ചേർക്കുന്നവരാണ് ഇവർ. വിഗ്രഹങ്ങൾ, ഖബറുകൾ എന്നിവ പ്രതിനിധാനം ചെയ്യുന്ന ഔലിയാക്കൾ പോലുള്ളവരെ ഇവർ ആരാധിക്കുന്നു. ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന ബഹുദൈവാരാധകർ ഇതാണ് ചെയ്തിരുന്നത്. അവർ അല്ലാഹുവെ ആരാധിച്ചിരുന്നു. പ്രതിസന്ധിയുണ്ടാവുമ്പോൾ അവനെ മാത്രം വിളിച്ചു തേടുകയും ചെയ്തിരുന്നു. ദുരിതം നീങ്ങിപ്പോയി ക്ഷേമമാകുമ്പോൾ അല്ലാഹുവേതരരെ വിളിച്ചു തേടും.
ഖുർആൻ പറയുന്നു:

فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ ( العنكبوت : ٦٥)

"എന്നാൽ അവർ കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കു ചേർക്കുന്നു". (വിഖു. 29:65)

അവരെ അല്ലാഹു ബഹുദൈവ വിശ്വാസികളായി വിശേഷിപ്പിച്ചു, അവരാകട്ടെ കപ്പൽ മുങ്ങുമെന്ന് ഭയപ്പെടുമ്പോൾ അല്ലാഹുവെ മാത്രമാണ് വിളിച്ചു തേടിയിരുന്നത്. കാരണം അല്ലാഹു തങ്ങളെ രക്ഷപ്പെടുത്തിയപ്പോൾ അവർ അല്ലാഹുവേതരരെ വിളിച്ചു തേടി.

3. ഇസ്‌ലാമിനു മുമ്പുള്ള അറബികളുടെ അവസ്ഥ അല്ലാഹു തൃപ്തിപ്പെട്ടില്ല. അവർ സത്യനിഷേധികളാണെന്ന് പ്രഖ്യാപിച്ചു. അവരോട് സമരം ചെയ്യാൻ തന്റെ പ്രവാചകനോട് ആജ്ഞാപിച്ചു. കാരണം ക്ഷേമകാലത്ത് അവർ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിച്ചു. എന്നിട്ടും പ്രയാസ വേളയിൽ അവർ അല്ലാഹുവോട് നിഷ്കളങ്കമായി നടത്തിയ പ്രാർത്ഥന അവൻ അംഗീകരിച്ചില്ല. അവരെ ബഹുദൈവ വിശ്വാസികൾ എന്നു തന്നെ വിളിച്ചു. അപ്പോൾ ഇന്നത്തെ ചില മുസ്‌ലിംകളുടെ സ്ഥിതി എന്ത്? അവർ വിഷമഘട്ടത്തിലും, ക്ഷേമകാലത്തും ഒരുപോലെ മൃതിയടഞ്ഞ മഹാത്മാക്കളോട് അഭയം തേടുന്നു. രോഗശമനം, ആഹാര ലബ്ധി, സന്മാർഗ്ഗം തുടങ്ങിയ അല്ലാഹുവിനു മാത്രം സാധിക്കുന്ന കാര്യങ്ങൾ അവരോട് ചോദിക്കുന്നു. മഹാത്മാക്കളെ സൃഷ്ടിച്ച

നാഥനെ അവർ വിസ്മരിക്കുന്നു. അല്ലാഹുവാണ് യഥാർത്ഥത്തിൽ രോഗം ശമിപ്പിക്കുന്നവനും അന്നം നൽകുന്നവനും സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നവനും. മരിച്ചവർ യാതൊന്നും അധീനമാക്കുന്നില്ല. മറ്റുള്ളവർ തങ്ങളോട് പ്രാർത്ഥിക്കുന്നത് അവർ കേൾക്കുകയുമില്ല.
അല്ലാഹു പറയുന്നു:

**وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ . إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ( فاطر : ١٤)**

"അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നല്കുന്നതല്ല. പുനരുത്ഥാന നാളിൽ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുകയും ചെയ്യും. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല. (വിശു. 35: 13, 14)

മരിച്ചവർ തങ്ങളോട് പ്രാർത്ഥിക്കുന്നത് കേൾക്കുന്നില്ലെന്ന് ഈ വചനം വ്യക്തമാക്കുന്നു. മാത്രമല്ല അവരെ വിളിച്ചു തേടുന്നത് കടുത്ത ശിർക്കാണെന്നും ഈ വചനം വിളിച്ചറിയിക്കുന്നു.

ചിലർ പറയും : 'ഔലിയാക്കളും പുണ്യവാളന്മാരും ഉപകാരമോ ഉപദ്രവമോ ചെയ്യുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. അവരെ അല്ലാഹുവിങ്കലേക്കുള്ള ഇടയാളന്മാരും ശുപാർശകരുമായാണ് ഞങ്ങൾ സ്വീകരിക്കുന്നത്.
അവരോട് നമുക്കുള്ള മറുപടി ഇതാണ്. ഇതേ വിശ്വാസം തന്നെയായിരുന്നു ഇസ്‌ലാമിനു മുമ്പുള്ള ബഹുദൈവ വിശ്വാസികൾക്കും ഉണ്ടായിരുന്നത്. ഖുർആൻ അവരുടെ വാദം ഉദ്ധരിക്കുന്നുണ്ട്.

وَيَعْبُدُونَ مِن دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَؤُلَاءِ شُفَعَاؤُنَا عِندَ اللَّهِ قُلْ أَتُنَبِّئُونَ اللَّهَ بِمَا لَا يَعْلَمُ فِي السَّمَاوَاتِ وَلَا فِي الْأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ

(يونس : ١٨)

"അല്ലാഹുവിനു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശകരാണ് എന്നു പറയുകയും ചെയ്യുന്നു. പറയുക: ആകാശങ്ങളിലോ, ഭൂമിയിലോ ഉള്ളതായി അല്ലാഹുവിന്നറിയാത്ത വല്ല കാര്യവും നിങ്ങൾ അവന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്ന് എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു. " (വിശു 10: 18)

**അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയോ, വിളിച്ചു തേടുകയോ ചെയ്യുന്നവൻ ബഹുദൈവവിശ്വാസികളിൽ പെട്ടവനാണ് എന്ന് ഈ വചനം വ്യക്തമാക്കുന്നു. അല്ലാഹു അല്ലാത്തവർ ഉപദ്രവമോ ഉപകാരമോ ചെയ്യില്ല. ശുപാർശകർ**

**മാത്രമാണവർ എന്നവർ വിശ്വസിച്ചാലും ശരി**
**ബഹുദൈവ വിശ്വാസികളെ അല്ലാഹു വിശേഷിപ്പിക്കുന്നു.**

وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِيمَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ ( الزمر ٣: )

**അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു). അല്ലാഹുവിങ്കൽ ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഭിന്നിച്ച കാര്യത്തിൽ അല്ലാഹു അവർക്കിടയിൽ** വിധി കല്പിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല, നിശ്ചയം. (വിശു. 39:3)

അല്ലാഹുവിങ്കലേക്കടുപ്പിക്കാൻ വേണ്ടി അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നവർ അവിശ്വാസിയാണെന്ന് ഈ വചനം വ്യക്തമാക്കുന്നു.
"പ്രാർത്ഥന തന്നെയാണ് ആരാധന". (തിർമുദി)

3. അല്ലാഹു അവതരിപ്പിച്ചത് ശരിയല്ലെന്ന് വിശ്വസിച്ചുകൊണ്ട് ദൈവേതര നിയമങ്ങളനുസരിച്ച് വിധിക്കുന്നത് ഈമാനിന് വിരുദ്ധമാണ്. ദൈവിക നിയമങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ അനുവർത്തിക്കുന്നത് അനുവദനീയമാക്കിയാലും അതുതന്നെ അവസ്ഥ. വിധികർതൃത്വം ഒരു ആരാധനയായതാണ് ഇതിനു കാരണം.
അല്ലാഹു പറയുന്നു:

إِنِ الْحُكْمُ إِلَّا لِلَّهِ أَمَرَ أَلَّا تَعْبُدُوا إِلَّا إِيَّاهُ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ (يوسف: ٤٠ )

"വിധി കർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതം അതത്രെ. പക്ഷെ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല (വിശു. 12: 40)
അല്ലാഹു പറയുന്നു:

وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ( المائدة : ٤٤)

"അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആര് വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ. (വിശു. 5: 44)

എന്നാൽ ഇസ്ലാമിക നിയമങ്ങൾ ശരിയാണെന്ന് വിശ്വസിക്കുകയും ദേഹേച്ഛയെ അനുധാവനം ചെയ്തോ സാഹചര്യത്തിന്റെ സമ്മർദ്ദത്താലോ അല്ലാഹു അവതരിപ്പിച്ചതുകൊണ്ടല്ലാതെ വിധിക്കുന്നവൻ അക്രമിയാണ്, ദുർമാർഗിയുമാണ്. അവിശ്വാസിയല്ല.
**ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അല്ലാഹു അവതരിപ്പിച്ചതിനെ നിഷേധിച്ചവൻ സത്യ നിഷേധിയാണ്. അതിനെ അംഗീകരിച്ചുകൊണ്ട് എതിർ ചെയ്യുന്നവൻ അക്രമിയും ദുർമാർഗിയുമാണ്. ഇബ്നു ജരീർ(റ) ഇതാണ് സ്വീകരിച്ചിട്ടുള്ളത്. അത്വാഅ്(റ) പറഞ്ഞു: "അത് ചെറിയ നിഷേധമാണ്."**

**എന്നാൽ ഇസ്ലാമിക നിയമങ്ങളെ എടുത്തു കളഞ്ഞ് മനുഷ്യനിർമിത നിയമങ്ങൾ നടപ്പാക്കുക, അവയാണ് ഉത്തമമെന്ന് വിശ്വസിച്ചുകൊണ്ട് അങ്ങിനെ ചെയ്യുന്നവൻ സത്യനിഷേധിയും മതഭ്രഷ്ടനുമാണ് എന്നതിൽ പക്ഷാന്തരമില്ല.**

**5. അല്ലാഹുവിന്റെ വിധിയെ തൃപ്തിപ്പെടാതിരിക്കുന്നത് വിശ്വാസത്തെ തകർക്കും. ഇസ്‌ലാമിക വിധിയെ സംബന്ധിച്ച് മനസ്സിൽ വെറുപ്പും പ്രയാസവും ഉണ്ടാകുന്നതും ഈമാനിനു വിരുദ്ധമാണ്.**

**അല്ലാഹു പറയുന്നു:**

**"ഇല്ല, നിന്റെ രക്ഷിതാവാണെ സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല. (വിഖു. 4: 65)**

**അല്ലാഹു അവതരിപ്പിച്ച വിധിയെ വെറുക്കുന്നതും വിശ്വാസത്തെ ഹനിക്കുന്നതാണ്.**

**وَالَّذِينَ كَفَرُوا فَتَعْسًا لَّهُمْ وَأَضَلَّ أَعْمَالَهُمْ ذَٰلِكَ بِأَنَّهُمْ كَرِهُوا مَا أَنزَلَ اللَّهُ فَأَحْبَطَ أَعْمَالَهُمْ (محمد : ٨-٩ )**

**"അവിശ്വസിച്ചവരാരോ അവർക്ക് നാശം, അല്ലാഹു അവരുടെ കർമ്മങ്ങളെ പാഴാക്കി കളയുന്നതുമാണ്. അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു. അപ്പോൾ അവരുടെ കർമ്മങ്ങളെ അല്ലാഹു നിഷ്ഫലങ്ങളാക്കിത്തീർത്തു." (വിഖു. 47: 8, 9)**

**വിഭാഗം 3:**

**അല്ലാഹുവിന്റെ നാമങ്ങൾ, വിശേഷണങ്ങൾ എന്നിവയിൽ പങ്കുചേർക്കുന്നതും അവയെ ആക്ഷേപിക്കുന്നതും വിശ്വാസത്തെ ദുർബ്ബലപ്പെടുത്തും.**

1. ഖുർആനിലും പ്രബലമായ ഹദീസുകളിലും സ്ഥിരപ്പെട്ട അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും നിഷേധിക്കുന്നത് വിശ്വാസത്തെ ഹനിക്കുന്നതാണ്. അല്ലാഹുവിന്റെ സമ്പൂർണ്ണ ജ്ഞാനം, ശക്തി, ജീവൻ, കേൾവി, കാഴ്ച, സംസാരം, കാരുണ്യം, സിംഹാസനാരോഹണം, ഒന്നാനാകാശത്തേക്ക് അവൻ ഇറങ്ങുന്നത്, തുടങ്ങിയവയും അവന് കണ്ണും, കൈയും, കണങ്കാലും ഉണ്ടെന്നും ഇത്തരം നാമവിശേഷണങ്ങളിൽ പെട്ടതാണ്. അവയെല്ലാം അവന്റെ മഹത്വത്തോട് അനുരൂപമായതും സൃഷ്ടികളോട് യാതൊരു സാമ്യതയുമില്ലാത്തതുമാണ്. അവയെ നിഷേധിക്കുന്നത ഈമാനിന് വിരുദ്ധമാണ്.

**അല്ലാഹു പറയുന്നു. لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ( الشورى : ١١ )**

**"അവനു തുല്ല്യമായി യാതൊന്നും ഇല്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു" (വിഖു. 42: 11)**

**ഈ വചനത്തിൽ അല്ലാഹുവിന് തന്റെ സൃഷ്ടികളോട് സാമ്യതയുണ്ടാവുന്നതിനെ അവൻ നിഷേധിക്കുന്നു. അവന് കേൾവിയും കാഴ്ചയും ഉണ്ടെന്ന് സ്ഥാപിക്കുകയും ചെയ്തു. അല്ലാഹുവിന്റെ മറ്റെല്ലാ വിശേഷണങ്ങളും ഇപ്രകാരം തന്നെ.**

**2. അല്ലാഹുവിന് സ്ഥിരപ്പെട്ട ഗുണ വിശേഷണങ്ങളെ ബാഹ്യാർത്ഥത്തിൽ നിന്ന് തെറ്റിച്ചു വ്യാഖ്യാനിക്കുന്നത് തെറ്റും മാർഗ്ഗച്യുതിയുമാകുന്നു.**

അല്ലാഹുവിന്റെ സിംഹാസനാരോഹണം ( إِسْتِوَاء ) അധികാരമേറ്റെടുക്കലായി ( إِسْتِيلَاء) വ്യാഖ്യാനിക്കുന്നത് ഇതിന് ഉദാഹരണമാണ്. "ഇസ്തിവാഅ്" എന്ന പദത്തിന്റെ അർത്ഥം ഉയരത്തിലാവുക, ആരോഹിതനാവുക എന്നൊക്കെയാണ്. പ്രമുഖ താബിഈ പണ്ഡിതരായ മുജാഹിദും (റ) അബുൽ ആലിയ:(റ) എന്നിവരുടെ വ്യാഖ്യാനമായി ഇമാം ബുഖാരി ഉദ്ധരിച്ചതും അതാണ്.[10]

വിശേഷ ഗുണങ്ങളുടെ (സ്വിഫാത്തുകൾ) ദുർവ്യാഖ്യാനം അവയുടെ നിഷേധത്തിലേക്ക് നയിക്കുന്നു. സിംഹാസനാരോഹണത്തെ അധികാരമേറ്റെടുക്കലായി വ്യാഖ്യാനിക്കുമ്പോൾ ഖുർആനിലും ഹദീസിലും സ്ഥിരപ്പെട്ട "ഇസ്തിവാഅ്" എന്ന ദിവ്യ ഗുണത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

الرَّحْمَنُ عَلَى الْعَرْشِ إِسْتَوَى (طه : ٥)

"പരമ കാരുണികൻ സിംഹാസനത്തിന്മേൽ ആരോഹിതനായിരിക്കുന്നു". (വി.ഖു. 20: 5)

ءَأَمِنتُم مَّن فِي السَّمَاءِ أَن يَخْسِفَ بِكُمُ الأَرْضَ ( الملك : ١٦)

"ആകാശത്തിലുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കയാണോ?" (വി.ഖു. 67: 16)

നബി(സ) പറഞ്ഞു:
"സൃഷ്ടികളെ പടക്കുന്നതിനു മുമ്പ് അല്ലാഹു ഒരു വചനം എഴുതി. 'എന്റെ കോപത്തെ എന്റെ കാരുണ്യം കീഴ്പ്പെടുത്തിയിരിക്കുന്നു'. അത് അവന്റെയടുക്കൽ സിംഹാസനത്തിനു മുകളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു." (ബുഖാരി)

അല്ലാഹുവിന്റെ സ്വിഫത്തുകളെ വ്യാഖ്യാനിക്കുന്നത്, ശൈഖ് മുഹമ്മദ് അമീൻ ശൻഖീത്വി ചൂണ്ടിക്കാണിച്ച പോലെ അവയെ വികലമാക്കലാണ്. അദ്ദേഹം പറയുന്നു: "രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. ജൂതരോട് അല്ലാഹു "പാപമോചനം" എന്നർത്ഥമുള്ള "ഹിത്വത്തുൻ" (حِطَّةٌ) എന്നു പറയാൻ കല്പിച്ചു. എന്നാലവർ അതിൽ ഒരക്ഷരം കൂട്ടിചേർത്തു 'ഗോതമ്പ്' എന്നർത്ഥമുള്ള "ഹിൻത്വത്തുൻ" (حِنْطَةٌ) എന്നു പറഞ്ഞു. അവരുടെ ഈ പ്രവർത്തനത്തെ 'മാറ്റിമറിക്കലാ'യാണ് അല്ലാഹു വിശേഷിപ്പിച്ചത്.

فَبَدَّلَ الَّذِينَ ظَلَمُوا قَوْلاً غَيْرَ الَّذِي قِيلَ لَهُمْ فَأَنزَلْنَا عَلَى الَّذِينَ ظَلَمُوا رِجْزًا مِّنَ السَّمَاءِ بِمَا كَانُوا يَفْسُقُونَ ( البقرة : ٥٩)

"എന്നാൽ അക്രമികളായ ആളുകൾ നിർദ്ദേശിക്കപ്പെട്ട വാക്കിനു പകരം മറ്റൊരു പദമാണ് ഉപയോഗിച്ചത്. അതിനാൽ ആ അക്രമികളുടെമേൽ നാം

10 ബുഖാരി വാല്യം 8/175 വി.ഖു. 2: 29 ന്റെ വ്യാഖ്യാനം.

ആകാശത്തുനിന്ന് ശിക്ഷയിറക്കി കാരണം അവർ ധിക്കാരം കാണിച്ചിരുന്നത് കൊണ്ടുതന്നെ. (വി.ഖു. 2: 59)

സ്വിഫത്തുകളെ വ്യാഖ്യാനിക്കുന്നവരും ഇതുതന്നെയാണ് ചെയ്യുന്നത്. ആരോഹിതനായി എന്നർത്ഥമുള്ള "ഇസ്തവാ" 'استوى' എന്ന പദത്തിൽ അവർ ഒരു "ലാം" ചേർത്തു. അപ്പോൾ "ഇസ്തൗലാ" (استولى) എന്നായി. അധികാരമേറ്റു എന്നർത്ഥം. ജൂതന്മാർ ചേർത്ത "നൂനു" മായി ഈ "ലാം" എത്ര യോജിച്ചിരിക്കുന്നു ! . (ഇബ്നുൽ ഖയ്യിം ഇതു പറഞ്ഞിട്ടുണ്ട്)

3. സൃഷ്ടികൾക്കൊന്നിനുമില്ലാത്ത ചില പ്രത്യേക സവിശേഷതകൾ (സ്വിഫത്തുകൾ) അല്ലാഹുവിനുണ്ട്. അദൃശ്യജ്ഞാനം അതിനൊരു ഉദാഹരണമാണ്".

അല്ലാഹു പറഞ്ഞു: ( ٥٩ : الأنعام ) وَعِنْدَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ
"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ താക്കോലുകൾ. അവനല്ലാതെ അവ അറിയുകയില്ല. (വി.ഖു. 6: 59)
ദിവ്യബോധനത്തിലൂടെ (വഹ്‌യ്) അദൃശ്യമായ ചിലത് അല്ലാഹു തന്റെ ദൂതർക്ക് താൻ ഉദ്ദേശിക്കുമ്പോൾ അറിയിച്ചുകൊടുത്തേക്കാം.
അല്ലാഹു പറയുന്നു:

عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَى غَيْبِهِ أَحَدًا إِلَّا لِمَنِ ارْتَضَى مِنْ رَسُولٍ . . . . . . ( الجن ٢٦ ، ٢٧ )

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതനുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപ്പെടുത്തുക തന്നെ ചെയ്യുന്നതാണ്. (വി.ഖു. 72: 26, 27)

ബൂസ്വൂരി നബി(സ)യെക്കുറിച്ച് പാടുന്നു:
"ഐഹിക-പാരത്രിക ലോകങ്ങൾ താങ്കളുടെ ഔദാര്യമാണ്. ദിവ്യ ലിഖിതത്തിലെയും തൂലികയിലെയും ജ്ഞാനം താങ്കളുടെ അറിവിൽ പെടുന്നു". 'ബുർദാ' കാവ്യത്തിലെ ഈ വരികൾ അവിശ്വാസത്തെയും ദുർമാർഗ്ഗത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്. ഐഹിക-പാരത്രിക ലോകങ്ങൾ അല്ലാഹു സൃഷ്ടിച്ചതും അവന്റെ ഔദാര്യവുമാണ്. പ്രവാചകൻ സൃഷ്ടിച്ചതോ അദ്ദേഹത്തിന്റെ ഔദാര്യമോ അല്ലല്ലോ.

അല്ലാഹു പറയുന്നു: ( ١٣ : الليل ) وَإِنَّ لَنَا لَلْآخِرَةَ وَالْأُولَى
"നിശ്ചയമായും നമുക്കുള്ളതാകുന്നു പരലോകവും ഇഹലോകവും". (വി.ഖു.92:13)

കവി വാദിക്കുന്നപോലെ ദിവ്യലിഖിതത്തി (ലൗഹുൽ മഹ്ഫൂള്) ലുള്ളതും അല്ലാഹുവിന്റെ തൂലിക രേഖപ്പെടുത്തിയതും നബി(സ) അറിയുന്നില്ല. അവ അല്ലാഹുവിനു മാത്രം അറിയുന്ന അദൃശ്യ ജ്ഞാനമാണ്.

ഖുർആൻ പറയുന്നു: : قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ (النمل : ٦٥)

"അല്ലാഹുവല്ലാതെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല" (വിഖു. : 27: 65)

ഇത്തരം സമ്പൂർണ്ണമായ അദൃശ്യ കാര്യങ്ങൾ അറിയാൻ മഹാത്മാക്കൾ (ഔലിയാക്കൾ) ക്കും അർഹതയില്ല. ദിവ്യ ബോധനത്തിലൂടെ (വഹ്യ്) പ്രവാചകർക്ക് അല്ലാഹു വെളിപ്പെടുത്തികൊടുത്തേക്കാവുന്ന മറഞ്ഞ കാര്യങ്ങളും അവർക്ക് അറിയില്ല. കാരണം ഔലിയാക്കൾക്ക് അല്ലാഹു വഹ്യ് നൽകാറില്ലല്ലോ. അത് നബിമാർക്കും റസൂൽമാർക്കും മാത്രമെ ലഭിക്കുകയുള്ളൂ. അതിനാൽ അദൃശ്യ ജ്ഞാനമുണ്ടെന്ന് വാദിക്കുന്നവരും അത് വിശ്വസിക്കുന്നവരും തങ്ങളുടെ വിശ്വാസത്തെ (ഈമാനിനെ) നശിപ്പിച്ചിരിക്കുന്നു.

"ഒരു ജോത്സ്യനെയോ പ്രവചനക്കാരനെയോ സമീപിക്കുകയും അയാൾ പറഞ്ഞത് വിശ്വസിക്കുകയും ചെയ്യുന്നവൻ മുഹമ്മദിന് അവതരിപ്പിച്ചത് നിഷേധിച്ചിരിക്കുന്നു" (അഹ്മദ്)

ജ്യോത്സ്യരും ദജ്ജാലുകളും നടത്തുന്ന പ്രവചനങ്ങളെല്ലാം ഊഹങ്ങളെയും, സങ്കൽപ്പങ്ങളെയും, യാദൃശ്ചികതകളെയും, പൈശാചിക മന്ത്രങ്ങളെയും അടിസ്ഥാനമാക്കിയുള്ളവയാണ്. അവർ സത്യ സന്ധരാണെങ്കിൽ ജൂത രഹസ്യങ്ങൾ അവർ നമുക്ക് അറിയിച്ചു തരുമായിരുന്നു. ഭൂമിയിലെ നിധികൾ അവർ പുറത്തെടുക്കുകയും ചെയ്യുമായിരുന്നു. അന്യായമായി മനുഷ്യരുടെ സമ്പത്ത് തട്ടിയെടുത്ത് ജീവിക്കേണ്ട ഗതികേട് അവർക്ക് ഉണ്ടാകുമായിരുന്നില്ല. നബി(സ) പറഞ്ഞു:

"ജ്യോത്സ്യനെ സമീപിച്ച് വല്ല കാര്യവും അന്വേഷിക്കുന്നവന്റെ നാല്പതു ദിവസത്തെ നമസ്കാരം സ്വീകാര്യമല്ല" (മുസ്ലിം)

വിഭാഗം 4.

ദൈവ ദൂത ദൂഷണം വിശ്വാസത്തെ തകർക്കും:

ഏതെങ്കിലും ഒരു ദൈവദൂതനെ നിഷേധിക്കയോ ആക്ഷേപിക്കയോ ചെയ്യുന്നത് ഈമാനിനെ ഹനിക്കുന്നതാണ്. അത് പല രൂപേണയുമാവാം.

1. മുഹമ്മദ് (സ)യുടെ ദൗത്യം നിഷേധിക്കുക. നബി(സ)യുടെ പ്രവാചകത്വം അംഗീകരിക്കൽ ഇസ്ലാമിന്റെ സ്തംഭങ്ങളിലൊന്നാണ്.

2. പ്രവാചക(സ)യുടെ വ്യക്തിത്വം, സത്യസന്ധത, വിശ്വസ്തത, ധാർമ്മികത തുടങ്ങിയവക്കെതിരെ ആരോപണം ഉന്നയിക്കുക. നബി(സ) യെ ആക്ഷേപിക്കുകയോ, പരിഹസിക്കുകയോ, നിന്ദിക്കുകയോ ചെയ്യുക. അല്ലെങ്കിൽ നബി(സ)യുടെ സ്ഥിരപ്പെട്ട ചര്യകളെ ആക്ഷേപിക്കുക.

3. പ്രബലമായ നബിവചനങ്ങളെ ആക്ഷേപിക്കുകയോ തള്ളിപ്പറയുകയോ

ചെയ്യുക. നബി(സ)യിൽ നിന്ന് പ്രബലമായി ഉദ്ധരിച്ച പ്രവചനങ്ങൾ നിഷേധിക്കുക. ദജ്ജാലിന്റെ വരവ്, നബി(സ)യുടെ ശരീഅത്തനുസരിച്ച് വിധി നടത്താനുള്ള ഈസാ(അ)യുടെ ആഗമനം തുടങ്ങിയ ഖുർആനും പ്രബലമായ ഹദീസുകളും അംഗീകരിച്ച കാര്യങ്ങളെ നിഷേധിക്കുന്നത് ഇതിൽ പെടുന്നു.

4. മുഹമ്മദ് (സ)ക്ക് മുമ്പ് അല്ലാഹു നിയോഗിച്ച ഏതെങ്കിലും പ്രവാചകനെ നിഷേധിക്കുക. അല്ലെങ്കിൽ ഖുർആനിലും സഹീഹായ ഹദീസുകളിലും പ്രസ്താവിച്ച അവരുടെയും ജനതകളുടേയും കഥകൾ തള്ളിക്കളയുക.

**5. നബി(സ)ക്കു ശേഷം പ്രവാചകത്വം വാദിക്കുക. മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഇതിന് ഉദാഹരണമാണ്.**
**അല്ലാഹു പറയുന്നു:**

**مَا كَانَ مُحَمَّدٌ اَبَا اَحَدٍ مِنْ رِجَالِكُمْ وَلَٰكِنْ رَسُولَ الله وَخَاتَمَ النَّبِيِّينَ (الأحزاب : ٤٠)**
**"മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാവുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും ജ്ഞാനിയാണ്." (വി.ഖു. 33: 40)**

**നബി(സ) പറഞ്ഞു:**
**"ഞാൻ അന്ത്യപ്രവാചകനാണ്. എനിക്കു ശേഷം പ്രവാചകനില്ല." (ബുഖാരി, മുസ്‌ലിം)**

**മുഹമ്മദ് (സ)ക്ക് ശേഷം പ്രവാചകൻ നിയോഗിതനാവുമെന്ന് വിശ്വസിച്ചവൻ സത്യനിഷേധിയാണ്. അവന്റെ ഈമാൻ ഹനിക്കപ്പെട്ടിരിക്കുന്നു. അവൻ ഖാദിയാനിയായാലും അല്ലെങ്കിലും ശരി.**

**6. അല്ലാഹുവിനു മാത്രം അനുയോജ്യമായ വിശേഷണങ്ങൾകൊണ്ട് നബി(സ)യെ വർണ്ണിക്കുന്നവർ. സമ്പൂർണ്ണമായ അദൃശ്യ ജ്ഞാനം നബി(സ)ക്ക് ഉണ്ടെന്ന് വാദിക്കുന്ന സൂഫികൾ ഇതിന് ഉദാഹരണമാണ്.**

**അവരുടെ ഒരു കവി പറയുന്നു:**
**"അല്ലയോ അദൃശ്യ ജ്ഞാനമുള്ളവരെ**
**ഞങ്ങൾ താങ്കളോട് അഭയം തേടുന്നു**
**ഹൃദയങ്ങളുടെ ശാന്തിയേ**
**താങ്കൾക്ക് നന്മയുണ്ടാവട്ടെ".**

**7. അല്ലാഹുവിനു മാത്രം സാധിക്കുന്ന കാര്യങ്ങൾക്കു വേണ്ടി നബി(സ)യോട് പ്രാർത്ഥിക്കുക. ശത്രുവിന്റെമേൽ വിജയം, സഹായം, രോഗശമനം മുതലായവക്ക്വേണ്ടി നബി(സ)യോട് പ്രാർത്ഥിക്കുന്ന ചില മുസ്‌ലിംകൾ പ്രത്യേകിച്ച് സൂഫികൾ ഈ ഗണത്തിൽപെടുന്നു.**

**അവരുടെ കവി ബൂസ്വീരി പറഞ്ഞു:**
**ആരെങ്കിലും നബി(സ)യെ സഹായിയാക്കി. എന്നിട്ടവനെ വനത്തിൽവച്ചു**

സിംഹങ്ങൾ കണ്ടുമുട്ടിയാൽപോലും അവ അവനെ സ്നേഹിക്കും.
കാലവിപത്തുകളിൽനിന്ന് രക്ഷതേടിയപ്പോഴെല്ലാം അദ്ദേഹത്തിന്റെ അഭയം എനിക്ക് ലഭ്യമാവാതിരുന്നിട്ടില്ല.

നബി(സ)യെ സംബന്ധിച്ച് കവിയുടെ ഈ പ്രസ്താവനകൾ ശിർക്കാണ്. കാരണം അത് ഖുർആനിനും നബിവചനങ്ങൾക്കും വിരുദ്ധമാണ്.

അല്ലാഹു പറയുന്നു: وَمَا النَّصْرُ إِلاَّ مِنْ عِنْدِ اللهِ
"അല്ലാഹുവിങ്കൽ നിന്നല്ലാതെ യാതൊരു സഹായവും ഇല്ല" (വിശു. 8: 10)
നബി(സ) പറഞ്ഞു:
"നീ ചോദിക്കുമ്പോൾ അല്ലാഹുവിനോട് ചോദിക്കുക. സഹായം തേടുമ്പോൾ അവനോട് തേടുക" (തിർമുദി)

നബി(സ)യെ കുറിച്ച് ഇങ്ങിനെ പറയുന്നത് ശിർക്കാണെങ്കിൽ ഔലിയാക്കൾ അദൃശ്യം അറിയുന്നവരാണെന്ന് വിശേഷിപ്പിക്കുന്നവരുടെ സ്ഥിതി എന്ത്? അവർക്ക് വേണ്ടി നേർച്ചകളും ബലികളും നടത്തുന്നു. അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവരോട് ചോദിക്കുന്നു. അങ്ങിനെ ആഹാര ലബ്ധി, രോഗശമനം, സഹായം മുതലായവക്കായി അവരോട് ചോദിക്കുന്നു. ഇവയൊക്കെ കൊടിയ ശിർക്കാണെന്നതിൽ സന്ദേഹമേ ഇല്ല.

8. നബിമാരുടെ മുഅ്ജിസത്തുകളോ (അമാനുഷിക ദൃഷ്ടാന്തങ്ങൾ) ഔലിയാക്കളുടെ കറാമത്തുകളോ (ആദരണീയ സംഭവങ്ങൾ) നാം നിഷേധിക്കുന്നവരല്ല. പ്രത്യുത അവരെ അല്ലാഹുവിന്റെ പങ്കാളികളാക്കുന്നതാണ് നാം അംഗീകരിക്കാത്തത്. അല്ലാഹുവോട് പ്രാർത്ഥിക്കുന്നതുപോലെ അവരോടും പ്രാർത്ഥിക്കുന്നു. അവർക്ക് നേർച്ചകളും ബലികളും അർപ്പിക്കുന്നു. ഒരു ഭാഗത്ത് ജനം ദിനാവശ്യത്തിനുള്ള ആഹാരം ലഭിക്കാതെ ദരിദ്രർ വലയുന്നു. മറുഭാഗത്ത് ഔലിയാക്കളെന്ന് പറയപ്പെടുന്നവരുടെ ഖബറുകളിൽ ധനം കുമിഞ്ഞു കൂടിയിരിക്കുന്നു. അവിടത്തെ പൂജാരികളും സേവകരും ആ നിഷിദ്ധ ധനം ഭാഗംവെച്ചു തിന്നുകൊണ്ടിരിക്കുന്നു.

ഒരു കവി പാടുന്നു:
നമ്മളിലെ ജീവനുള്ളവർക്ക് ഒരു ദിർഹമിന്റെ ഭക്ഷണംപോലും ലഭിക്കുന്നില്ല.
മരിച്ചവർക്കോ ലക്ഷങ്ങൾ നൽകപ്പെടുന്നു.

പല ഖബറുകളും ജാറങ്ങളും വ്യാജ നിർമ്മിതങ്ങളാണ്. നേർച്ചപ്പണം തട്ടിയെടുക്കാനായി ദജ്ജാലുകളും സൂത്രക്കാരും പടുത്തുയർത്തിയവയാണവ.

1. എന്റെ ഒരു സഹപാഠി പറഞ്ഞ ഒരു സംഭവമിതാ. അദ്ദേഹത്തിന്റെ മാതൃഭവനത്തിലേക്ക് ഒരു സൂഫി ശൈഖ് കടന്നുവന്നു. ഒരു പ്രത്യേക റോഡിനു സമീപമുള്ള ഒരു വലിയ്യിന്റെ ഖബറിൽ പച്ചക്കൊടി നാട്ടാൻ സഹായമഭ്യർത്ഥിച്ചുകൊണ്ടായിരുന്നു അയാളുടെ വരവ്. മാതാവ് അയാൾക്ക് കുറച്ച് പണം നല്കി. അയാൾ പച്ചത്തുണിവാങ്ങി ഒരു മതിലിൽ തൂക്കി.

ഇത് അല്ലാഹുവിന്റെ ഔലിയാക്കളിൽ ഒരാളാണ്. എനിക്ക് സ്വപ്നദർശനമുണ്ടായി, അയാൾ ജനങ്ങളോട് പറയാൻ തുടങ്ങി. അയാൾക്ക് ധാരാളം ധനം ലഭിച്ചുകൊണ്ടിരുന്നു. ഖബർ നീക്കം ചെയ്ത് റോഡു വീതികൂട്ടാൻ

അതിനിടെ ഗവൺമെൻറ് തീരുമാനിച്ചു. അപ്പോൾ വ്യാജ ഖബർ നിർമ്മാതാവ് പ്രചരണം തുടങ്ങി. ഖബർ പൊളിക്കാൻ ഉദ്ദേശിച്ച യന്ത്രം പൊട്ടിപ്പോയി. അത് വിശ്വസിക്കാനും ചിലരുണ്ടായി. വാർത്ത നാടുമുഴുവനും പരന്നു. അധികാരികൾ തന്നെ ഭയപ്പെടാൻ തുടങ്ങി.

ആ നാട്ടിലെ മുഫ്തി (മത വിധിനല്കുന്നയാൾ) എന്നോട് പറഞ്ഞു: ഒരു അർദ്ധരാത്രി അധികാരികൾ എന്നെ വലിയ്യിൻെറ ഖബറിടത്തിലേക്ക് കൂട്ടികൊണ്ട്പോയി. ചുറ്റുഭാഗവും സൈന്യം വളഞ്ഞിരുന്നു. ബുൾഡോസർ ഉപയോഗിച്ച് ഖബറിടം കുഴിച്ചു. മുഫ്തി ഖബറിലേക്ക് നോക്കി. അവിടെ ഒന്നും ഉണ്ടായിരുന്നില്ല. ആ ഖബർ ഒരു വ്യാജപ്രചരണം മാത്രമായിരുന്നു എന്ന് അപ്പോൾ ബോധ്യമായി.

ഹറമിൽ പഠിപ്പിച്ചിരുന്ന ഒരു പണ്ഡിതൻ പറഞ്ഞ ഒരു കഥയുണ്ട്. രണ്ടു ദരിദ്രന്മാർ ഒരു വലിയ്യിൻെറ ഖബറിനു സമീപം കണ്ടുമുട്ടി. തങ്ങളുടെ ദാരിദ്ര്യത്തെകുറിച്ച് പരസ്പരം ആവലാതിപ്പെട്ടു. പണം കുമിഞ്ഞുകൂടിയിരുന്ന വലിയ്യിൻെറ ഖബർ അവർ കണ്ടു. അപ്പോൾ അവരിലൊരാൾ പറഞ്ഞു: വരൂ നമുക്കൊരു ഖബർ കുഴിക്കാം, അതിലൊരു വലിയ്യിനെ മറമാടാം. അപ്പോൾ നമുക്ക് സമ്പത്ത് ലഭിക്കും. കൂട്ടുകാരനും അതിനോടു യോജിച്ചു. അവർ കുറെ നടന്നപ്പോൾ കരയുന്ന ഒരു കഴുതയെ കണ്ടെത്തി. അതിനെ അവർ കൊന്നു. ഒരു കുഴിയിലിട്ടു മൂടി. അവിടെ അവർ ഖബറും കുബ്ബയുള്ള ജാറവും നിർമ്മിച്ചു. അവർ രണ്ടുപേരും ബർക്കത്ത് ലഭിക്കാനെന്നവണ്ണം ഖബറിന്മേൽ കിടന്നുരുളുകയും ചെയ്തു. അതുവഴി വന്നവർ വിവരങ്ങൾ ചോദിച്ചു. അവർ രണ്ടു പേരും പറഞ്ഞു: ഇത് ഹബീഷ് ബിൻ തൗബീഷ് എന്ന വലിയ്യിൻെറ ഖബറാണ്. അയാൾക്ക് വർണ്ണനാതീതമായ കറാമത്തുകളുണ്ട്. അവരുടെ വാക്ക്കേട്ട് വഞ്ചിതരായ ജനങ്ങൾ നേർച്ചയും വഴിപാടുകളുമായി ഖബറിൻെറയടുക്കൽ വരാൻ തുടങ്ങി. അവർക്ക് രണ്ടു പേർക്കും ധാരാളം സമ്പത്ത് ലഭിക്കാൻ തുണങ്ങി.

ഒരിക്കൽ സമ്പത്ത് ഓഹരിവെക്കുന്നതിൽ അവർ തമ്മിൽ തർക്കമായി. ബഹളം മൂത്തപ്പോൾ ആളുകളും ഒരുമിച്ചു കൂടി. അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: ഈ വലിയ്യ് തന്നെയാണ് സത്യം ഞാൻ നിൻെറ അടുക്കൽനിന്ന് കാശ് വാങ്ങിയിട്ടില്ല. അപ്പോൾ അപരൻ പറഞ്ഞു: എടോ വലിയ്യിനെകൊണ്ട് നീ സത്യം ചെയ്യുകയോ? . ഈ ഖബറിലുള്ളത് നമ്മൾ രണ്ടു പേരും കൂടി കൊന്നു കുഴിച്ചിട്ട ഒരു കഴുതയല്ലെ. അത് നമുക്ക് രണ്ടു പേർക്കും അറിയാവുന്ന കാര്യമല്ലേ?

ഇതു കേട്ട ജനം ആശ്ചര്യഭരിതരായി, തങ്ങളുടെ നേർച്ചകളുടെ കാര്യം ആലോചിച്ച് അവർ പരിതപിച്ചു. അവരെ രണ്ടുപേരെയും ആക്ഷേപിക്കയും അവരുടെ കയ്യിലുണ്ടായിരുന്ന ധനം ജനങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു.

കുഫ്റിലേക്ക് നയിക്കുന്ന അബദ്ധ വിശ്വാസങ്ങൾ:

1. ലോകത്തെ സൃഷ്ടിച്ചത് നബി(സ)ക്ക് വേണ്ടിയാണെന്ന വാദം. അതിനായി അല്ലാഹുവിങ്കലേക്ക് ചേർത്ത ഒരു വ്യാജ ഹദീസ് അവർ തെളിവായി എഴുന്നള്ളിക്കുന്നു.

"നീ ഇല്ലായിരുന്നെങ്കിൽ ഞാൻ ലോകത്തെ സൃഷ്ടിക്കുമായിരുന്നില്ല."

ഈ ഹദീസ് കള്ളമാണെന്ന് പ്രസിദ്ധ ഹദീസ് നിരൂപക പണ്ഡിതൻ ഇബ്നുൽ ജൗസി പ്രസ്താവിച്ചിട്ടുണ്ട്. ബുസൂരിയും തന്റെ കവിതയിൽ ലോകത്തെ സൃഷ്ടിക്കാനുള്ള കാരണം നബി(സ)യാണെന്ന് പ്രസ്താവിക്കുന്നു. അതും വ്യാജവാദമാണ്. ഖുർആനിന് വിരുദ്ധവുമാണത്.
അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الجِنَّ والإِنْسَ إِلا لِيَعْبُدُون

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. (വി. ഖു. 51: 56)

മുഹമ്മദ്(സ)യെ സൃഷ്ടിച്ചതും അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടിയാണ്.

وَاعْبُدْ رَبَّكَ حَتَّى يَأتِيَكَ اليَقِين

"ദൃഢമായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത്‌വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (വിഖു. 15: 99)

പ്രവാചകന്മാരെ മുഴുവനും സൃഷ്ടിച്ചയച്ചത് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന പ്രബോധനം നിർവ്വഹിക്കാനാണ്.

( وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوت ) " النحل ٣٦ "

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ത്വാഗൂത്തിനെ വെടിയുകയും ചെയ്യുക. എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി) (വിഖു. 16: 36)

(സ്വന്തം അഭീഷ്ടപ്രകാരം ആരാധിക്കപ്പെടുന്നവർക്കെല്ലാം താഗൂത്ത് എന്ന് പറയുന്നു)

പരിശുദ്ധ ഖുർആനിനും നബി(സ)യുടെ സന്ദേശത്തിനും വിരുദ്ധമായ ഒരു കാര്യം വിശ്വസിക്കൽ ഒരു മുസ്ലിമിന് അനുവദനീയമാകുന്നത് എങ്ങിനെ?

2. ആദ്യമായി അല്ലാഹു സൃഷ്ടിച്ചത് നബി(സ)യുടെ പ്രകാശമാണ്. ആ പ്രകാശത്തിൽനിന്ന് ഇതര വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടു. ഈ വാദം തെളിവുകളുടെ പിൻബലമില്ലാത്ത ഒരു ബാലിശമായ വിശ്വാസമാണ്.

അത്ഭുതകരമെന്നു പറയട്ടെ, ഒരു ചോദ്യത്തിന് ഉത്തരം നല്കിക്കൊണ്ട് ഒരു ഈജിപ്തുകാരൻ ഇതിനെ ന്യായീകരിക്കാൻ ശ്രമിച്ചു.

ചോദ്യം : ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. ജാബിർ ബിൻ അബ്ദുല്ലാ (റ) നബി(സ) യോട് ചോദിച്ചു. 'ആദ്യമായി അല്ലാഹു സൃഷ്ടിച്ചത് എന്ത്?' നബി(സ) പറഞ്ഞു: 'നിന്റെ നബിയുടെ പ്രകാശം തന്നെ'
ആദ്യസൃഷ്ടി ആദമാണെന്നും, അദ്ദേഹം കളിമണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടു എന്നുമുള്ള അല്ലാഹുവിന്റെ വചനത്തോട് ഈ ഹദീസ് എങ്ങിനെ പൊരുത്തപ്പെടും?

ഉത്തരം: "ഏറ്റവും ഉന്നതമായതിനെ പ്രഥമമായി സൃഷ്ടിക്കുക എന്നത്

സമ്പൂർണ്ണതയെ കുറിക്കുന്നു. പ്രകൃതിപരവുമാണത്. പിന്നീട് അതിൽനിന്ന് താഴ്ന്നത നാം സ്വീകരിക്കുന്നു. ആദ്യമായി മണ്ണ് സൃഷ്ടിക്കപ്പെടുക, അതിൽ നിന്ന് മുഹമ്മദ് (സ) സൃഷ്ടിക്കപ്പെടുക എന്നത് ബുദ്ധിപരമല്ല. മനുഷ്യരിൽ ഏറ്റവും ഉന്നതർ നബിമാരാണ്. അവരിൽ ഏറ്റവും മഹത്വമുള്ളവൻ മുഹമ്മദ് നബി(സ)യുമാണ്. അതിനാൽ ആദ്യം പദാർത്ഥത്തെ സൃഷ്ടിക്കുക, പിന്നീടതിൽനിന്ന് മുഹമ്മദ്(സ)യെ സൃഷ്ടിക്കുക. അതൊരിക്കലും സാധുവാകയില്ല. ആദ്യമായി ഉണ്ടായത് നബി(സ)യുടെ പ്രകാശമായിരിക്കൽ അനിവാര്യമാണ്. അതിൽ നിന്ന് വസ്തുക്കൾ ഉടലെടുത്തു. അതിനാൽ ജാബിറിന്റെ ഹദീസ് ശരിയാണ്.
ശാസ്ത്രം ഈ ആശയം അംഗീകരിക്കുന്നു. പ്രകാശമാണ് തുടക്കം. പിന്നീടതിൽനിന്ന് പദാർത്ഥങ്ങളുണ്ടായി.

* ഈ വാദം നിരർത്ഥകമാണ്. ഖുർആനും ഹദീസും ഇതിനോട് യോജിക്കുന്നില്ല. ആദ്യ മനുഷ്യനായ ആദമിന്റെ സൃഷ്ടിപ്പിനെ കുറിച്ച് അല്ലാഹു പറയുന്നു:

إِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي خَالِقٌ بَشَرًا مِنْ طِينٍ

"നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽനിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോവുകയാണ." (വി.ഖു. 38: 71)

هُوَ الَّذِي خَلَقَكُمْ مِنْ تُرَابٍ ثُمَّ مِنْ نُطْفَةٍ

"മണ്ണിൽനിന്നും പിന്നെ ബീജ കണത്തിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു" (വി.ഖു. 40: 64)

ഇബ്നു ജരീറുത്വബ്രി പറയുന്നു: "നിങ്ങളുടെ പിതാവ് ആദമിനെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നീട് നിങ്ങളെ ബീജകണത്തിൽനിന്നും സൃഷ്ടിച്ചു." നബി(സ) പറഞ്ഞു: "നിങ്ങളെല്ലാം ആദം സന്തതികളാണ്. ആദം മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്" (ബസ്സാസ് ഉദ്ധരിച്ചത്, അൽബാനി പ്രബലമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്).

* "ഏറ്റവും ഉന്നതമായതിനെയാണ് പ്രഥമമായി സൃഷ്ടിക്കുക. അതാണ് പ്രകൃതിപരം. പിന്നീടതിൽനിന്ന് താഴ്ന്നത് നാം സ്വീകരിക്കുന്നു" എന്ന തത്വശാസ്ത്രം ഖുർആൻ തള്ളിക്കളഞ്ഞതാണ്. ആദമിന് സാഷ്ടാംഗം ചെയ്യാൻ വിസമ്മതിച്ച ഇബ്‌ലീസിന്റെ വാദമാണത്.

قَالَ أَنَا خَيْرٌ مِنْهُ خَلَقْتَنِي مِنْ نَارٍ وَخَلَقْتَهُ مِنْ طِينٍ

"അവൻ (പിശാച്) പറഞ്ഞു: ഞാൻ അവനെ (ആദം) ക്കാൾ ഉത്തമനാണ്. നീ എന്നെ അഗ്നികൊണ്ടു സൃഷ്ടിച്ചു. അവനെ മണ്ണിൽനിന്നും സൃഷ്ടിച്ചു" (വി.ഖു. 38: 76)

ഇബ്നു കഥീർ പറയുന്നു: "ഞാൻ തീകൊണ്ടു സൃഷ്ടിക്കപ്പെട്ടു, ആദമിനെ മണ്ണുകൊണ്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. തീ മണ്ണിനെക്കാൾ ശ്രേഷ്ടമാണ്. അതിനാൽ ഞാൻ ആദമിനെക്കാൾ ഉത്തമനാണ് എന്നവൻ വാദിച്ചു" (വാള്യം 4 പേജ് 43)

ആദ്യം മണ്ണ് സൃഷ്ടിക്കപ്പെടുക, അതിൽ നിന്ന് മുഹമ്മദ്(സ) സൃഷ്ടിക്കപ്പെടുക

എന്നതാണ് ബുദ്ധിയോട് യോജിക്കുന്നത്. ആദ്യം പദാർത്ഥം സൃഷ്ടിക്കപ്പെട്ടു, ആദമിനെ സൃഷ്ടിക്കപ്പെട്ട മണ്ണാണത്. ആദമിൻെറ സന്താന പരമ്പരയിൽപെട്ടവനത്രെ മുഹമ്മദ്(സ)

നബി(സ) പറഞ്ഞു: ഞാൻ ആദം സന്തതികളുടെ നായകനാണ്. (മുസ്ലിം)

എന്നാൽ "അനിവാര്യമായും ആദ്യമായുണ്ടാകേണ്ടത് മുഹമ്മദ്(സ) യുടെ പ്രകാശംതന്നെ" എന്ന് ഈജിപ്തുകാരൻ വാദിക്കുന്നു.

ഇതിനു യാതൊരു രേഖയുമില്ല. ആദ്യമനുഷ്യൻ ആദമാണെന്ന് ഖുർആൻ ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. മാത്രമല്ല, അല്ലാഹുവിൻെറ സിംഹാസനത്തിന് ശേഷം സൃഷ്ടിക്കപ്പെട്ട പ്രഥമ വസ്തു "ദിവ്യ തൂലിക" യാണ്.

നബി(സ) പറഞ്ഞു: "പേനയാണ് അല്ലാഹു ആദ്യമായി സൃഷ്ടിച്ചത്" (തിർമിദി. ഈ ഹദീസ് പ്രബലമാണെന്ന് അൽ-ബാനി പറഞ്ഞിട്ടുണ്ട്.) നബി(സ)യുടെ പ്രകാശത്തിന് ബുദ്ധിപരമോ, മതപരമോ ആയ ഒരു തെളിവുമില്ല. നബി(സ)യോട് പ്രഖ്യാപിക്കാൻ അല്ലാഹു പറയുന്നു:

(قُلْ إِنَّمَا أَنَا بَشَرٌ مِثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ)

"പറയുക, ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു" (വി.ഖു. 18: 110)

നബി (സ) പറയുന്നു : "പറയുക ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്..." (അഹ്മദ്. ഈ ഹദീസ് പ്രമാണികമാണെന്ന് അൽബാനി പ്രസ്താവിച്ചിട്ടുണ്ട്).

മുഹമ്മദ്(സ) തൻെറ മാതാപിതാക്കളിൽനിന്ന് സൃഷ്ടിക്കപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. അബ്ദുല്ലയും ആമിനയുമായിരുന്നു അദ്ദേഹത്തിൻെറ മാതാപിതാക്കൾ. ആദ്യം പിതാമഹനും പിന്നീട് പിതൃവ്യൻ അബൂ ത്വാലിബും അദ്ദേഹത്തെ സംരക്ഷിച്ചു.

അങ്ങിനെ ആദ്യ മനുഷ്യൻ ആദമും, ആദ്യമായി സൃഷ്ടിക്കപ്പെട്ട വസ്തു "ഖലമും" ആണെന്ന് സ്ഥിരപ്പെട്ടു കഴിഞ്ഞു. മുഹമ്മദ് (സ)യാണ് പ്രഥമ സൃഷ്ടി എന്ന ജല്പനത്തെ ഇത് നിരാകരിക്കുന്നു. മുമ്പ് ഉദ്ധരിച്ച ഖുർആനിക വചനങ്ങൾക്കും പ്രബലമായ ഹദീസുകൾക്കും വിരുദ്ധമാണ് ആ വാദം.

എന്നാൽ ആദമിനെ സൃഷ്ടിക്കുന്നതിനു മുമ്പെ നബി(സ) അന്ത്യ പ്രവാചകനാണ് എന്ന് അല്ലാഹുവിങ്കൽ രേഖപ്പെടുത്തപ്പെട്ടതായി ഒരു നബി വചനത്തിൽ വന്നിട്ടുണ്ട്. "ഞാൻ അല്ലാഹുവിങ്കൽ അന്ത്യപ്രവാചകനായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആദം അന്ന് മണ്ണിൽ ലയിച്ചു കിടക്കുകയായിരുന്നു." (ഹാക്കിം. അൽബാനിയും ദഹബിയും ഈ ഹദീസിൻെറ പ്രാമാണികത അംഗീകരിച്ചിട്ടുണ്ട്)

ഹദീസിൽ, 'രേഖപ്പെടുത്തപ്പെട്ടവൻ' (مكتوب) എന്നാണ് പറഞ്ഞത്. 'സൃഷ്ടിക്കപ്പെട്ടവൻ' (مخلوق) എന്നല്ല. അപ്രകാരം തന്നെയാണ് "ആദം ആത്മാവിനും ദേഹത്തിനുമിടയിലായിരുന്നപ്പോൾ ഞാൻ നബിയായിരുന്നു"

എന്ന വചനവും. (അഹ്മദ്. അൽബാനി പ്രബലമാണെന്ന് അംഗീകരിച്ചു)

എന്നാൽ "സൃഷ്ടിപ്പിൽ ഞാൻ ഒന്നാമത്തെ പ്രവാചകനാണ്. നിയോഗത്തിൽ അവസാനത്തെയാളും" എന്ന ഹദീസ് ബലഹീനമാണ്. ഇബ്നു കഥീറും, മനാവിയും, അൽബാനിയും ഇത് പ്രസ്താവിച്ചിട്ടുണ്ട്.

മാത്രമല്ല ഉപരിസൂചിതമായ ഖുർആനിക വചനങ്ങളോടും പ്രബലമായ ഹദീസുകളോടും അത് വിയോജിക്കയും ചെയ്യുന്നു. ബുദ്ധിയോടും യാഥാർത്ഥ്യത്തോടും നിരക്കാത്തതുമാണ് അത്. ആദമിന് മുമ്പ് ഒരു മനുഷ്യനും ജനിച്ചിട്ടില്ല.

"മുഹമ്മദിന്റെ പ്രകാശത്തിൽ നിന്നാണ് വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടത്" എന്നതാണ് മറ്റൊരു വാദം. മറ്റു വസ്തുക്കൾ എന്നതിൽ ആദമും, പിശാചും, മനുഷ്യനും, ജിന്നും, മൃഗങ്ങളും, പ്രാണികളും, അണുക്കളുമെല്ലാം ഉൾപ്പെടുന്നു. ഇത് ഖുർആനിനോട് യോജിക്കാത്ത വാദമാണ്. ആദം മണ്ണിൽനിന്നും, പിശാച് അഗ്നിയിൽനിന്നും, മനുഷ്യർ ബീജത്തിൽനിന്നും സൃഷ്ടിക്കപ്പെട്ടുവെന്നാണ് ഖുർആൻ പ്രസ്താവിക്കുന്നത്.
മുഹമ്മദ് (സ)യുടെ വചനത്തിനോടും ഈ വാദം യോജിക്കുന്നില്ല. അവിടുന്നു പറഞ്ഞു: "മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ജിന്നുകൾ അഗ്നി ജ്വാലയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. ആദമിനെ നിങ്ങളോടു പറഞ്ഞിട്ടുള്ള വസ്തുവിൽ നിന്നും സൃഷ്ടിച്ചു. (മുസ്ലിം)

മാത്രമല്ല ഈ വാദം ബുദ്ധിയോടൊ, അനുഭവത്തോടൊ യോജിക്കുന്നതുമല്ല. മനുഷ്യരും ജന്തുക്കളും സന്താനോല്പാദനത്തിലൂടെയാണ് സൃഷ്ടിക്കപ്പെടുന്നത്. ക്ഷുദ്ര പ്രാണികളും ജന്തുക്കളും നബി(സ)യുടെ പ്രകാശത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവയാണെങ്കിൽ അവയെ കൊല്ലൽ അനുവദനീയമാകുമോ? സർപ്പം, പാമ്പ്, ഈച്ച, കൊതുക്, പല്ലി തുടങ്ങിയ ഉപദ്രവങ്ങളായ ജീവികളെ കൊല്ലാൻ നമ്മോട് ആജ്ഞാപിക്കപ്പെട്ടത് എങ്ങിനെ?

"ഓ ജാബിർ, ആദ്യമായി സൃഷ്ടിക്കപ്പെട്ടത് നിന്റെ നബിയുടെ പ്രകാശമാണ്" എന്ന ഹദീസ് സത്യമാകാം എന്ന പ്രസ്താവനയും അസ്ഥാനത്താണ്. കാരണം ആ ഹദീസ് നബി(സ)യുടെ മേൽ കെട്ടിച്ചമച്ചതാണ്. ആദ്യമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ആദമാണെന്നും, ആദ്യം സൃഷ്ടിക്കപ്പെട്ട വസ്തു "ഖലമാ" ണെന്നും നാം മനസ്സിലാക്കി.
മുഹമ്മദ് (സ)ആദമിന്റെ സന്തതിയാണ്. പ്രകാശസൃഷ്ടിയല്ല. നമ്മെപോലുള്ള ഒരു മനുഷ്യനാണ് അദ്ദേഹം. എന്ന് ഖുർആൻ പ്രസ്താവിക്കുന്നു. അല്ലാഹു അദ്ദേഹത്തിനു വഹ്യും (ദിവ്യബോധനം) പ്രവാചകത്വവും നല്കി, അദ്ദേഹത്തെ ഒരു പ്രകാശമായല്ല ജനങ്ങൾ ദർശിച്ചത്. ഒരു മനുഷ്യനായാണ് അദ്ദേഹം കാണപ്പെട്ടത്. അതിനാൽ ഈജിപ്തുകാരൻ ശരിയാണെന്ന് പറഞ്ഞ ഹദീസ് വ്യാജമാണെന്ന് പണ്ഡിതർ പ്രസ്താവിച്ചു.

**3.** അല്ലാഹു തന്റെ സ്വന്തം പ്രകാശത്തിൽനിന്ന് വസ്തുക്കളെ സൃഷ്ടിച്ചു എന്നവാദവും നിരർത്ഥകമാണ്. ചില സൂഫികൾ ഈ വാദം ഉന്നയിച്ചിട്ടുണ്ട്. ശഅറാവി തന്റെ ഒരു കൃതിയിൽ എഴുതുന്നു. "തന്റെ പ്രഭയിൽ നിന്ന് അല്ലാഹു വസ്തുക്കളെ സൃഷ്ടിച്ചു എന്ന് നാം ഗ്രഹിച്ചാൽ അത് ശരിയാണ്. അല്ലാഹു അവന്റെ പ്രകാശത്തിൽ നിന്ന് വസ്തുക്കളെ സൃഷ്ടിച്ചു. അഥവാ

അവൻെറ പ്രകാശത്തിൽ നിന്നാണ് പദാർത്ഥങ്ങൾ സൃഷ്ടിക്കപ്പെട്ടത്.

ഈ വാദത്തിന് ഖുർആനിൻെറയോ, ഹദീസിൻെറയോ ബുദ്ധിയുടെയോ പിൻബലമില്ല. അവയിലെല്ലാം പറഞ്ഞത് നേരെ വിവരിച്ചിട്ടുണ്ട്. ആദമിനെ കളിമണ്ണിൽ നിന്ന് അല്ലാഹു സൃഷ്ടിച്ചു. പിശാചിനെ അഗ്നിയിൽനിന്നും, മനുഷ്യനെ ഇന്ദ്രിയ സ്ഖലിതത്തിൽ നിന്നുമാണ് സൃഷ്ടിച്ചത്. ഇതെല്ലാം ശഅ്റാവിയുടെ വാദത്തെ നിരാകരിക്കുന്നു.

അദ്ദേഹത്തിൻെറ വാദമനുസരിച്ച് എല്ലാം സൃഷ്ടിക്കപ്പെട്ടത് അല്ലാഹുവിൻെറ പ്രഭയിൽനിന്നാണ്. അപ്പോൾ അതിൽ വാനരരും, പന്നികളും, സർപ്പങ്ങളും, തേളുകളും, രോഗാണുക്കളും ഇതര ക്ഷുദ്ര ജീവികളും ഉണ്ടായിരിക്കുമല്ലോ! എങ്കിൽ അവയെ നാം എന്തിനു നശിപ്പിക്കുന്നു?

സൂഫികളുടെ ഈദൃശ്യ വികല വിശ്വാസങ്ങളിൽനിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. അവ ഖുർആനിനും പ്രവാചക പുംഗവൻെറ(സ) വചനങ്ങൾക്കും വിരുദ്ധമാണ്. ബുദ്ധിയോടും അനുഭവത്തോടും അവയോജിക്കുന്നവയുമല്ല. അവ മനുഷ്യനെ അവിശ്വാസത്തിലേക്കാണ് നയിക്കുക.

നാഥാ, നീ ഞങ്ങൾക്ക് സത്യം മനസ്സിലാക്കിത്തരികയും അതിനെ പിന്തുടരാൻ അനുഗ്രഹിക്കുകയും ചെയ്യേണമേ. തിന്മയെ നീ ഞങ്ങൾക്ക് ബോധ്യപ്പെടുത്തി തരികയും അതിനെ ഉപേക്ഷിക്കാൻ ഞങ്ങളെ പ്രേരിതരാക്കുകയും ചെയ്യേണമേ.

ഞങ്ങളെ നബി(സ)യുടെ ചര്യയെ അനുധാവനം ചെയ്യുന്നവരാക്കേണമേ...

# أركان الإسلام والإيمان
## من الكتاب والسنة الصحيحة

إعداد :

**محمد بن جميل زينو**

(المدرس في دار الحديث الخيرية بمكة المكرمة)

ترجمة إلى اللغة المليبارية

**محمد علي إبراهيم السلمي**

تشرف بإعداد هذا الكتاب وترجمته

**المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة بالرياض**

تحت اشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد - الرياض - شارع السويدي العام

ص.ب ٩٢٦٧٥ الرياض ١١٦٦٣

هاتف : ٤٢٤٠٠٧٧ - فاكس : ٤٢٥١٠٠٥

يسمح بطبع هذا الكتاب بإذن خطي مسبق من المكتب

إذا كان لديك أي ملحوظات يرجى الاتصال بالمكتب

# أركان الإسلام والإيمان

## من الكتاب والسنة الصحيحة

إعداد

**محمد بن جميل زينو**

(المدرس في دار الحديث الخيرية بمكة المكرمة)

مليباري - ٢٧٣

قام بترجمته إلى اللغة المليالم

**شعبة دعوة وتوعية الجاليات بمحافظة الخرج**

ردمك: ٧-١٠-٨٢٨-٩٩٦٠

The Co-operative office for Call & foreigners Guidance at Sultanah

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة

تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

E-mail : Sultanah22@hotmail.com